भारत सरकार
GOVERNMENT OF INDIA
राष्ट्रीय पुस्तकालय, कलकत्ता।
NATIONAL LIBRARY, CALCUTTA.

वर्ग संख्या
Class No. Mal 951'05
पुस्तक संख्या
Book No. Sn 11'1 C
रा० पु०/ N. L. 38.

MGIPC-S4—9 LNL/66—13-12-66—1,50,000.

ചൈനയുടെ സുദീർഘവിപ്ളവം

എഡ്ഗാർ സ്നോ മിസ്സൗറി സ്വദേശിയാണ്. ഇരുപത്തിരണ്ടുവയസ്സിൽ അദ്ദേഹം വിദൂര പൂർവദേശത്ത് പോയി. ചൈനക്കു മുകളിൽ ചെമപ്പു താരം എന്ന പുസ്തകം എഴുതുന്നതിനു മുമ്പ് അദ്ദേഹം ഏഴുകൊല്ലം ചൈനയിൽ താമസിക്കുകയും ഭാഷയും രാജ്യത്തെയും പഠിക്കുകയും യെൻചിങ്ങ് സർവകലാശാലയിൽ പഠിപ്പിക്കുകയും ചെയ്തിട്ടുണ്ട്. അദ്ദേഹത്തിന്റെ വിദ്യാർഥികളിൽ പലരും ഇന്ന് ചൈനയുടെ നേതാക്കളാണ്. ഏഷ്യയിൽ അദ്ദേഹം ചിക്കാഗൊ ട്രിബ്യൂൺ, ന്യൂയോർക്സൺ, ന്യൂയോർക് ഹെറാൾഡ് ട്രിബ്യൂൺ, ലണ്ടൻ ഡെയ്ലി ഹെറാൾഡ് എന്നീ പത്രങ്ങൾക്കുവേണ്ടി പണിയെടുത്തു. രണ്ടാം ലോകമഹായുദ്ധകാലത്ത് അദ്ദേഹം സാററർഡെ ഈവനിങ്ങ് പോസ്ററിന്റെ അസോഷിയേററ് എഡിററും യുദ്ധലേഖകനും ആയിരുന്നു. യുദ്ധത്തിനുശേഷം അദ്ദേഹം പോസ്ററിന്റെ ഏററവും ശ്രദ്ധിക്കപ്പെടുന്ന ചൈന, ഇന്ത്യ, യു എസ് എസ് ആർ വിദഗ്ധനായിത്തീർന്നു. അദ്ദേഹം പത്തുപുസ്തകങ്ങൾ എഴുതിയിട്ടുണ്ട്. The Battle for Asia, People on Our side, Journey to the Beginning എന്നിവ അക്കൂട്ടത്തിൽ പെടുന്നു. എഡ്ഗാർ സ്നോ 1972ൽ അന്തരിച്ചു.

എന്റെ ഭർത്താവിനെ അകമഴിഞ്ഞ് സഹായിക്കുകയും പരിചരിക്കുകയും ചെയ്ത ചൈനീസ് ജനകീയ റിപ്പബ്ളിക്കിലെ ഡോക്ടർമാർക്കും നഴ്സുമാർക്കും ഈ സ്നേഹവും ശ്രദ്ധയും ലഭ്യമാക്കിത്തന്ന ചെയർമാൻ മാവോ സെ തുങ്ങിനും പ്രീമിയർ ചു എൻ ലായിക്കുമായി ഞാൻ ഈ പുസ്തകം സമർപ്പിക്കുന്നു.

— ലോയിസ് വീലർ സ്നോ

എഡ്ഗാർ സ്നോ

Snow, Edgar

ചൈനയുടെ സുദീർഘ വിപ്ളവം

തർജ്ജമ

കെ. കെ. കൃഷ്ണകുമാർ

CALCUTTA

ചിന്ത പബ്ളിഷേഴ്സ്
തിരുവനന്തപുരം
വില 13 രൂപ 50 പൈസ

13/50
National Library, Calcutta,
Delivery of Books Act, 1954
23 MAR 1978

CINAYUTE SUDEERKHA VIPLAVAM ○ MALAYALAM TRANSLATION OF EDGAR SNOW'S CHINA'S LONG REVOLUTION ○ TRANSLATED BY K. K. KRISHNAKUMAR ○ PUBLISHED BY CHINTHA PUBLISHERS MARCH 1978 ○ DISTRIBUTED BY DESHABIMANI BOOK HOUSE, TRIVANDRUM ○ PRINTED AT AYYPPA PRESS, TRIVANDRUM ○ COVER : PRASAD
PRICE : RS. THIRTEEN & PAISE FIFTY

Mal
951.05
Sn117c

Chintha Publishers record their gratitude to Lois Wheeler Snow who has kindly given them permission to publish the book in malayalam.

NATIONAL LIBRARY
NO. 18223
DATE 28/3/78
CALCUTTA

വിതരണം: **ദേശാഭിമാനി ബുക്ക് ഹൗസ്**
തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ,
എറണാകുളം, കോട്ടയം, തൃശ്ശൂർ
കോഴിക്കോട്ട്, കണ്ണൂർ.

CO-73-126 DL. 56

ഭാഗം ഒന്ന്: ഒരു വ്യത്യസ്ത രാജ്യം

1	തീൻ അൻമെന്നിലെ കൂടിക്കാഴ്ച	17
2	ചൂവിൽ നിന്നു ലഭിച്ച സൂചന	23
3	സാംസ്കാരിക വിപ്ളവത്തിന്റെ സത്ത	33
4	സാധാരണക്കാരൻ വാങ്	48

ഭാഗം രണ്ട്: ആരോഗ്യശുശ്രൂഷയും ജനനനിയന്ത്രണവും

5	ഗർഭച്ഛിദ്രവും അക്യുപങ്ചറും	58
6	എന്താണ് അക്യുപങ്ചർ?	64
7	സെക്സും ജനസംഖ്യാശാസ്ത്രവും	75
8	ചില പ്രത്യേക സാഹചര്യങ്ങൾ	89
9	ആദ്യം ഗ്രാമപ്രദേശങ്ങളിൽ ഊന്നുക	94

ഭാഗം മൂന്ന്: മഹത്തായ തൊഴിലാളിവർഗ സാംസ്കാരിക വിപ്ളവം

10	വ്യക്തിപ്രഭാവം ആറുന്നു	107
11	സംസ്കാരം	117
12	പ്രചാരണം വഴിയുള്ള ഗ്രന്ഥാലോചന	132
13	തുറന്ന യുദ്ധം	144

ഭാഗം നാല്: സൈന്യം, പാർടി, ജനങ്ങൾ

14	സൈനികസ്വേച്ഛാധിപത്യമോ?	158
15	'ജനങ്ങളെ സേവിക്കൽ'	169
16	സായുധസേന നിർമാണപ്രവർത്തനത്തിൽ	177
17	ആലീസ് നന്നിവാനിൽ	187
18	സായുധസേനയും ജനങ്ങളും	204

ഭാഗം അഞ്ച്: ജനകീയ കമ്യൂണുകൾ

19	തുടക്കം	217
20	ഹൃദയസ്പൃക്കായ ഒരു യാത്ര	221
21	ധനികരും ദരിദ്രരും	229
22	ഭൂതവും ഭാവിയും	232

ഭാഗം ആറ്: പ്രധാനമന്ത്രിയുമൊത്ത് ഒരു രാത്രി

23	ചൂ എൻ ലായും തുറന്ന വാതിലും	237

ഭാഗം ഏഴ്: ചെയർമാനൊത്തൊരു പ്രാതൽ

24 മാവോ സെ ത്തുങ്ങുമായി ഒരു സംഭാഷണം 255

ഭാഗം എട്ട്: നിക്സൺ നിരോധിത നഗരത്തിലേക്ക്

25 പ്രബലസ്ഥാനത്തു നിന്നുകൊണ്ട് 271

അനുബന്ധം

മലകൾക്കു തെക്ക്, കടലുകൾക്ക് വടക്ക് 289

ചൂ എൻ ലായുമായി നടത്തിയ
സംഭാഷണങ്ങൾ 1964 339

ചൈനീസ് കമ്യൂണിസ്റ്റ് പാർടി
കേന്ദ്രക്കമ്മിററിയുടെ പതിനൊന്നാം പ്ളീനം
പാസ്സാക്കിയ പ്രമേയങ്ങൾ 360

ചൈനീസ് കമ്യൂണിസ്റ്റ്
പാർടിയുടെ ഭരണഘടന 376

ഭാഗം ഒന്നു്

ഒരു വ്യത്യസ്ത രാജ്യം



മേലെ ചൈനീസ് ചെമ്പ്പ്പ്സേന 1930 കളിൽ

താഴെ നന്നിവാനിൽ ഒരു ദിവ്സത്തെ വേലെ (അ. 17 നോക്കുക)



മേലെ നാന്നിവാനിലെ മേയ്7 സ്ക്കൂൾ

താഴെ വീട്ടമ്മമാരുടെ കമ്യൂൺ – ലിയവോനിങ്ങ് (മഞ്ചൂറിയ)

മേലെ മിൻ ഹോങ്ങിൽ അതിരാവിലെ — ഷാങ്ങ്ഹായ്ക്ക് സമീപമുള്ള പുതിയ പാർപ്പിടമേഖല

താഴെ ഒരു കുടുംബം സ്വന്തം വീടിനു മുമ്പിൽ — യെല്ലോ റിഡ്ജ് കമ്യൂൺ

മേലെ കമ്യൂണിലെ വിദ്യാർഥിതൊഴിലാളികൾ -- പഠിപ്പുവേള

താഴെ ഒരു ഫാക്ടറിയിലെ ഉച്ചഭക്ഷണസമയം--ആവിപറക്കുന്ന അപ്പം

മേലെ ഗ്രാമപ്രദേശത്തു് പ്രചാരത്തിലുള്ള 3 ചക്രമുള്ള ട്രക്കു്

താഴെ മിക്കപ്പോഴും അക്യുപങ്ചർ ആണു് ഗർഭഛിദ്രത്തിൻെറ അനസ്തീഷ്യ



മേലെ കാൻറണിന് സമീപമുള്ള പൂ കൃഷി കമ്യൂണിൽ– ഹ്സിൻ ഹ്സുവ - നഗ്നപാദ ഡോക്ടർ

താഴെ പുതുതായി നിർമിച്ച വ്യോമാക്രമണഷെൽട്ടറിനു മുമ്പിൽ കൊച്ചുപയനീറുകൾ

തീൻഅൻമെന്നിലെ കൂടിക്കാഴ്ച

ഒക്ടോബറിലെ പ്രസന്നമായ ഒരു പ്രഭാതം. പെക്കിങ്ങ് നഗരം ചൈനീസ് ജനകീയ റിപ്പബ്ലിക്കിന്റെ ഇരുപത്തൊന്നാം വാർഷികം ആഘോഷിക്കാൻ അണിഞ്ഞൊരുങ്ങിയിരിക്കുന്നു. ഞാൻ തീൻഅൻമെൻ (സ്വർഗീയ സമാധാനകവാടം) സ്ക്വയറിലെ തിരക്കുനിറഞ്ഞ ബാൽക്കണിയിൽ ഇരിക്കുകയായിരുന്നു. പെട്ടെന്ന് തോളിൽ ആരോ തട്ടുന്നതുപോലെ തോന്നി. തിരിഞ്ഞുനോക്കിയപ്പോൾ കണ്ടത് പ്രധാനമന്ത്രി ചൂ എൻ ലായിയെയാണ്. അദ്ദേഹം എന്നെയും ഭാര്യ ലൂയിസ്സിനേയുംചെയർമാൻ മാവോയുടെ സമീപത്തേക്ക് ആനയിച്ചു. അവിടെ, ഏതാനും നിമിഷനേരത്തേക്ക് മാനവരാശിയുടെ നാലിലൊരു ഭാഗത്തോളം (അതോ അഞ്ചിലൊരു ഭാഗമോ!) വരുന്ന ചൈനീസ് ജനസമൂഹത്തിന്റെ മധ്യത്തിലായി ഞങ്ങൾ നിലയുറപ്പിച്ചു. ചൈനീസ് നേതാക്കൾ പരസ്യമായി ചെയ്യുന്ന കാര്യങ്ങൾക്കെല്ലാം വ്യക്തമായ എന്തെങ്കിലും ഉദ്ദേശമില്ലാതിരിക്കാറില്ല. ഇപ്പോഴും സുപ്രധാനമായ എന്തോ സംഭവിച്ചുകൊണ്ടിരിക്കുന്നുണ്ട് എന്നു തീർച്ചയാണ്. പക്ഷെ, എന്താണത്?

അഞ്ചുലക്ഷത്തോളം ആളുകൾ തിങ്ങിക്കൂടിയിട്ടുള്ള വിശാലമായ മൈതാനത്തിന്റെ ഒരറ്റത്ത് ഒരു ക്ലാറൻ ബോർഡുണ്ട്. അതിൽ, വളരെ അകലെ നിന്നുപോലും വായിക്കാൻ കഴിയും വിധം മാവോയുടെ ഒരു പ്രസ്താവന കാണാം. മാവോ 1970 മാർച്ച് 20ാംനു- നടത്തിയ പ്രസ്താവനയിൽ നിന്നുള്ള ചില ഉദ്ധരണികളാണ് അവ. ലോൺനോളിന്റെ നേതൃത്വത്തിൽ കംബോഡിയയിൽ നടന്ന സൈനിക അട്ടിമറിക്കും അയാളുടെ സഹായികളായ അമേരിക്കൻ കൂലിപ്പട്ടാളത്തിനുമെതിരായി

പ്രിൻസ് സിഹാനൂക്കിന്റെ നേതൃത്വത്തിൽ ഉയർന്നുവന്നിട്ടുള്ള പ്രതിരോധ പ്രസ്ഥാനത്തിനും, അമേരിക്കൻ സാമ്രാജ്യവാദികൾക്കും അവരുടെ സഖ്യകക്ഷികൾക്കുമെതിരായി ഇന്തോചൈനയിലെ ജനങ്ങൾ പടുത്തുയർത്തിയിട്ടുള്ള ചെറുത്തുനിൽപ്പിനും ചൈനീസ് ജനത തങ്ങളുടെ ഉറച്ച പിന്തുണ പ്രഖ്യാപിക്കുന്ന സന്ദർഭമായിരുന്നു അത്. ഈ മഹൽസന്ദർഭത്തിന്റെ ഗൗരവം കൂട്ടാനെന്നോണം ചെയർമാൻ മാവോയുടെ തൊട്ടടുത്ത് പ്രിൻസ് സിഹാനൂക്ക് നിലയുറപ്പിച്ചിട്ടുണ്ട്. അദ്ദേഹം പതിവുപോലെ പുഞ്ചിരി തൂകിക്കൊണ്ടിരുന്നു. കമ്പോഡിയയ്ക്കെതിരെ നടക്കുന്ന ആക്രമണത്തെ അപലപിക്കുന്ന അമേരിക്കക്കാർ ഞങ്ങൾ മാത്രമല്ല എന്ന് എന്റെ ഭാര്യ അഭിപ്രായപ്പെട്ടപ്പോൾ പുഞ്ചിരിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു, ''അമേരിക്കൻ ജനത ഞങ്ങളുടെ സുഹൃത്തുക്കളാണ്.''

''ലോകജനതകളെ, അമേരിക്കൻ ആക്രമണകാരികളേയും അവരുടെ ചോറ്റുപട്ടികളേയും ചെറുത്തുതോല്പിക്കുന്നതിന്നായി സംഘടിക്കുവിൻ''. മാവോയുടെ വാചകങ്ങളിലെ ആഹ്വാനമാണിത്.

ചൈനീസ് പ്രചാരണങ്ങളിലെ ഒരു സ്ഥിരം പ്രയോഗമാണ് 'ചോറ്റുപട്ടികൾ' എന്നത്. തികഞ്ഞ വിധേയത്വം കാണിക്കുന്ന അനുയായികൾ എന്ന അർഥത്തിലാണ് അത് പ്രയോഗിക്കപ്പെടുന്നത്.

ഞങ്ങൾ ബാൽക്കണിയിൽ നിൽക്കുന്ന പടം പിന്നീട് മാവോയുടെ എഴുപത്തിഏഴാം ജന്മദിനം പ്രമാണിച്ച് *ചിപ്പിൾസ് ഡെയ്‌ലി*യിൽ പ്രസിദ്ധീകരിക്കപ്പെടുകയുണ്ടായി. പടത്തിനു കീഴെയുള്ള വിവരണത്തിൽ ''ഒരമേരിക്കക്കാരൻ സുഹൃത്ത്'' എന്നാണ് ഹൃന്നെ വിശേഷിപ്പിച്ചിരുന്നത്. അതേ പത്രത്തിന്റെ വലത്തേമൂലയിൽ അന്നത്തെ ചിന്താവിഷയമായി (മാവോചിന്ത) കൊടുത്തിരുന്ന വാചകമിതാണ്; ''ലോകത്തിലെ എല്ലാ ജനതകളും, അമേരിക്കൻ ജനതയടക്കം, നമ്മുടെ സുഹൃത്തുക്കളാണ്''

ജനങ്ങളെ ഗവണ്മെന്റുകളിൽ നിന്നും അവയുടെ നയപരിപാടികളിൽ നിന്നും വേർതിരിച്ചുകാണാൻ ചെയർമാൻ മാവോ പ്രത്യേകം ശ്രദ്ധിക്കാറുണ്ട്. അത്തരമൊരു പരിശ്രമത്തിന്റെ

പ്രതീകമായിമാറാൻ, അതായത്, വിയത്നാമിനും മററ് ഇതരം ചൈനീസ് രാഷ്ട്രങ്ങൾക്കും നേരെ നടക്കുന്ന സായുധ ആക്രമണങ്ങൾക്കും നശീകരണ പ്രവർത്തനങ്ങൾക്കും എതിരായി നിലകൊള്ളുന്ന അമേരിക്കൻ പൗരന്മാരുടെ പ്രതിനിധിയായി മാറാൻ, എനിക്ക് സന്തോഷമേയുള്ളൂ. യഥാർഥത്തിൽ അന്ന്തീൻ അൻ മെൻ സ്ക്വയറിലെ ബാൽക്കണിയിൽ ഞാൻ സന്നിഹിതനായത് എന്തിനു വേണ്ടിയായിരുന്നു? ''ദുരന്തപര്യവസായിയായ ഒരു പമ്പര വിഡ്ഢിത്തത്തിന്റെ തുടക്കം'' എന്ന് ജനറൽ മാത്യു റിഡ്ജ്വെ ദീർഘദർശനം ചെയ്തിരുന്ന വിയത്നാമിലെ അമേരിക്കൻ ആക്രമണത്തെ, നിരന്തരമായി എതിർത്തുപോന്ന അമേരിക്കയിലെ അനേകമനേകം യുദ്ധവിരോധികളെ പ്രതിനിധീകരിച്ചുകൊണ്ട് ചൈനീസ് ജനതയുടെ അഭിവാദ്യം സ്വീകരിക്കുന്നതിനുവേണ്ടിയല്ലേ?

അതെ. പക്ഷെ അതിനുമാത്രമായല്ല....

മാവോയുടെ ഒരു കൈ തളർന്നുപോയിരിക്കുകയാണെന്നും തന്മൂലം കൈപ്പത്തി ഷർട്ടിന്റെ കൈയ്യുള്ളിൽ ഒളിപ്പിച്ചുവച്ചുകൊണ്ടാണ് അദ്ദേഹം പൊതുവേദികളിൽ പ്രത്യക്ഷപ്പെടുന്നത് എന്നുമൊക്കെ വിദേശപത്രങ്ങൾ തട്ടിമൂളിച്ചിരുന്നു. പക്ഷെ ഇത്തവണയും അദ്ദേഹം എന്റെ കൈ പിടിച്ചു കുലുക്കിയത് പഴയ ദാർഢ്യത്തോടു കൂടിയാണ് എന്ന കാര്യം ഞാൻ പ്രത്യേകം ശ്രദ്ധിച്ചു. അദ്ദേഹത്തിന്റെകൈയ്യ് എന്തെങ്കിലും തകരാറുള്ളതായി എനിക്ക് അനുഭവപ്പെട്ടതേയില്ല. മാത്രമല്ല, ഞാൻ കഴിഞ്ഞ തവണ (1965ൽ) കണ്ടതിനെ അപേക്ഷിച്ച് അദ്ദേഹം കൂടുതൽ ആരോഗ്യവാനായി കാണപ്പെടുകയും ചെയ്തു. കഴിഞ്ഞ തവണ ഞാൻ ചൈന സന്ദർശിച്ചപ്പോൾ അദ്ദേഹം ഒരു വിപ്ലവ നേതാവ് എന്ന നിലയ്ക്കുള്ള തന്റെ ജീവിതത്തിലെ ഏററവും നിർണായകവും ആപൽക്കരവുമായ ഒരു തീരുമാനം കൈകൊള്ളുവാൻ തയ്യാറെടുക്കുകയായിരുന്നു; താൻ തന്നെ പിൻഗാമിയായി നാമനിർദേശം ചെയ്തിരുന്ന ലിയു ഷാവോചിയേയും—അദ്ദേഹം ചൈനീസ് കമ്യൂണിസ്റ്റ് പാർടിയുടെ വൈസ് ചെയർമാനും ചൈനീസ് റിപ്പബ്ലിക്കിന്റെ ചെയർമാനുമായിരുന്നു—അധികാര സ്ഥാനങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് തുടലാളിത്ത മാർഗത്തിലേക്ക് നീങ്ങിക്കൊണ്ടിരുന്ന

Mal|951.05|Sn117e
മററു ചില പാർട്ടി അംഗങ്ങളേയും പുറംതള്ളാനും അവർക്കെതിരായി മഹത്തായ തൊഴിലാളിവർഗ സാംസ്കാരിക വിപ്ലവം പടുത്തുയർത്തുവാനും ഉള്ള തീരുമാനം.

മാവോ അതേക്കുറിച്ച് ചുരുക്കത്തിൽ ചില കാര്യങ്ങൾ പറഞ്ഞു. താഴെ വൈവിധ്യമാർന്ന അനേകം ഫ്ളോട്ടുകളും ടാബ്ലോകളും മുന്നോട്ട് നീങ്ങിക്കൊണ്ടിരുന്നു. എത്ര ഉജ്വലമായാണ് എല്ലാം സംവിധാനം ചെയ്യപ്പെട്ടിരിക്കുന്നത്! ചൈനയിലെ തൊഴിലാളികളും ബുദ്ധിജീവികളുമെല്ലാം ധരിക്കുന്ന വൈരസ്യമാർന്ന ദൈനംദിന വസ്ത്രങ്ങളിൽ നിന്ന് തികച്ചും വ്യത്യസ്തമായ, വർണപ്പകിട്ടുള്ള വേഷവിധാനങ്ങൾ. ഇരുപതിൽപരം വിഭിന്ന ഭാഷകൾ സംസാരിക്കുന്ന ചൈനയിലെ നാല്പത്തിയേഴ് വ്യത്യസ്ത ദേശീയ ജനവിഭാഗങ്ങളിൽ ഭൂരിഭാഗവും അവിടെ പ്രതിനിധീകരിക്കപ്പെട്ടിരുന്നു. ഇവർ, 75–80 കോടിയോളം വരുന്ന ചൈനയിലെ മൊത്തം ജനസംഖ്യയുടെ അഞ്ചോ ആറോ ശതമാനം വരും. ഉത്പാദനവും സേവനസന്നദ്ധതയും എന്നതായിരുന്നു അന്നത്തെ ചർച്ചാവിഷയം.

നീലയും ചാരയും കലർന്ന യൂണിഫോറങ്ങൾ ധരിച്ച ആളുകളെ എങ്ങുംകാണാം. പക്ഷെ, ആയുധങ്ങൾ കുറവായിരുന്നു ആൺകുട്ടികളും തലമുടി കുതിരവാലുപോലെ കെട്ടിവച്ച പെൺകുട്ടികളും അടങ്ങുന്ന കുമാരസേനയിൽ പെട്ടവരുടെ കയ്യിൽ മാത്രമാണ് ആയുധങ്ങൾ കാണാമായിരുന്നത്.

ചെയർമാൻ മാവോയുടെ പ്രവർത്തനങ്ങൾ, നിർദേശങ്ങൾ എന്നിവയുടെ മഹത്വം ഉൽഘോഷിക്കുന്ന കാര്യത്തിൽ ഓരോ ടാബ്ലോയും മററുള്ളവയെ കവച്ചുവയ്ക്കുന്നപോലെ തോന്നി. ചൈനയിലെ ജീവിതത്തിൻെറ എല്ലാ മണ്ഡലങ്ങളിലും—കമ്മ്യൂണുകളിലും വ്യവസായ ശാലകളിലും സായുധസേനയിലും സാംസ്കാരിക മണ്ഡലങ്ങളിലുമെല്ലാം മാവോയുടെ നിർദേശങ്ങളും ഉപദേശങ്ങളും അനുവർത്തിക്കപ്പെടുന്നു. ഒരററത്ത് ചൈനീസ് തുർക്കിസ്ഥാനേയും മറേറ അററത്ത് വിയത്നാമിനോട് ചേർന്നു കിടക്കുന്ന ചൈനയുടെ തെക്കേ അതിർത്തിയേയും കൂട്ടിയിണക്കുന്ന റെയിൽവേലൈനിൻെറ അവസാന ഭാഗത്തിൻെറ നിർമാണം പൂർത്തിയായിക്കഴിഞ്ഞു എന്നുൽഘോഷിക്കുന്ന ടാബ്ലോയായിരുന്നു കൂട്ടത്തിൽ ഏററവും ഉജ്വലം.

National Library
Calcutta-27
18223 28/3/78

ഒരു ക്ലററൻ മലനിരയെ തുളച്ചുകൊണ്ടു് നിരവധി ടണലുകൾ. ടണലുകളെ പരസ്പരം ബന്ധിപ്പിക്കുന്ന പാലങ്ങൾ. അവയുടെ മുകളിലൂടെ ചീറിപ്പായുന്ന ഒരു തീവണ്ടി. ഇതായിരുന്നു ആ ടാബ്ലോയിലെ പ്രതിപാദ്യം. ടാബ്ലോകൾക്കു പുറമെ, എന്റെ തൊട്ടടുത്തു് നിന്നിരുന്ന മഹാനായ നേതാവിന്റെ—വിപ്ലവത്തിന്റെ പരിശുദ്ധി നിലനിർത്തുന്നതിനും അതിന്റെ ദിശ ഏതായിരിക്കണം എന്നു നിർണയിക്കുന്ന കാര്യത്തിൽ ജനങ്ങളെ മുമ്പെന്നത്തേക്കാളുമേറെ ഭാഗഭാക്കുകളാക്കുന്നതിനും വേണ്ടി ഒരു രണ്ടാം വിമോചനസമരം, സാംസ്കാരിക വിപ്ലവം, ആരംഭിക്കാൻ ആഹ്വാനം നൽകിയനേതാവിന്റെ—പൂർണരൂപ പ്രതിമകളും അർധകായ രൂപങ്ങളും (അവയിൽ ചിലത് ഭീമാകാരങ്ങളായിരുന്നു) ധാരാളമായി കാണാമായിരുന്നു.

"മാവോ ചുഹ്സി വൻസൂയി! മാവോ ചുഹ്സി വൻസൂയി വൻസൂയി! മാവോ ചുഹ്സി വൻസൂയി വൻസൂയി വൻസൂയി!"— ചെയർമാൻ മാവോ പതിനായിരം വട്ടം, പതിനായിരം വട്ടം പതിനായിരം വർഷം വാഴട്ടെ— എന്ന പല്ലവി താഴെ വീണ്ടും ആവർത്തിച്ചു കേൾക്കാറായി യുവാക്കളുടെ കൂട്ടം നിരവധിപേരുടെ കണ്ണുകൾ ആഹ്ലാദം കൊണ്ടു് നിറഞ്ഞു തുളുമ്പിയിരുന്നു.

"അതെങ്ങനെയിരിക്കുന്നു?", താഴെ ആരാധനാപൂർവം മാർച്ച് ചെയ്തു് മുന്നോട്ടുനീങ്ങുന്ന ജനസഞ്ചയത്തിനു നേരെ കൈകൾ ഉയർത്തി വീശുന്നതിനിടയിൽ എനിക്കു ചോദിക്കാതിരിക്കാൻ കഴിഞ്ഞില്ല. "താങ്കൾക്കിപ്പോൾ എന്തു *തോന്നുന്നു?*"

മാവോ മുഖംചുളിച്ചു. തലകുലുക്കികൊണ്ടു് അദ്ദേഹം പറഞ്ഞു, കാര്യങ്ങൾ ഭേദപ്പെട്ടിരിക്കുന്നു. പക്ഷെ, വേണ്ടത്ര തൃപ്തികരമായിക്കഴിഞ്ഞിട്ടില്ല ...എന്തർഥത്തിൽ? ഞാൻ വീണ്ടും ചോദിച്ചുവെങ്കിലും പുതുതായി ചില ആളുകൾ വന്നെത്തിയതു മൂലം ഞങ്ങളുടെ സംഭാഷണം തടസ്സപ്പെട്ടു. അച്ചദിവസങ്ങൾക്കുശേഷം സുദീർഘമായ മറെറാരു സംഭാഷണ മധ്യേ ഞാൻ ഇതേ ചോദ്യം ആവർത്തിച്ചു. അപ്പോൾ വ്യക്തിപൂജയെന്ന 'സൊല്ല'യെക്കുറിച്ചു് അദ്ദേഹം തുറന്നു് സംസാരിക്കുകയുണ്ടായി. ആ ഒക്ടോബർദിന പരേഡിന്റെ സമയത്തു്, തന്റെ 'ചിന്ത'കൾ ആവർത്തിച്ചുകൊണ്ടു് കൊടികളും പുഷ്പ

ങ്ങളും പേറി മുന്നോട്ടു നീങ്ങുന്ന കൈകളും തലകളുമായിരുന്നില്ല മാവോയുടെ മനസ്സിലുണ്ടായിരുന്നത്. അദ്ദേഹം മററു ചിന്തകളിൽ വ്യാപൃതനായിരുന്നു. പാർടിയും ഭരണകൂടമാകുന്ന മേൽപ്പുരയും പുനഃസംഘടിപ്പിക്കുന്നതു സംബന്ധിച്ചുള്ള പ്രശ്നങ്ങളെക്കുറിച്ച്, മുൻവർഷങ്ങളിൽ, സാംസ്ക്കാരിക വിപ്ലവകാലത്തു് നഷ്ടപ്പെട്ടുപോയ ഉൽപാദനത്തിന്റെ താളക്രമം പുനഃസ്ഥാപിക്കുന്നതു സംബന്ധിച്ച്, വിയത്നാം യുദ്ധം കഴിവതുംവേഗം അവസാനിപ്പിക്കുന്നതിനുള്ള മാർഗങ്ങളെക്കുറിച്ച്, ബാഹ്യലോകവും ചൈനയും തമ്മിലുള്ള ബന്ധങ്ങൾ കൂടുതൽ വ്യാപകമാക്കുന്നതു സംബന്ധിച്ച് .....റിച്ചാർഡ് നിക്സനുമായി സംഭാഷണം നടത്താനുള്ള സാധ്യതകളെക്കുറിച്ചും അന്നദ്ദേഹം ആലോചിച്ചിരുന്നുവോ? ആവോ?

അവിടെ, അമേരിക്കൻ ഐക്യനാടുകളിൽ ഒരുതരം കലാപം പൊട്ടിപ്പുറപ്പെട്ടിട്ടുണ്ട് അല്ലേ? അദ്ദേഹം എന്നോടു ചോദിച്ചു. അമേരിക്കയിലെ യുദ്ധവിരോധപ്രസ്ഥാനം—ഈ പ്രസ്ഥാനത്തെ, തന്റെ മെയ് 20ലെ പ്രസ്താവനയിൽ അദ്ദേഹം ശ്ലാഘിച്ചിരുന്നു – അദ്ദേഹത്തിന്റെ ശ്രദ്ധ ആകർഷിച്ചിരുന്നു. ഈ പ്രസ്ഥാനത്തിന്റെ രാഷ്ട്രീയ പ്രത്യാഘാതങ്ങളെക്കുറിച്ച് കൂടുതൽ അറിയാൻ അദ്ദേഹം ആഗ്രഹം പ്രകടിപ്പിച്ചു. പിരിയുമ്പോൾ അദ്ദേഹം പറഞ്ഞു: നമുക്ക് താമസിയാതെത്തന്നെ വീണ്ടും കാണാം.

2

ചുവിൽ നിന്നുലഭിച്ച സൂചന

എനിക്ക് രണ്ടുവട്ടം ചൈനയിൽ താമസിച്ച് ജോലിചെയ്യാൻ അവസരമുണ്ടായിട്ടുണ്ട്. ആദ്യം നാഷണലിസ്റ്റ്കളും കമ്യൂണിസ്റ്റുകാരും തമ്മിലുള്ള ആഭ്യന്തരയുദ്ധം പൊട്ടിപുറപ്പെട്ട ഘട്ടത്തിലും പിന്നീട് രണ്ടാംലോകമഹായുദ്ധത്തിന്റെ ഒരു ഘട്ടത്തിലും 1. ഇതിനുശേഷം 1960ലും 1964–65കാലത്തും ഞാൻ ചൈന സന്ദർശിക്കുകയുണ്ടായി. ഇപ്പോഴിതാ 1970ൽ വീണ്ടും ഞാനിവിടെ എത്തിയിരിക്കുന്നു. ഇത്തവണ, നടിയായ എന്റെ ഭാര്യ ലൂയിസ് വീലർ എന്റെ കൂടെയുണ്ട്. അവർ ചൈന സന്ദർശിക്കുന്നത് ഇതാദ്യമായാണ്. മുന്നവസരങ്ങളിലും എന്നോടൊപ്പം ചൈന സന്ദർശിക്കുവാൻ അവർക്ക് വിസലഭിച്ചിരുന്നു. പക്ഷെ അവരുടെ സന്ദർശനം 'ദേശീയതാല്പര്യത്തിന് നിരക്കാത്തതാണ്' എന്നുപറഞ്ഞ് അമേരിക്കൻ സ്റ്റേറ്റ് ഡിപ്പാർട്ടുമെന്റ് പാസ്പോർട്ട് തടഞ്ഞുവയ്ക്കുകയുണ്ടായി. ഇത്തവണ വാഷിങ്ടണിലെ അധികാരകേന്ദ്രങ്ങളുടെ അനുവാദങ്ങൾക്കൊന്നും കാത്തുനിൽക്കാതെതന്നെ അവർ എന്നോടൊത്ത് പുറപ്പെടുകയാണുണ്ടായത്.

1960ലും 1965ലും എനിക്കുതന്നെ ചൈന സന്ദർശിക്കാനുള്ള അനുമതി ലഭിച്ചത് എന്റെ പ്രസാധകർ വാഷിങ്ടണിലെ ഔദ്യോഗിക കേന്ദ്രങ്ങളിൽ വമ്പിച്ച സമ്മർദം ചെലുത്തിയതിന്റെ ഫലമായാണ്. എന്നിട്ടോ? ഞാൻ ചൈനയിൽ നിന്ന് അയച്ച റിപ്പോർട്ടുകളെല്ലാം തന്നെ ഔദ്യോഗിക വൃത്തങ്ങൾ അവഗണിക്കുകയാണുണ്ടായത്. പക്ഷെ, അത് മറ്റൊരു കഥയാണ്. ഉപകാരപ്രദമായ ചില വിവരങ്ങൾ ഉപയോ

1. ഒരു പത്രപ്രവർത്തകൻ എന്ന നിലയ്ക്ക്. Journey to the Beginning, Gollancz, 1959 എന്ന പുസ്തകം നോക്കുക.

ഗിച്ച് വാഷിങ്ടണിലെ നയരൂപീകരണ പ്രവർത്തനങ്ങളെ സ്വാധീനിക്കാനും അങ്ങനെ ജോൺ കെന്നഡി 1963ൽ തന്റെ സ്ഥാനാരോഹണ പ്രസംഗത്തിൽ സൂചിപ്പിച്ചതുപോലെ ''ചൈനയുമായി എല്ലാം ആദ്യം മുതൽ തുടങ്ങാനും'' (അദ്ദേഹം അക്കാര്യം അപ്പോഴത്തന്നെ മറന്നു. തന്റെ അധികാരം മുഴുവൻ അമേരിക്കയെ വിയത്നാം കാടുകളിൽ കരുക്കാൻ വേണ്ടി യാണല്ലോ അദ്ദേഹം വിനിയോഗിച്ചത്) ഞാൻ നടത്തിയ വിഫലശ്രമങ്ങളുടെ കഥ എന്റെ മുൻകാല ഗ്രന്ഥങ്ങളിൽ വിവരിച്ചിട്ടുണ്ട്. 2

ചൈന സന്ദർശിക്കാൻ അവസരം ലഭിച്ചിട്ടുള്ള വളരെച്ചുരുക്കം അമേരിക്കൻ സ്ത്രീകളിൽ ഒരാളാണ് ലൂയിസ്സ്. എന്റെ സ്വന്തം കണ്ണുകൾക്കു പുറമെ സംവേദനക്ഷമങ്ങളായ അവരുടെ സൂക്ഷ്മനേത്രങ്ങൾകൂടി ആ യാത്രയിലുടനീളം എന്നെ സഹായിക്കാനുണ്ടായിരുന്നു. ഞങ്ങൾ പെക്കിങ്ങിലെത്തിയത് ആഗസ്റ്റ് ആദ്യത്തിലാണ്. കൊടും ചൂടുകാലം. ഇക്കാലത്തെത്തെ ചൂടിന് ''നരിച്ചൂട്'' എന്നാണ് പെക്കിങ്ങ് വാസികൾപേരിട്ടിരിക്കുന്നത്. നഗരത്തിൽ നട്ടുപിടിപ്പിച്ചിരുന്ന ലക്ഷക്കണക്കിനു മരങ്ങളും ചുറ്റുപാടും വളർന്നുവന്നിരുന്ന കാടുകളും ഈ ചൂടിന്റെ ക്രൗര്യം ഒട്ടൊന്നു് ശമിപ്പിച്ചിരുന്നു.

സാംസ്കാരിക വിപ്ലവത്തിന്റെ ആരംഭം മുതൽ വിദേശികളെ ആരെയും പെക്കിങ്ങ് നഗരത്തിനു പുറത്തു് സഞ്ചരിക്കുവാൻ അനുവദിച്ചിരുന്നില്ല. വളരെക്കാലമായി ചൈനയിൽ തന്നെ താമസിച്ചുവരുന്നവരും ചൈനയോട് തികഞ്ഞ അനുഭാവമുള്ളവരുമായ വിദേശീയരെപ്പോലും 3 ഈ നിബന്ധനയിൽ നിന്നു് ഒഴിവാക്കിയിരുന്നില്ല. മുൻകാലങ്ങളിൽ സന്ദർശകകേന്ദ്രങ്ങളായി അറിയപ്പെട്ടിരുന്ന വൻമതിൽ, മിങ്ങ്ശവകു

---

2 Red China Today: The Other Side of the River, Penguin, 1970 The Other Side of the River Gollancz, 1963.

3 ഒരാൾക്കു മാത്രം ഈ നിരോധനം ബാധകമായിരുന്നില്ല. ചൈനയിലെ എന്റെ ഏററവും പഴയസുഹൃത്ത് റവിഅല്ലെ അദ്ദേഹം ന്യൂസിലാൻറുകാരനാണ് .ചൈനയിൽ ഏററവും കൂടുതൽ സഞ്ചരിച്ചിട്ടുള്ള ആളാണ് അദ്ദേഹം. സാംസ്കാരിക വിപ്ലവകാലത്തെ തന്റെ സഞ്ചാരങ്ങളെ അടിസ്ഥാനമാക്കി അദ്ദേഹം ഒരു പുസ്തകവും എഴുതിയിട്ടുണ്ട്.

ടീരങ്ങൾ, പടിഞ്ഞാറൻ മലകൾ എന്നിവിടങ്ങളിൽ മാത്രമല്ല. പെക്കിങ്ങിലെ മഹത്തായ മ്യൂസിയങ്ങൾ, കൊട്ടാരങ്ങൾ എന്നിവിടങ്ങളിൽ പോലും സന്ദർശകരെ നിരോധിച്ചിരുന്നു. ഞാൻ ലൂയിസ്സുമൊത്ത് ഈ പ്രദേശങ്ങളെല്ലാം ഒരിക്കൽകൂടി സഞ്ചരിച്ചുതുടങ്ങിയതോടെ നയതന്ത്രജ്ഞന്മാർക്കും വിദേശീയരായ താമസക്കാർക്കുമെല്ലാം ഒട്ടൊരാശ്വാസമായി— സംഘർഷം അയയുവാൻ തുടങ്ങിയിരിക്കുന്നതായി അവർക്ക് തോന്നിത്തുടങ്ങി. അവരുടെ തോന്നൽ തെററായിരുന്നില്ലതാനും.

ഏതാണ്ട് രണ്ടാഴ്ചക്കാലം മുഴുവൻ ഞങ്ങൾ രണ്ട് സർവകലാശാലകളിലായി കഴിച്ചുകൂട്ടി. രണ്ടും എനിക്ക് നേരത്തെ പരിചയമുള്ളസ്ഥലങ്ങളാണ്; യെൻചിങ്ങ് സർവകലാശാലയും സിംഹ്വാ എൻജിനിയറിങ്ങ്സ്കൂളും. യെൻചിങ്ങിൽ ഞാൻ മുൻപൊരിക്കൽ പഠിപ്പിച്ചിരുന്നു. ഇവിടെ വച്ച് സാംസ്കാരിക സംഘട്ടനങ്ങളുടെയും സർവകലാശാലകളിലെ സംഘർഷാവസ്ഥയുടേയും കാലഘട്ടത്തെക്കുറിച്ചുള്ള അനുഭവവിവരണങ്ങൾ കേൾക്കാൻ ഞങ്ങൾക്ക് അവസരം ലഭിച്ചു. അതുപോലെതന്നെ, റെഡ്ഗാർഡുകളുടെ ഉൽവേപരിണാമങ്ങളെക്കുറിച്ചും ഞങ്ങൾ പലതും ഗ്രഹിച്ചു. സർവകലാശാലാ സന്ദർശനത്തിനുശേഷം ഒരു ആധുനിക ആശുപത്രി, ഒരു ഗ്രാമീണ ആശുപത്രി, ഒരു തീവണ്ടി നിർമാണശാല, ഒരു സ്റ്റീൽമിൽ എന്നിവയും ഞങ്ങൾ സന്ദർശിക്കുകയുണ്ടായി.

ഇവിടങ്ങളിൽ നിന്ന് സാംസ്കാരിക വിപ്ലവത്തെ സംബന്ധിച്ചുള്ള മററു പല വിവരങ്ങളും ശേഖരിക്കുവാൻ ഞങ്ങൾക്ക് കഴിഞ്ഞു. പിന്നീട് ഞങ്ങൾ ചൈനയുടെ വടക്കുപടിഞ്ഞാറു ഭാഗത്തുള്ള ഷെൻഷി സംസ്ഥാനം സന്ദർശിച്ചു. അതിന്റെ തലസ്ഥാനമായ സിയാനിൽനിന്ന് ഞങ്ങൾ യുദ്ധകാലത്തെ വിഖ്യാത ഗറില്ലാ കേന്ദ്രമായ യെനാനിലേക്ക് തിരിച്ചു. അവിടെ നിന്ന് പടിഞ്ഞാറോട്ട് പാവോ ആനി (ത് സെ ദൻ) ലേക്കും. 1945ന് ശേഷം ഇവിടം സന്ദർശിക്കുന്ന ആദ്യത്തെ വിദേശികൾ ഞങ്ങളാണ്. അവിടത്തെ മലമ്പ്രദേശങ്ങളും ഞങ്ങൾ സന്ദർശിക്കുകയുണ്ടായി. ഈ മലകളിൽ വച്ചാണ് 1936ൽ ഞാൻ ആദ്യമായി മാവോയെ കാണുന്നത്. പക്ഷെ, അന്ന്, അധികാരികൾ അന്വേഷിച്ചുകൊണ്ടിരുന്ന ഒരു 'ചെങ്കൊള്ള

ക്കാരനായിരുന്നു അദ്ദേഹം[4]. ഇവിടെ സായുധസേനയുടെമേൽ നോട്ടത്തിലുള്ള ഒരു കൃഷിക്കളെവും ഒരു രാഷ്ട്രീയ ശിക്ഷണശാലയും ഞങ്ങൾ സന്ദർശിക്കേയുണ്ടായി. സിയാൻ പാർടിക്കമ്മററിയുടെ മുൻചെയർമാൻമാരിൽ ഒരാൾ, അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള ഒരു പന്നിവളർത്തൽകേന്ദ്രം ഞങ്ങൾക്ക് കാണിച്ചുതരികയുണ്ടായി. ഇവിടെനിന്ന് ഞങ്ങൾ വീണ്ടും സിയാനിലേക്കും അവിടെനിന്ന് തിരിച്ച് പെക്കിങ്ങിലേക്കും യാത്രയായി പെക്കിങ്ങിൽ തിയേററുകൾ കയറിയിറങ്ങിയും ഒന്നാന്തരം ആഹാരം ആസ്വദിച്ചും പഴയ സുഹൃത്തുക്കളുമായി സൊള്ളിയും കുറച്ചുനാളുകൾ കഴിച്ചുകൂട്ടി. പിന്നീട് വൻമതിലിനപ്പുറമുള്ള ചൈനയുടെ വടക്കുകിഴക്കൻ പ്രദേശങ്ങളിലേക്കായിരുന്നു യാത്ര. അവിടെ, നിരവധി വ്യവസായശാലകളും സായുധസേനയിലെ അക്യുപങ്ചർ വിദഗ്ധന്മാരുടെ മേൽനോട്ടത്തിൽ നടക്കുന്ന ഒരു ബഹുമുഖവിദ്യാലയവും പ്രസിദ്ധമായ ആൻഷൻ സ്റ്റീൽ കോംപ്ലക്സും സന്ദർശിക്കാൻ ഞങ്ങൾക്കവസരം ലഭിച്ചു. പിന്നീട്, അങ്ങ് തെക്കേ അററത്തുള്ള കാൻറണിൽ നടക്കുന്ന വ്യവസായമേള കണ്ടു. വീണ്ടും, കിഴക്കൻ തീരപ്രദേശങ്ങൾ, തേയിലച്ചെടികൾ വളർന്നുനിൽക്കുന്ന ചെക്യാങ്പ്രദേശം, ഷാങ്ഹായ്, ലോവർ യാങ്ട്സീ, നിരവധി കമ്യൂണുകൾ, സ്നേഹസമ്പന്നരായ ജനങ്ങൾ ...

ഫെബ്രുവരിയിൽ ചൈന വിട്ടുമുമ്പുള്ള ആറുമാസത്തിന്നിടയിൽ ഞാൻ പതിനൊന്നു കമ്യൂണുകൾ സന്ദർശിച്ചിരുന്നു. കഴിഞ്ഞ ഒരു ദശാബ്ധത്തിനിടയ്ക്ക് ഇവയടക്കം ചൈനയുടെ മുക്കിലും മൂലയിലുമുള്ള മുപ്പത്തിമൂന്ന് കമ്യൂണുകൾ സന്ദർശിക്കാൻ എനിക്ക് അവസരമുണ്ടായി. എല്ലായിടത്തും ഭൂമി പച്ചപ്പുതപ്പണിഞ്ഞുകിടക്കുന്നു. നല്ലതുപോലെ നിരപ്പാക്കി, തട്ടുകളായിത്തിരിച്ച കൃഷിക്കളങ്ങൾ ...പുതുതായി നട്ടുപിടിപ്പിച്ച ധാരാളം വൃക്ഷങ്ങൾ....ചൈന, വർഷങ്ങൾക്കുമുൻപ് മാവോ പ്രവചിച്ച പൂങ്കാവനരാഷ്ട്രത്തോട് കൂടുതൽ അടുത്തിരിക്കുന്നു എല്ലായിടത്തും ജനങ്ങൾ ഞങ്ങളെ ആശ്ചര്യപൂർവം നോക്കുന്നു

---

4 Red Star over China (ചൈനയ്ക്കു മുകളിൽ ചുവപ്പുതാരം), Gollancz, 1938. പരിഷ്ക്കരിച്ച പതിപ്പ്, 1939 കാണുക.

ണ്ടായിരുന്നു. വർഷങ്ങൾക്കുശേഷം അവർ ആദ്യമായിക്കാ ണുന്ന പാശ്ചാത്യരാണ് ഞങ്ങൾ.

ഇതെല്ലാം ''പിങ്ങ്പോങ്ങി''ന് ഏതാനും മാസങ്ങൾ ക്കു മുൻപായിരുന്നു. പ്രധാനമന്ത്രി ചൂ എൻ ലായ് എന്നെ വീണ്ടും ഒരിക്കൽ കൂടി സ്വാഗതം ചെയ്തു. അപ്പോഴേക്കും ''പിങ്ങ് പോങ്ങി''ന്റെ കാലമായിക്കഴിഞ്ഞിരുന്നു.

1970 ആഗസ്റ്റ് 18-ാം തീയതിയാണ് അത്ഭുതമായത്. വടക്കൻ കൊറിയയിലേയും ചൈനയിലേയും ടീമുകൾ പങ്കെടു ക്കുന്ന ഒരു ടേബിൾ ടെന്നീസ് മത്സരം കാണാനായി ഞങ്ങളെ ക്ഷണിച്ചിരുന്നു. പക്ഷെ നേരത്തെ മറ്റൊരു സൽക്കാരത്തിന് എത്താമെന്ന് സമ്മതിച്ചിരുന്നതുമൂലം മത്സരത്തിനുള്ള ക്ഷണം ഞങ്ങൾ നിരാകരിക്കുകയാണുണ്ടായത്. സൽക്കാരവേളയിൽ, പൊരിച്ച താറാവിറച്ചി അകത്താക്കിക്കൊണ്ടിരിക്കെ, എന്റെ സുഹൃത്തും മുൻപ് പല സാഹസിക യാത്രകളിലും എന്റെപങ്കാ ളിയുമായിരുന്ന[5] യാവോ വെയി ടെലഫോണിൽ വിളിച്ചു പറ ഞ്ഞു: ''ഒരു യാത്രയ്ക്ക് റെഡിയാവയിക്കൊള്ളൂ.'' അദ്ദേഹത്തിന്റെ ശബ്ദത്തിന് ഏതാണ്ടൊരു ആജ്ഞയുടെ ഛായയുണ്ടായിരുന്നു. പ്രധാനമന്ത്രിയുടെ നിർദേശമനുസരിച്ചായിരിക്കും അദ്ദേഹം വി ളിച്ചുപറഞ്ഞത് എന്ന് ഞാൻ ഊഹിച്ചു. എന്റെ ഊഹം ശരി യായിരുന്നു. ഞങ്ങൾ പുതുതായി നിർമിച്ച, 18000 പേർക്കി രിക്കാവുന്ന മനോഹരമായ ടേബിൾ ടെന്നീസ് സ്റ്റേഡിയ ത്തിൽ എത്തി. പീപ്പിൾസ് റിപ്പബ്ലിക്കിന്റെ വൈസ് ചെ യർമാൻ ടുങ്ങ് പീയു, പ്രിൻസ് സിഹാനൂക്, സുഡാനിയായ അദ്ദേഹത്തിന്റെ പത്നി, സായുധ സേനാനായകൻ ഹുവാങ്ങ് യുങ്ങ്ഷെങ്ങ്, വൈസ് ചെയർമാൻ ലീ സിയൻ നിയൻ മററനേകം പ്രമുഖ വ്യക്തികൾ എന്നിവരോടൊപ്പം ചൂ എൻ ലായിയും അവിടെ ഇരിക്കുന്നുണ്ടായിരുന്നു. ഞങ്ങൾ എത്തി അൽപ്പം കഴിഞ്ഞപ്പോഴേക്കും ചൂ തന്റെ സ്ഥാനത്തുനിന്നും അ പ്രത്യക്ഷനായി. അല്പനേരത്തിനുശേഷം ഞാൻ അവിടത്തെ സ്വീകരണ മുറികളിലൊന്നിലേക്ക് ആനയിക്കപ്പെട്ടു. ചൂ എ ന്നെയും പ്രതീക്ഷിച്ച് ഇരിക്കുന്നുണ്ടായിരുന്നു. എപ്പോഴത്തേയും പോലെ ചുറുചുറുക്കുള്ള ചൂ അദ്ദേഹത്തിന്റെ തലമുടി മനോഹ

[5] Red China Today എന്ന പുസ്തകം കാണുക.

വെള്ളിനിറമണിഞ്ഞു തുടങ്ങിയിരിക്കുന്നു. സമ്മർസ്യോർട്സ് ഷർട്ടും ചാരനിറമുള്ള സ്ലാക്കും വെള്ള സോക്സും ധരിച്ച എഴുപത്തിരണ്ടുകാരനായ ചൂ തികഞ്ഞ സൗഹാർദഭാവത്തോടെ എന്നെ സ്വാഗതം ചെയ്യുകയും യാത്രാപരിപാടികളെക്കുറിച്ച് അന്വേഷിക്കുകയും ചെയ്തു. ഏറെ താമസിയാതെ തന്നെ ഞങ്ങളുടെ സംഭാഷണം രാഷ്ട്രീയത്തെക്കുറിച്ചായി (ദൂതന്മാർ കളിസ്ഥലത്തുനിന്നും അപ്പോഴപ്പോൾ ഏററവും പുതിയ സ്കോർ വിവരങ്ങൾ അദ്ദേഹത്തിനെത്തിച്ചു കൊടുത്തുകൊണ്ടിരുന്നു. ഇത്തരം പരിപാടികളുടെ അവസാന ഭാഗമാണ് ഏററവും പ്രധാനം. മത്സരം അവസാനിച്ചു കഴിയുമ്പോൾ ചൈനീസ് നേതാക്കളും അവരുടെ അതിഥികളും താഴോട്ട് ഇറങ്ങിച്ചെന്ന് കളിക്കാരുടെ കൈപിടിച്ചു കുലുക്കി അവരെ അഭിനന്ദിക്കുകയും അവരോടൊപ്പം ഫോട്ടോകൾക്ക് നിന്നുകൊടുക്കുകയും ചെയ്യുന്നു).

സംഭാഷണമധ്യേ, ചൂ അമേരിക്കയെക്കുറിച്ച് നിരവധി ചോദ്യങ്ങൾ ചോദിക്കുകയുണ്ടായി ഒരു ഘട്ടത്തിൽ ക്ഷ്യയിൽ പുതിയ സൈനിക സന്നാഹങ്ങളെന്നും നടത്താൻ സാധ്യമല്ലാത്തവിധം ഗുരുതരമാണ് അമേരിക്കയിലെ ആഭ്യന്തര, സാമ്പത്തിക, രാഷ്ട്രീയപ്രശ്നങ്ങൾ എന്ന് കരുതുന്നുവോ എന്ന് അദ്ദേഹത്തോടു തിരിച്ചുചോദിക്കുവാൻ ഞാൻ പ്രേരിതനായി. പക്ഷെ, അദ്ദേഹം ആ ചോദ്യം എന്റെ നേർക്ക് തിരിച്ചെറിയുകയാണുണ്ടായത്. അതേസമയം ചൈന വടക്കൻ അതിർത്തികളിൽ രണ്ടാമതൊരു ഭീഷണി നേരിട്ടുകൊണ്ടിരിക്കുന്നകാര്യം ചൂ തന്നെ സൂചിപ്പിക്കുകയുമുണ്ടായി. അതിർത്തിയിൽ റഷ്യക്കാർ ഏതാണ്ട് പത്തുലക്ഷത്തോളം പട്ടാളക്കാരെ കൊണ്ടു നിർത്തിയിട്ടുണ്ട് എന്ന കാര്യം അദ്ദേഹം അനുസ്മരിച്ചു.

''ചൈന ഒരു 'ദെത്താന്തി'ന് തയാറാവുകയാണെങ്കിൽ, അമേരിക്കയുമായി ഒത്തുതീർപ്പിലാവാനാണോ അതോ റഷ്യയുമായി ഒത്തുതീർപ്പിലാവാനാണോ കൂടുതൽ എളുപ്പം?'' ഞാൻ ചോദിച്ചു

... ''ഇതേ ചോദ്യം ഞാൻ സ്വയം ചോദിച്ചുകൊണ്ടിരിക്കുകയാണ്'' എന്നായിരുന്നു ചൂവിന്റെ മറുപടി.

മത്സരത്തിന്റെ അവസാന സ്ലോർവ്വ്വ്വരങ്ങൾ എത്തിച്ചേർന്നതോടെ ഞങ്ങൾ ചർച്ച നിറുത്തി. എന്റെ അവസാനത്തെ ചോദ്യത്തിനുള്ള ഉത്തരം, അടുത്തതവണ കാണുമ്പോൾ വിശദീകരിക്കാം എന്ന് ചൂ വാഗ്ദാനം ചെയ്തു. കാപ്പികുടിച്ചു തീർത്തശേഷം മത്സരത്തിലെ വിജയികളേയും പരാജിതരേയും അഭിനന്ദിക്കുന്നതിന്നായി ഞങ്ങൾ മത്സരസ്ഥലത്തേക്ക് ചെന്നു.

ഒക്ടോബർ ഒന്നാംതീയതി വീണ്ടും ഞാൻ പ്രധാനമന്ത്രിയുമായി വളരെ ഹ്രസ്വമായ മറെറാരു കൂടിക്കാഴ്ച നടത്തുകയുണ്ടായി. അന്നദ്ദേഹം പറഞ്ഞത് ചൈനാ അമേരിക്കൻ ചർച്ചകൾ പുനരാരംഭിക്കുന്നതിൽ അമേരിക്കക്കാർ താൽപര്യം പ്രകടിപ്പിച്ചിട്ടുണ്ടെങ്കിലും ചൈനയ്ക്ക് അതിൽ അത്രവലിയ താൽപര്യം ഇല്ല എന്നായിരുന്നു. അതേമാസം അവസാനത്തിൽ ഞാനദ്ദേഹത്തെ വീണ്ടും കാണുകയുണ്ടായി. അന്ന് ഞാൻ കുറേ ചോദ്യങ്ങൾ അദ്ദേഹത്തെ ഏൽപ്പിച്ചിരുന്നു. ഇതേത്തുടർന്ന് നവംബർ 5-ാംതീയതി ഞാൻ പെക്കിങ്ങിൽ മടങ്ങിയെത്തിയശേഷം ''മഹത്തായ ജനകീയ ഹാളിലെ'' അതിമനോഹരമായ ''ഫ്ലക്കിയൻ'' മുറിയിൽവച്ച് അദ്ദേഹം എനിക്ക് നാലുമണിക്കൂർ നീണ്ടുനിന്ന സുദീർഘമായ ഒരു അഭിമുഖസംഭാഷണം നൽകി. പതിവുപോലെ അന്നും ചൂ സുപ്രധാനമായ നിരവധി കാര്യങ്ങൾ പറഞ്ഞു അതിൽ ഏററവും പ്രധാനപ്പെട്ട അഭിപ്രായപ്രകടനം പെക്കിങ്ങിൽ വച്ച് ചൈനയും അമേരിക്കയും തമ്മിൽ ഒരു ഉന്നതതല സംഭാഷണം നടക്കാനുള്ള സാധ്യതയെക്കുറിച്ചുള്ളതായിരുന്നു.

അമേരിക്കൻ ഐക്യനാടുകൾ തയ്വാനിൽ നിന്ന് സായുധസന്നാഹങ്ങളും യുദ്ധക്കപ്പലുകളും നീക്കംചെയ്യണം എന്നതായിരുന്നു, സംഭാഷണം ആരംഭിക്കുന്നതിനുള്ള ചൈനയുടെ ഏററവും പ്രധാന മുൻഉപാധി. 1960ൽ ചെയർമാൻ മാവോയുമായി ഞാൻ നടത്തിയ അഭിമുഖ സംഭാഷണം ഇവിടെ സ്മരണീയമാണ് ആ സംഭാഷണത്തിലെ വളരെ ചുരുക്കം ചില വാചകങ്ങൾ മാത്രം ഉദ്ധരിക്കാനേ അദ്ദേഹം എനിക്ക് അനുമതി നൽകിയിരുന്നുള്ളു പക്ഷെ അതിലെ കാതലായ ഭാഗം തയ്വാനെക്കുറിച്ചുള്ളതായിരുന്നു. അദ്ദേഹം ഇങ്ങനെ പറഞ്ഞു, ''ഞങ്ങൾ ലോകത്തെമ്പാടും സമാധാനം പുലർന്നു കാണാൻ

ആഗ്രഹിക്കുന്നു. ഞങ്ങൾ യുദ്ധമോഹികളല്ല. രാഷ്ട്രങ്ങൾ തമ്മിലുള്ള അഭിപ്രായവ്യത്യാസം പരിഹരിക്കുന്നതിനുള്ള ഒരു മാർഗമായി യുദ്ധം ഉപയോഗിക്കപ്പെടരുത് എന്നാണ് ഞങ്ങളുടെ അഭിപ്രായം. പക്ഷെ, സമാധാനം സംരക്ഷിക്കാനുള്ള ബാധ്യത ചൈനയുടേതുമാത്രമല്ല; അമേരിക്കയുടേതുകൂടിയാണ്.'' അദ്ദേഹം ഇത്രയും കൂടിപറഞ്ഞു: *തയ്വാൻ ചൈനയുടെ ആഭ്യന്തര പ്രശ്നമാണ്, ഇക്കാര്യത്തിൽ ഞങ്ങൾ യാതൊരു വിട്ടുവീഴ്ചക്കും തയ്യാറല്ല.*[6]

ചൂ എൻ ലായും ഇതേ അഭിപ്രായം 1960ലും 1955ലും എന്നോട് പറഞ്ഞിരുന്നു. ഇപ്പോഴും അതുതന്നെ അദ്ദേഹം ആവർത്തിച്ചു: ''തയ്വാൻ ചൈനയുടെ ആഭ്യന്തര പ്രശ്നമാണ് (അതുകൊണ്ട് ഈ പ്രശ്നം ചൈനാക്കാർ തന്നെ പരിഹരിക്കേണ്ടതാണ്). അമേരിക്കയുടെ സായുധ ആക്രമണങ്ങളാകട്ടെ, ഒരു അന്താരാഷ്ട്രീയ പ്രശ്നമാണ്. *അതേക്കുറിച്ച്* സന്ധി സംഭാഷണങ്ങൾ നടത്താൻ ഞങ്ങൾ ഒരുക്കമാണ്.

അദ്ദേഹം പുതിയ ചില വാർത്തകൾ കൂടി നൽകുകയുണ്ടായി. 1969ൽ പ്രസിഡൻറായി അധികാരമേറ്റെടുത്തപ്പോൾ ചൈനയുമായി ഒത്തുതീർപ്പ് സംഭാഷണങ്ങൾ നടത്താനും അങ്ങനെ ഒരു 'ദെത്താന്തി'നു വേണ്ടി യത്നിക്കാനും താൻ തയ്യാറാണെന്നു നിക്സൺ പ്രസ്താവിക്കുകയുണ്ടായി എന്ന കാര്യം ചൂ സൂചിച്ചു.

---

6 ചൈനയുടെ ഭാഗമായിരുന്ന തായ്വാൻ (ഫോർമോസ) 1895ൽ ജപ്പാൻ കീഴടക്കി. കെയ്റോവിലും (1943) പോസ്റ്റ്ഡാമിലും (1945) നടന്ന ഒത്തുതീർപ്പു സംഭാഷണങ്ങളിൽ വച്ച് ഈ പ്രദേശം ചൈനക്ക് തിരിച്ചു നൽകുമെന്ന് വാഗ്ദാനം ചെയ്യപ്പെട്ടിരുന്നു. 1949ൽ വിപ്ലവം നടന്നു കഴിഞ്ഞപ്പോൾ ചിയാങ്ങ് കൈഷെക്ക് തയ്വാനിൽ അഭയം പ്രാപിച്ചു. 1950ൽ പ്രസിഡൻറ് ട്രൂമാൻ തയ്വാനു ചുററും നാവിക പ്രതിരോധം ഏർപ്പെടുത്തി ചൈനയും തയ്വാനും ഒരുമിക്കുന്നത് തടഞ്ഞു. 1955ൽ പ്രസിഡൻറ് ഐസനോവർ ചിയാങ്ങുമായി തയ്വാനെ അമേരിക്കൻ സംരക്ഷിത പ്രദേശമായി അംഗീകരിക്കുന്ന ഉടമ്പടിയിലേർപ്പെട്ടു. തയ്വാന് ചൈനയുടെമേൽ പരമാധികാരമുണ്ടെന്ന ഭാവേന അമേരിക്ക നാഷനലിസ്റ്റ് ഗവൺമെൻറിനെ കയ്യയച്ച് സഹായിച്ചു. 1971വരെ ചിയാങ്ങിനെ ഐക്യരാഷ്ട്ര സമിതി അംഗമാക്കി ചൈനയെ അതിൽ നിന്ന് പുറത്തു നിറുത്തിയിരിക്കയായിരുന്നു.

മാത്രമല്ല, വാഴ്സാ നഗരം കൂടിക്കാഴ്ചക്ക് അനുയോജ്യമല്ല എന്ന് ചൈനയ്ക്ക് അഭിപ്രായമുണ്ടെങ്കിൽ പെക്കിങ്ങിൽ വച്ചു തന്നെ കൂടിക്കാഴ്ചകൾ നടത്തുന്നതിന് തങ്ങൾക്ക് സമ്മതമാണെന്നും നിക്സൻ അറിയിക്കുകയുണ്ടായി. ചൈനീസ് അധികൃതർ ആ ആശയം ശരി വയ്ക്കുകയും തയ്വാൻ പ്രശ്നം ചർച്ച ചെയ്യുന്നതിന് നിക്സന് ചൈന സന്ദർശിക്കുകയോ അതല്ലെങ്കിൽ ഒരു ദൂതനെ അയയ്ക്കുകയോ ചെയ്യാവുന്നതാണെന്ന് അറിയിക്കുകയും ചെയ്തു.

പക്ഷെ ഇതിന് നിക്സൺ മറുപടിയൊന്നും നൽകുകയുണ്ടായില്ല ഇതേത്തുടർന്ന് നിക്സൺെറ പ്രസ്താവനകളൊന്നും കാര്യമായി എടുക്കേണ്ടതില്ല എന്ന് ചൈന തീരുമാനിക്കുകയാണുണ്ടായത്.

''വാതിൽ ഇപ്പോഴും തുറന്നുകിടക്കുകയാണോ?'' ഞാൻ ചോദിച്ചു.

''വാതിൽ തുറന്നുതന്നെ കിടക്കുന്നു. പക്ഷെ, തയ്വാൻെറ കാര്യം അമേരിക്ക എത്രത്തോളം ഗൗരവമായി കണക്കാക്കുന്നു എന്നതിനെ ആശ്രയിച്ചിരിക്കും എല്ലാകാര്യങ്ങളും.'' ചൂ പറഞ്ഞു, ''ബാക്കിയുള്ളതെല്ലാം ഉപപ്രശ്നങ്ങളാണ്.''

അനുയോജ്യമൊരു ആ കുശലപ്രശ്നം അവസാനിച്ചു. സംഭാഷണമധ്യേ ലഭിച്ച മറ്റു ചില സൂചനകളിൽനിന്ന്, നിക്സൺെറ സമാധാനനീക്കത്തെ വെറുമൊരു സൂത്രമായാണ് ചൈനക്കാർ കണക്കാക്കുന്നത് എന്നകാര്യം എനിക്ക് വ്യക്തമായി. നിക്സൺെറ ദക്ഷിണ പൂർവേഷ്യയിലെ കുതന്ത്രങ്ങളെല്ലാം തന്നെ ചൈന സസൂക്ഷ്മം നിരീക്ഷിച്ചുകൊണ്ടിരിക്കുകയായിരുന്നു. അമേരിക്കൻ പ്രതിരോധ കേന്ദ്രങ്ങളുടെ പ്രമുഖ ഏറെറടുക്കാൻ കഴിയുംവിധം ജാപ്പനീസ് സായുധശക്തിവർധിപ്പിക്കാനും അതുപോലെ ചൈനയുടെ ചിലവിൽ റഷ്യയുമായി ബന്ധങ്ങൾ സ്ഥാപിക്കാനും നിക്സൺ ഭരണകൂടം നടത്തുന്ന പരിശ്രമങ്ങളും അവരുടെ ശ്രദ്ധയിൽ പെട്ടിരുന്നു. പ്രധാനമന്ത്രിതികച്ചും ഉള്ളതുറന്ന് സംസാരിച്ചു. എവിടെ വച്ചാണ് ഞങ്ങൾ തമ്മിലുള്ള അഭിമുഖസംഭാഷണം അവസാനിക്കുകയും തികച്ചും അനൗപചാരികമായ സംഭാഷണം (അത് അന്ന് പ്രസിദ്ധീകരിക്കാൻ പാടില്ലാത്ത വിഷയങ്ങളെക്കുറിച്ചായിരുന്നു) ആരംഭിക്കുകയും ചെയ്തതെന്ന് മനസ്സിലാക്കാൻ പ്രയാസമായിരുന്നു.

അഭിമുഖസംഭാഷണവേളയിൽ കുറിച്ചെടുത്ത നോട്ടുകളുടെ അടിസ്ഥാനത്തിൽ ഞാൻ ദീർഘമായ ഒരു റിപ്പോർട്ട് തയ്യാറാക്കി തിരുത്തുകൾക്കായി സമർപ്പിച്ചു. ഒരാഴ്ചക്കുശേഷം ലഭിച്ച, ഔദ്യോഗികമായി അംഗീകരിക്കപ്പെട്ട റിപ്പോർട്ടിൽ നിന്ന്, ചരിഞ്ഞ അക്ഷരത്തിൽ കാണിച്ചിരിക്കുന്ന വാചകങ്ങളും സൂചനകളുമെല്ലാം ഒഴിവാക്കിയിരുന്നു. അതേ ആഴ്ചയിലാണ് പാക്കിസ്ഥാൻ പ്രസിഡന്റ് യഹ്യാഖാൻ പെക്കിങ്ങിൽ എത്തിച്ചേർന്നത്. ഖാൻ നിക്സന്റെ ഒരു കത്തുമായാണ് എത്തിയിരുന്നത് എന്ന വസ്തുത എല്ലാവർക്കും അറിയാം. ഈ കത്തിലാണ് നിക്സൺ തന്റെ പെക്കിങ്ങ് സന്ദർശന പരിപാടിയെക്കുറിച്ച് ആദ്യമായി ഔപചാരികമായ സൂചന നൽകിയത്. തന്റെ സന്ദർശനത്തിനുമുൻപ് തയ്വാൻ പ്രശ്നത്തെക്കുറിച്ച് ചർച്ചചെയ്യാൻ അധികാരപ്പെട്ട ഒരു ദൂതനെ (ഹെൻറി കീസിംഗർ) പെക്കിങ്ങിലേക്ക് അയക്കുന്ന കാര്യവും കത്തിൽ സൂചിപ്പിച്ചിരുന്നു.

ഒന്നു രണ്ട് ആഴ്ചകൾക്കുശേഷം, താമസിയാതെ തന്നെ നിക്സന്റെ ദൂതൻ പെക്കിങ്ങിലെത്തുമെന്ന് മാവോ എന്നോട് സൂചിപ്പിക്കുകയുണ്ടായി.

എന്തുകൊണ്ടാണ് ഈ വിവരങ്ങളൊക്കെ എന്നെ അറിയിക്കാൻ ചൈനീസ് നേതാക്കൾ തയ്യാറായത്? ഞാൻ ആലോചിച്ചു നോക്കുകയായിരുന്നു. 1936ലും ഇതു പോലെ തന്നെ സംഭവിക്കുകയുണ്ടായി എന്ന വസ്തുത ഞാൻ ഓർമിച്ചു. അന്ന് വടക്കു പടിഞ്ഞാറൻ ചൈനയിലെ കമ്യൂണിസ്റ്റ് താവളങ്ങൾ സന്ദർശിച്ച് മടങ്ങുമ്പോൾ, ചിയാങ്ങ്കൈഷെക്കിന്റെ സഹസൈന്യാധിപനായ ചാങ്ങ് സ്യൂയി ലിയാങ്ങ് കമ്യൂണിസ്റ്റുകാരുമായി ഒരു രഹസ്യധാരണയിലെത്തിയിരുന്ന കാര്യം എനിക്കറിയാമായിരുന്നു. തന്റെ നേതാവിനെ ആഭ്യന്തരയുദ്ധം അവസാനിപ്പിക്കാൻ പ്രേരിപ്പിക്കാമെന്നും ജപ്പാൻകാർക്കെതിരെ ഒരു ഐക്യമുന്നണി കെട്ടിപ്പടുക്കാൻ സഹായിക്കാമെന്നുമായിരുന്നു ചിങ്ങ്സ്യൂയി ലിയാങ്ങിന്റെ വാഗ്ദാനം. അന്നും അവർ ആ രഹസ്യം എന്നെ അറിയിച്ചതിന് മറ്റൊരായ കാരണമുണ്ടായിരുന്നു.

3

സാംസ്കാരിക വിപ്ലവത്തിന്റെ സത്ത

പാർടി, ഭരണകൂടത്തിന്റെ മേൽപ്പുര എന്നിവയുടെ പുനസ്സംഘാടനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ ചെയർമാൻ മാവോ എത്രമാത്രം താത്പര്യം പ്രകടിപ്പിച്ചിരുന്നു എന്നകാര്യം ഞാൻ നേരത്തെ സൂചിപ്പിക്കുകയുണ്ടായല്ലോ. എന്തുകൊണ്ടാണ് ഇത്തരമൊരു പുനസ്സംഘാടനം ആവശ്യമായി വന്നത്? ഈ ചോദ്യം ഹ്രസ്വമാണെങ്കിലും സുദീർഘമായ വിശദീകരണമർഹിക്കുന്ന ഒന്നാണ്. അതേക്കുറിച്ച് വഴിയെ സൂചിപ്പിക്കുന്നുണ്ട്. ഈ ഘട്ടത്തിൽ മഹത്തായ സാംസ്കാരികവിപ്ലവത്തിന്റെ ചില അടിസ്ഥാനകാരണങ്ങളെക്കുറിച്ച് സൂചിപ്പിക്കുന്നത് നന്നായിരിക്കും. ചൈനീസ് ഗവണ്മെന്റിനെ തീവ്രമായി പിടിച്ചു കുലുക്കുകയും ചൈനീസ് കമ്യൂണിസ്റ്റ്പാർടി ആകെത്തന്നെ, താൽക്കാലികമായെങ്കിലും, പിരിച്ചുവിടാൻ കാരണമാവുകയും ചെയ്ത ഒരു പ്രസ്ഥാനമായിരുന്നല്ലോ അത്.

മാവോയുടെ നേതൃത്വത്തിലുള്ള വിപുലമായ ഈ ശുദ്ധീകരണം ആരംഭിച്ചത് 1966 മധ്യത്തിലാണ്. അത് 1969 ഏപ്രിൽവരെ നീണ്ടുനിൽക്കുകയും ചെയ്തു. അവശേഷിച്ച ജീവത്രപത്തെ 'പുതുരക്തം' ചേർത്ത് പ്രബലപ്പെടുത്തിക്കൊണ്ട് പുതിയൊരു കേന്ദ്രക്കമ്മററി ഒമ്പതാം പാർടി കോൺഗ്രസ്സിൽ വച്ച് തെരഞ്ഞെടുക്കപ്പെട്ടതോടുകൂടിയാണ് സാംസ്കാരികവിപ്ലവം പരിസമാപ്തിയിലെത്തിയത്. 1970 നവംബറിൽ ചൂ എൻ ലായ് എന്നോടുപറഞ്ഞത് അതിനകം പഴയ പാർടി അംഗങ്ങളിൽ 95ശതമാനം പേരെയും തിരിച്ചെടുത്തുകഴിഞ്ഞു

വെന്നാണ്[1]. തിരിച്ചെടുക്കപ്പെട്ടിരുന്നെങ്കിലും അവർക്കെല്ലാം പുതിയ ചുമതലകൾ ഏൽപ്പിച്ചുകൊടുത്തു കഴിഞ്ഞിരുന്നില്ല. പലരും ''സ്വരൂപം—പരിവർത്തനം—രൂപാന്തരണം'' എന്ന ശുദ്ധീകരണ പ്രക്രമത്തിലൂടെയുള്ള വിമോചനവും കാത്തിരിക്കുകയായിരുന്നു.

മാവോയുടെ ലക്ഷ്യങ്ങളിൽ ഒന്ന് 'ഭരണസംവിധാനം ലഘൂകരിക്കുകയും' അതുവഴി ഭരണകൂടത്തിലെ 'ഇരട്ടിപ്പണികൾ ഒഴിവാക്കുക'യും ചെയ്യുക എന്നതായിരുന്നു. സംസ്ഥാനതലങ്ങളിലും നഗരതലങ്ങളിലും വിപുലമായ തോതിൽ ലഘൂകരണം നടന്നിട്ടുള്ളതായി എനിക്ക് കാണാൻ കഴിഞ്ഞു. പക്ഷെ, പെക്കിങ്ങിലെ കേന്ദ്രഗവണ്മെൻറിൽ നടത്തിയ നേർപ്പിക്കൽ വളരെക്കുറഞ്ഞതൽ കർക്കശമായിരുന്നു. ഉദാഹരണമായി, 1971 ൻെറ ആദ്യത്തിൽ ചൂ എൻ ലായി തന്നെ എന്നോട് പറഞ്ഞത്, അദ്ദേഹത്തെ സഹായിക്കാൻ മുൻപുണ്ടായിരുന്ന ഏഴ് ഉപ പ്രധാനമന്ത്രിമാരുടെ സ്ഥാനത്ത് ഇപ്പോൾ കേവലം രണ്ടു പേർ മാത്രമേ ഉള്ളൂ എന്നാണ്.

ചൂ തുടർന്നു: ''മുൻപ് കേന്ദ്രഗവണ്മെൻറിൻെറ നേരിട്ടുള്ള ചുമതലയിൻ കീഴിൽ 90 പ്രത്യേകം ഡിപ്പാർട്ടുമെൻറുകൾ ഉണ്ടായിരുന്നു. ഇപ്പോൾ ആ സ്ഥാനത്ത് കേവലം 26 എണ്ണമേയുള്ളൂ. ഇവയെല്ലാം തന്നെ വിപ്ലവക്കമ്മിററികളുടെ നേതൃത്വത്തിലാണ് പ്രവർത്തിക്കുന്നത്. ഓരോ കമ്മിററിയുടേയും നേതൃത്വം വഹിക്കുന്നത് അതിലെ പാർട്ടി കേന്ദ്രമാണ്. നേരത്തെ കേന്ദ്രഗവണ്മെൻറിൻെറ ഭരണവിഭാഗത്തിൽ ഏതാണ്ട് 60000 പേരാണുണ്ടായിരുന്നത്. ''തൽസ്ഥാനത്ത് ഇപ്പോഴുള്ളത് കേവലം 10000 പേരാണ്'' ചൂ പറഞ്ഞു ഇങ്ങനെ പുറത്തുപോകേണ്ടിവന്ന കാഡറുകൾക്കെല്ലാം എന്തു സംഭവിച്ചു? പെക്കിങ്ങിൽ നിന്നുള്ളവരിൽ 80 ശതമാനത്തോളം പേർ ''മെയ് ഏഴ് സ്കൂളുകൾ'' [2] എന്നറിയപ്പെടുന്ന—1968 മെയ്

---

1 1966 ൻെറ ആദ്യത്തിൽ പാർട്ടിയിൽ ഏതാണ്ട് രണ്ടു കോടി അംഗങ്ങളുണ്ടായിരുന്നു. ഇവരിൽ 80 ശതമാനവും 1949 നു മുൻപ് റിക്രൂട്ട് ചെയ്യപ്പെട്ടവരാണ്.

2 അധ്യായം 17(ആലിസ് നാന്നിവാനിൽ) കാണുക.

7 ാം തീയതി മാവോ പുറപ്പെടുവിച്ച ഒരു നിർദേശത്തിൽ നിന്നാണ് ഈ പേർ ലഭിച്ചത്—ഗ്രാമകേന്ദ്രങ്ങളിലേക്കു പോയിരിക്കുന്നു. ഈ സ്കൂളുകളിൽ വച്ച് അവർ സോഷ്യലിസം, മാവോ ചിന്തകൾ എന്നിവയെ സംബന്ധിച്ചുള്ള പുനർവിദ്യാഭ്യാസത്തിന് വിധേയരാകുന്നു. അതോടൊപ്പംതന്നെ സ്വന്തം ജീവിതത്തിന് വകയുണ്ടാക്കുന്നവിധം കമ്യൂണുകളിൽ അധ്വാനിക്കുകയും ചെയ്യുന്നു. മിക്ക സ്ഥലങ്ങളിലും കന്നിനിലങ്ങളിൽ കൃഷിയിറക്കുന്ന ജോലിയിലാണ് ഇവർ വ്യാപൃതരായിരുന്നത്. കമ്യൂൺ സ്കൂളുകളിലേക്ക് അയക്കുക എന്നത് ഒരു ശിക്ഷയായല്ല, മറിച്ച് പാർടിക്കകത്തുള്ള പുനർവിദ്യാഭ്യസനമായാണ് കണക്കാക്കപ്പെട്ടിരുന്നത്. ഭാവിയിൽ സ്ഥിരമായ രാഷ്ട്രീയചികിത്സാ വിധിയുടെ ഒരു ഭാഗം എന്ന നിലയ്ക്ക് ഉന്നത തലങ്ങളിലുള്ള എല്ലാ കാഡറുകളും നിശ്ചിത കാലയളവുകളിൽ ഈ ''കീഴോട്ടയക്കൽ'' പ്രക്രിയക്ക് വിധേയരാകുന്നതാണ്

''പട്ടണങ്ങളിലെ പഴയ കാഡർമാരിൽ കഴിവുററവരെ വിവിധ (സംസ്ഥാന) തലങ്ങളിൽ പാർടിനേതൃത്വം ശക്തിപ്പെടുത്തുന്നതിനുവേണ്ടി നിയോഗിക്കുന്നതാണ്. പലരെയും ഇതിനകംതന്നെ ഇങ്ങനെ അയച്ചു കഴിഞ്ഞു'' ചൂ പറഞ്ഞു. ''മുൻപ് കേന്ദ്രഗവണ്മെൻറിൻെറ നേരിട്ടുള്ള ചുമതലയിൽ കീഴിൽ പ്രവർത്തിച്ചിരുന്ന നിരവധി വ്യാവസായിക–വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇപ്പോൾ പ്രാദേശിക മാനേജ്മെൻറുകളുടെ നിയന്ത്രണത്തിലാക്കപ്പെട്ടിട്ടുണ്ട് അവിടെ ഇത്തരമാളുകളുടെ സേവനം ആവശ്യമായിട്ടുണ്ട്'' ചൂ തുടർന്ന് വിശദീകരിച്ചു. ''കൂടാതെ, പലരും അറുപതുവയസ്സ് കഴിഞ്ഞ് റിട്ടയർ ചെയ്യാൻ തയ്യാറായിരിക്കുന്നവരാണ്. അവർക്ക് പെൻഷൻ ലഭിക്കും. ചിലർ കമ്യൂണുകളിൽ സ്വന്തം വീട്ടുകാരുടെ കൂടെ കഴിയുന്നതിനു താത്പര്യമുള്ളവരായിരിക്കും'' എങ്ങനെയായാലും എല്ലാവർക്കും തൊഴിൽ ഉണ്ടായിരിക്കുന്നതാണ്

കൃഷിയുടെയും കാര്യത്തിലും ഗ്രാമങ്ങളിലെ വിദ്യാഭ്യാസത്തിലെ ഉപയോഗപ്പെടുത്തിക്കൊണ്ടു വ്യവസായവൽക്കരണത്തിൻെറ കാര്യത്തിലും ഒക്കെ, വിവിധ മേഖലകളിലും പ്രദേശങ്ങളിലും സ്വയംപര്യാപ്തത നേടുന്നതിനുള്ള

ഉൽക്കടമായ അഭിവാഞ്ഛയെയാണ് ഈ വികേന്ദ്രീകരണം പ്രതിഫലിപ്പിക്കുന്നത്. നഗരപ്രദേശങ്ങളിലെ വിദ്യാസമ്പന്നരായ യുവജനങ്ങളും തലമുതിർന്നവരും സംഘടിതമായി, കൂട്ടംകൂട്ടമായി പുതിയ ജോലികൾ നിർവഹിക്കുന്നതിന്നായി ഉൾനാടൻ പട്ടണങ്ങളിലേക്കും കമ്യൂണുകളിലേക്കും കുടിയേറിപ്പാർക്കുക എന്ന സമ്പ്രദായം തുടർന്നുകൊണ്ടിരുന്നു. 1965നു ശേഷം ഷാങ്ഹായിൽ നിന്നുമാത്രം ഏതാണ്ട് 10 ലക്ഷംപേർ ഇങ്ങനെ പുതിയ സ്ഥലങ്ങളിലേക്ക് കുടിയേറിപാർക്കുകയുണ്ടായി. അതിൽ പലരും സാംസ്കാരിക വിപ്ലവം തുടങ്ങിവച്ച റെഡ്ഗാർഡ് വിദ്യാർഥികളത്രെ.

'മേൽപ്പുര'യിൽ വരുത്തപ്പെട്ട ഇത്തരം പരിഷ്കരണങ്ങൾ ദേശവ്യാപകമായ *തകിടംമറിച്ചിലി*ന്റെ ഒരു വശം മാത്രമേ ആകുന്നുള്ളൂ. പാർടിയുടെ ചിന്താരീതി ആകമാനം തൊഴിലാളിവർഗവൽക്കരിക്കുകയും അങ്ങനെ തൊഴിലാളിവർഗത്തെ യഥാർഥ അധികാരം മുഴുവൻ കയ്യാളാൻ സജ്ജമാക്കിത്തീർക്കുകയും, ഈ പ്രവർത്തനത്തിലൂടെ ഫ്യൂഡൽ–ബൂർഷ്വാ പാരമ്പര്യങ്ങളുടെ സ്വാധീനത്തിൽ നിന്ന് പൂർണമായും വിമുക്തമായ ഒരുസംസ്കാരം വാർത്തെടുക്കുകയും ചെയ്യുക എന്നതായിരുന്നു, മാവോയുടെ അടിസ്ഥാനലക്ഷ്യം.

ഈ മഹത്തായ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടുതന്നെയാണ് മററാരെക്കാളുമേറെ താൻ തന്നെ മുൻകയ്യെടുത്ത് സ്ഥാപിച്ച പാർടിയെ ബോധപൂർവം തകർക്കുക എന്ന സാഹസത്തിന് മാവോ സെ തുങ്ങ് തയ്യാറായത്. തുടക്കത്തിൽ, ഒരു പിടിആളുകളെ അധികാരത്തിൽ നിന്ന് നീക്കം ചെയ്യുക എന്നതുമാത്രമായിരുന്നു മാവോയുടെ ലക്ഷ്യം. പക്ഷെ, ഒടുവിൽ മാവോയുടെ തന്നെ ഏററവും പഴയ സഖാക്കളുടക്കം തഴക്കവും പഴക്കവും ചെന്ന പല നേതാക്കളും ആ പിടിയിൽ ഒതുങ്ങുകയാണുണ്ടായത്. എല്ലാററിനുമുപരിയായി 1959ൽ ചെയർമാൻ മാവോയുടെ അനന്തരാവകാശിയായി, രാഷ്ട്രത്തലവനായി, തിരഞ്ഞെടുക്കപ്പെട്ട ലിയു ഷാവോചിയും അക്കൂട്ടത്തിൽപെട്ടു. എന്തുകൊണ്ട്, എങ്ങനെ, ഇതൊക്കെ സംഭവിച്ചു?

1935 മുതൽക്കുതന്നെ മാവോയായിരുന്നു ഫലത്തിൽ ചൈനീസ് കമ്യൂണിസ്ററ് പാർടിയുടെ നേതാവ്. 1943മുതൽ

അദ്ദേഹം ഔദ്യോഗികമായി പാർടിയുടെ ചെയർമാൻ സ്ഥാനം ഏറ്റെടുക്കുകയും ചെയ്തു. 1956ലാണ് ലിയു ഷാവോചി, മാവോയുടെ ഒന്നാം ഡെപ്യൂട്ടിയായി തെരഞ്ഞെടുക്കപ്പെട്ടത്. പക്ഷെ, 1964 ആയപ്പോഴേക്കും സ്വന്തം 'അനുയായികൾ' രൂപം നൽകിയ പാർടി സംഘടനയിലും അതുപോലെതന്നെ ചൈനീസ് ഭരണകൂടത്തിലും മാവോയ്ക്കുണ്ടായിരുന്ന സ്വാധീനശക്തിക്ക് ഗണ്യമായി കോട്ടം സംഭവിച്ചുകഴിഞ്ഞിരുന്നു. 1965ൽ മഹത്തായ തൊഴിലാളിവർഗ സാംസ്കാരികവിപ്ലവത്തിന്റെ പ്രചാരണഘട്ടത്തിന് തുടക്കംകുറിച്ചുകൊണ്ട് മാവോ തയ്യാറാക്കിയ സുപ്രധാനമായ ഒരു രേഖ പ്രസിദ്ധീകരിക്കാൻ പാർടി പത്രങ്ങൾ വിസമ്മതിക്കുകയുണ്ടായി. 1970ൽ മാവോ എന്നോട് നേരിട്ടുപറഞ്ഞതാണ് ഇക്കാര്യം. അതേത്തുടർന്ന് ഈ രേഖ, ലഘുലേഖയുടെ രൂപത്തിൽ ഷാങ്ഹായിൽ നിന്ന് പ്രസിദ്ധീകരിക്കുകയാണ് അദ്ദേഹം ചെയ്തത്. *ഹായ് ജുയിപിരിച്ചുവിടപ്പെടുന്നു*[3] എന്ന ശീർഷകത്തിൽ വൂഹാൻ എഴുതിയനാടകത്തെക്കുറിച്ചുള്ള സുദീർഘമായ ഒരു വിമർശനമായിരുന്നു ഈ സുപ്രധാന രേഖ 1959ൽ ലൂഷനിൽവച്ചു നടന്ന ഒരു പാർടിസമ്മേളനത്തിൽ വച്ച് അന്നത്തെ പ്രതിരോധമന്ത്രിയായിരുന്ന പെങ്ങ് തെ ഹ്വാവായെ തൽസ്ഥാനത്തുനിന്ന് ഒഴിവാക്കി, പകരം ലിൻ പിയാവോയെ അവരോധിച്ചതിന് മാവോയുടെ നേരെ നടത്തിയ പ്രതീകാത്മകമായ ഒരാക്രമണമായിരുന്നു പ്രസ്തുതനാടകം. ലിയു ഷാവോചി, പെക്കിങ്ങ്മേയർ പെങ്ങ് ചെൻ, പാർടി പ്രചരണവിഭാഗത്തിന്റെ തലവനായ ലുടിങ്ങ്യി, അദ്ദേഹത്തിന്റെ സഹായിയായ ചു യാങ്ങ് എന്നിവർ മാവോയുടെ വിമർശനം പ്രസിദ്ധീകരിക്കുന്നതിനെ എതിർത്തവരിൽപെടുന്നു.

ഭരണകൂടത്തിന്റെ മേൽപ്പുര, തൊഴിൽ സംഘടനകൾ, പാർടി സ്കൂളുകൾ, കമ്യൂണിസ്റ്റ് യൂത്ത് ലീഗുകൾ എന്നിവയും ലക്ഷക്കണക്കിന് പാർടികാഡറുകളും ലിയു ഷാവോചിയുടേയും കേന്ദ്രക്കമ്മിറ്റിയിലെ അദ്ദേഹത്തിന്റെ കൂട്ടാളികളുടേയുംനിയന്ത്രണത്തിലായിരുന്നു. ഇക്കൂട്ടർ സ്വാധീനം ചെലുത്തുന്നതിന്

---

[3] അധ്യായം 12 കാണുക—പ്രചാരണം വഴിയുള്ള ഗൂഢാലോചന

ഉപയോഗിച്ചിരുന്നതോ, മാവോയുടെ പേരും. കാഡറുകളിൽ ഭൂരിഭാഗവും തങ്ങൾ മാവോയോട് കൂറുപുലർത്തുന്നതായി വിശ്വസിച്ചുവന്നു. കുറച്ചു കാലമായി, പ്രത്യേകിച്ചും 1959–61 കാലഘട്ടത്തിലെ സാമ്പത്തിക പ്രതിസന്ധിക്കു ശേഷം, ലിയു ഷാവോചിയും കൂട്ടരും സൈദ്ധാന്തികമായി മാവോയുടെ ചിന്താഗതികളോട് കൂറുപുലർത്തുന്നതായി ഭാവിക്കുകയും പ്രായോഗിക രംഗത്ത് മാവോ ചിന്തക്ക് തുരങ്കം വയ്ക്കുകയുമാണ് ചെയ്തിരുന്നത് എന്നു വേണം കരുതുവാൻ. സാമ്പത്തിക ശാസ്ത്രത്തെ മനുഷ്യനു മുന്നിൽ നിർത്തി; ഭൗതിക പ്രചോദനങ്ങൾക്ക് യഥാർഥത്തിലുള്ള സമരാവേശത്തേക്കാൾ പ്രാധാന്യം കൽപിച്ചു; വർഗസമരം ഒഴിവാക്കിക്കൊണ്ട് ഉൽപ്പാദനം വർധിപ്പിക്കാൻ ശ്രമിച്ചു; 'വിദഗ്ധന്മാരെ' ആശ്രയിച്ച് സാങ്കേതിക രംഗത്ത് നേട്ടങ്ങൾ കൈവരിക്കാൻ നോക്കി; സാമ്പത്തിക ശാസ്ത്രത്തിനു് രാഷ്ട്രതന്ത്രത്തേക്കാൾ പ്രാധാന്യം നൽകി സാങ്കേതിക ശാസ്ത്രത്തെ സേവിക്കാൻ നിയോഗിച്ചു; വർഗസമരത്തേക്കാൾ ഉൽപാദനത്തിന് കൂടുതൽ പ്രാധാന്യം നൽകി; നഗരങ്ങൾക്ക് ഗ്രാമങ്ങളേക്കാൾ പ്രാമുഖ്യം നൽകി — ഇതെല്ലാമായിരുന്നു സാംസ്കാരിക വിപ്ലവകാലത്ത് ലിയു ഷാവോചിക്കും കൂട്ടർക്കുമെതിരായി ഉയർത്തപ്പെട്ട ആരോപണങ്ങൾ.

1959 പെങ്ങ് തെ ഹുവായിയെ സ്ഥാനഭ്രഷ്ടനാക്കാനും തൽസ്ഥാനത്ത് ലിൻപിയാവോയെ നിയമിക്കുവാനും ഉള്ള തീരുമാനം എടുക്കുന്നതിനുമുൻപുതന്നെ മാവോയും ലിയു ഷാവോചിയും തമ്മിലുള്ള അഭിപ്രായ വ്യത്യാസം മൂർച്ഛിച്ചു കഴിഞ്ഞിരുന്നു. പക്ഷെ ലിയു ഷാവോചിയുടെ നേതൃത്വത്തിൽ കൂടുതൽ കൂടുതൽ ശക്തിയാർജിച്ചുകൊണ്ടിരുന്ന നഗരാധിഷ്ഠിത ഉദ്യോഗസ്ഥ ദുഷ്പ്രഭുത്വവുമായി സംഘട്ടനത്തിലേർപ്പെടേണ്ടിവരുമെന്ന് മാവോ നേരത്തെതന്നെ കണ്ടിരുന്നു. ഈ സംഘട്ടനത്തിലെ പരസ്യമായ ആദ്യത്തെ കരുനീക്കമാണ് ലിൻപിയാവൊയുടെ നിയമനത്തിലൂടെ മാവോ നടത്തിയത്. ലിൻപിയാവൊ സായുധസേനയിൽ മാവോയുടെ ഏററവും വിശ്വസ്തനായ അനുയായിയായിരുന്നു, പാർടി സൈനികകാര്യക്കമിഷൻെറ വൈസ് ചെയർമാനും. 1975 മുതൽക്കേ അതിൻെറ ചെയർമാൻ സ്ഥാനം മാവോ നിലനിർത്തിപോരുകയാണ്. മാവോ

പാർട്ടി പ്രസിഡന്റായി ഇരിക്കെത്തന്നെ രാഷ്ട്രത്തലവനായ ലിയു ചൈനീക്കേതര കാഡറുകളുടെമേൽ പൂർണമായ നിയന്ത്രണം സ്ഥാപിച്ചാലും മറുവശത്ത് ഒരു സങ്കീർണഘട്ടം വന്നാൽ ജനകീയ വിമോചനസേനയാണ് തുണച്ചിട്ട്. ലിൻപിയാവൊയെ വിമോചനസേനയുടെ മേധാവിയാക്കുകവഴി ഈ തുണച്ചിട്ട് മാവോയുടെ കയ്യിൽ ഭദ്രമായിരുന്നു. പക്ഷെ, മാവോ കാര്യങ്ങൾ അവയുടെ വഴിക്ക് നടക്കട്ടെ എന്ന് തീരുമാനിക്കുകയാണുണ്ടായത്. ലിയു ഷാവോചിയെ സ്വാധീനിക്കാനും അങ്ങനെ സ്വന്തം അനുയായികളെ ഒരു ശ്രേണീകരണ പ്രവർത്തനത്തിന് വിധേയമാക്കാൻ അദ്ദേഹത്തെ പ്രേരിപ്പിക്കാനും കഴിയും എന്നാണ് വളരെ വൈകുംവരെക്കും മാവോ കരുതിയിരുന്നത്.

''ലിയുവിനെ പറഞ്ഞയച്ചേ പറ്റൂ എന്ന് താങ്കൾ അവസാനമായി തീരുമാനിച്ചത് എപ്പോഴാണ്?'' 1970 ഡിസംബറിൽ മാവോയുമായി സംസാരിക്കവെ ഞാൻ അദ്ദേഹത്തോട് ചോദിച്ചു.

1965 ജനുവരിയിലാണ് താൻ ആ തീരുമാനം കൈക്കൊണ്ടത് എന്നായിരുന്നു മാവോയുടെ മറുപടി. ആ സമയത്ത്, വരാനിരിക്കുന്ന സാംസ്കാരിക വിപ്ലവത്തെക്കുറിച്ചുള്ള ഒരു പരിപാടി അദ്ദേഹം പാർട്ടി പൊളിറ്റ് ബ്യൂറോയുടെ പരിഗണനയ്ക്കായി അവതരിപ്പിക്കുകയുണ്ടായി. ''സോഷ്യലിസ്റ്റ് വിദ്യാഭ്യാസപരിപാടി''യുടെ [4] ഒരു വികസിത രൂപമായാണ് ഈ പരിപാടി അവതരിക്കപ്പെട്ടത്.

ലിൻ പിയാവോയുടെ നേതൃത്വത്തിൽ സായുധസേനയിലാണ് ആദ്യമായി സോഷ്യലിസ്റ്റ് വിദ്യാഭ്യാസപരിപാടി നടപ്പിലാക്കപ്പെട്ടത്, പിന്നീട് അത് ഗ്രാമപ്രദേശങ്ങളിലെ കമ്യൂണുകളിലേക്കും തുടർന്ന് കുറേശ്ശെയായി നഗരങ്ങളിലേക്കും വ്യാപിച്ചു. സോഷ്യലിസ്റ്റ് വിദ്യാഭ്യാസ പരിപാടിയുടെ ആദ്യത്തെ ഇനം തന്നെ ''മുതലാളിത്ത പാത പിൻതുടരുന്ന പാർട്ടി അധികാരികളെ''പ്പററിയുള്ള നിശിതമായ വിമർശനവും അവരെ സ്ഥാനഭ്രഷ്ടരാക്കണമെന്ന ആഹ്വാനവും ആയിരുന്നു. പൊളിറ്റ് ബ്യൂറോ മീററിങ്ങിൽ വച്ച് തന്നെ ലിയു

---

4 അധ്യായം 12 കാണുക.

ഈ ലക്ഷ്യത്തെ നിശ്ചിതമായി എതിർക്കുകയുണ്ടായി എന്ന് മാവോ സൂചിപ്പിച്ചു.

''1965 ജനുവരിയിലാണല്ലോ നാം അവസാനമായി നമ്മിൽ കണ്ടത്. അക്കാലത്താണോ സാംസ്കാരിക വിപ്ലവം ആരംഭിക്കാനുള്ള തീരുമാനം കൈക്കൊണ്ടത്?'' ഞാൻ ചോദിച്ചു.

1965 ഒക്ടോബറിനുശേഷം *ഹാമ്പ്ഷുയിപിരിച്ചുവിടപ്പെടുന്നു* എന്ന നാടകത്തെക്കുറിച്ചുള്ള വിമർശനങ്ങളും പ്രതിവിമർശനങ്ങളും പുറത്തുവന്നതു മുതൽ, സംഭവങ്ങളുടെ ചുരുളുകൾ അതിവേഗം അഴിഞ്ഞുതുടങ്ങി എന്നായിരുന്നു ചെയർമാന്റെ ഉത്തരം.

നേരത്തെതന്നെ (1964ൽ) പൊളിറ്റ് ബ്യൂറോ പെക്കിങ്ങ് മേയർ പെങ്ങ് ചെന്നിന്റെ നേതൃത്വത്തിൽ ഒരു സാംസ്കാരിക വിപ്ലവ ഗ്രൂപ്പിനെ നിയമിച്ചിരുന്നു. ശക്തമായ പെക്കിങ്ങ് പാർട്ടിക്കമ്മിറ്റിയുടെ സെക്രട്ടറിയും വൂഹാന്റെ സംരക്ഷകനുമായിരുന്നു പെങ്ങ് ചെൻ. 1966 ഫെബ്രുവരിയിൽ, മാവോയ്ക്കും മാവോയിസത്തിനുമെതിരായുള്ള പരിഹാസാത്മക കൃതികളുടെ കർത്താക്കളായ വൂഹാനേയും മററും രക്ഷിക്കാൻ പെങ്ങ് ചെൻ ഒരു ശ്രമം നടത്തുകയുണ്ടായി. ഈ ഗ്രന്ഥകർത്താക്കളുടെ കൃതികളെപ്പററിയുള്ള വിമർശനം, അവയിലെ അക്കാദമിക് പിശകുകളിലേക്ക് പരിമിതപ്പെടുത്താനും രാഷ്ട്രീയത്തെററുകളെ മറച്ചുവെയ്ക്കാനും അദ്ദേഹം ശ്രമിച്ചു. പെങ്ങ് ഇക്കാര്യം തന്റെ പാർട്ടിക്കമ്മിററിയിലെ മററ് അംഗങ്ങളുമായോ മാവോയുമായോ ചർച്ചചെയ്തിരുന്നില്ല. അവസാനം 1966 മെയ് 16-ാം തീയതി പെങ്ങ് പുറംതള്ളപ്പെട്ടു.

ഇന്നത്തെ മഹത്തായ സാംസ്കാരികവിപ്ലവത്തിന്റെ അടുക്കുകൾ ചർച്ച ചെയ്യുന്നതിനായി പൊളിറ്റ് ബ്യൂറോയുടെ ഒരു വിപുലീകൃത സമ്മേളനം ചേരുകയുണ്ടായി എന്നും മാവോ വെളിപ്പെടുത്തി. 1966 ആഗസ്റ്റിൽ ചേർന്ന കേന്ദ്രക്കമ്മിററിയുടെ പതിനൊന്നാമത് പ്ലീനറി സമ്മേളനം സാംസ്കാരിക വിപ്ലവത്തെ സംബന്ധിച്ചുള്ള ഒരു 16 ഇനപരിപാടിയും[5] അതോടനുബന്ധിച്ചുള്ള ശുദ്ധീകരണ പരിപാടികളും അംഗീകരിക്കുകയുണ്ടായി.

---

[5] കേന്ദ്രക്കമ്മിററിയുടെ പതിനൊന്നാം പ്ലീനറി സമ്മേളനം അംഗീകരിച്ച പ്രമേയങ്ങളുടെ പൂർണരൂപം അനുബന്ധത്തിൽ ചേർത്തിട്ടുണ്ട്—പതിനാറിന പരിപാടി

''ലിയു ഷാവോച്ചി ഈ പതിനാറിന പരിപാടിയെ എതിർക്കേയുണ്ടായോ?'' ഞാൻ മാവോയോട് ചോദിച്ചു.

ചീനാ സന്ദർശനത്തിൽ ലിയു ഷാവോച്ചി ഇത്രപ്പന്തി വളരെ അവ്യക്തമായ ഒരു നിലപാടാണ് എടുത്തത്. എന്നാൽ യഥാർത്ഥത്തിൽ അദ്ദേഹം അതിന് അങ്ങേ അറ്റം എതിരായിരുന്നു—ഇതായിരുന്നു മാവോയുടെ മറുപടി. അതിനകംതന്നെ മാവോ തന്റെ ''ചുമർച്ചിത്രയുദ്ധ''ത്തിന് (താത്സു—പാവോ സ്സ്)[6] തുടക്കമിട്ടു കഴിഞ്ഞിരുന്നു. ലിയു പരിഭ്രമിച്ച് വിവശനായി.

''ഹെഡ് ക്വാർട്ടേഴ്സ് തകർക്കുക'' എന്നത് താങ്കളുടെ പോസ്റ്റർ ആയിരുന്നില്ലേ? ഹെഡ് ക്വാർട്ടേഴ്സ് എന്നവാക്കുകൊണ്ട് *താനാണ്* ഉദ്ദേശിക്കപ്പെടുന്നത് എന്ന് ലിയുവിന് മനസ്സിലാവുകയും ചെയ്തു അല്ലേ?''

അതെ, ആ ഘട്ടത്തിൽ പാർട്ടിയുടെമേൽ, പ്രചാരണ പ്രവർത്തനങ്ങളുടെമേൽ, സംസ്ഥാന പ്രാദേശിക പാർട്ടികളുടെ മേൽ, എന്തിന്, പെക്കിങ് പാർട്ടിക്കമ്മിറ്റിയുടെമേൽ പോലും മാവോസ്സ് നിയന്ത്രണമില്ലാതായിത്തീർന്നിരുന്നു. അതുകൊണ്ടായിരിക്കാം, ''എടുത്തു പറയത്തക്ക തരത്തിലുള്ള വ്യക്തിപൂജയൊന്നും അപ്പോൾ നിലവിലില്ല എന്നും പക്ഷെ ഇപ്പോൾ അത് കുറച്ചൊക്കെ ആവശ്യമാണ്'' എന്നും 1965 ജനുവരിയിൽ[7] എന്നാട് സംസാരിക്കവെ അദ്ദേഹം പറഞ്ഞത്.

ക്രമേണ, മാവോ തന്റെ വമ്പിച്ച (വ്യക്തി) സ്വാധീന

---

6 സാംസ്കാരിക വിപ്ലവകാലത്ത് മുദ്രാവാക്യങ്ങളോ സന്ദേശങ്ങളോ എഴുതിയ ചുവരുകൾ പോസ്റ്ററുകൾ ഒരു പ്രധാന പ്രചാരണോപാധിയായി മാറുകയുണ്ടായി. വിവിധ വിഭാഗങ്ങളിൽപ്പെട്ട ജനങ്ങൾ, പ്രത്യേകിച്ചും വിദ്യാർത്ഥികൾ, പടുകൂറ്റൻ കടലാസുകളിൽ എഴുതിയുണ്ടാക്കിയ പോസ്റ്ററുകൾ ചുമരുകളിലും മരങ്ങളിലും പൊതുസ്ഥലങ്ങളിലും ഒട്ടിച്ചിരുന്നു. റെഡ്ഗാർഡുകളുടെ ഒരു മുഖ്യ ആയുധമായിരുന്നു ഈ പോസ്റ്ററുകൾ. പാർട്ടി നേതാക്കന്മാരേയും അവരുടെ പാർശ്വവർത്തികളേയും വിമർശിക്കാനാണ് ഇവ ഉപയോഗിക്കപ്പെട്ടിരുന്നത്.

7 അഭിമുഖ സംഭാഷണത്തിന്റെ പൂർണരൂപം അനുബന്ധത്തിൽ ചേർത്തിട്ടുണ്ട്.

ശക്തിയും പ്രതിസ്പർദ്ധിയും വിപ്ലവശക്തികളുടെ മേലുള്ള ആധിപത്യം പുനസ്ഥാപിക്കാനും അവയെ പുതിയ മാർഗത്തിലേക്ക് തിരിച്ചുവിടാനും ഉള്ള ആയുധങ്ങളായി തികച്ചും പരസ്യമായി അന്നെ ഉപയോഗിച്ചു തുടങ്ങി.

''ഇപ്പോൾ(1970ൽ) അതിന്റെ ആവശ്യമില്ലാതായിരിക്കുന്നുവെന്നും വ്യക്തി'പ്രാഭവം'ക്രമേണ *ആറിത്തുടങ്ങുമെന്നും*'' അദ്ദേഹം പറയുകയുണ്ടായി. സാംസ്കാരിക വിപ്ലവത്തിന്റെ തുടക്കത്തിൽ, യെനാൻ കാലഘട്ടത്തിലെ (1937–47) ആദർശങ്ങളും ആവേശവും ഉപയോഗിച്ച്, രാഷ്ട്രത്തെ മുഴുവൻ ആവേശഭരിതമാക്കേണ്ടിയിരുന്നു എന്നതാണ് വ്യക്തിപ്രാഭവത്തിന്റെ ഉപയോഗത്തെക്കുറിച്ച് അദ്ദേഹത്തിനുണ്ടായിരുന്ന ന്യായീകരണം(യെനാൻ കാലഘട്ടത്തിലാണ് മാവോ തന്റെ മുഖ്യഗ്രന്ഥങ്ങളെല്ലാം രചിച്ചതും തന്റെ വിപ്ലവ സഖാക്കളെ അന്ത്യന്തിക വിജയത്തിലേക്ക് നയിക്കാൻ തയ്യാറായതും).

ഇനിയങ്ങോട്ട്, രാഷ്ട്രീയമാണ്—മാവോ ചിന്തകൾ—എല്ലാതലങ്ങളിലും മാർഗദർശിയാകേണ്ടത്. ചൈനയ്ക്ക്, അതിനെ നേരിടുന്ന ഇരട്ട ഭീഷണിയെ—അമേരിക്കൻ സാമ്രാജ്യത്വത്തിന്റെയും സോവിയററ് ''സോഷ്യലിസ്റ്റ് സാമ്രാജ്യത്വ''ത്തിന്റെയും ഭീഷണിയെ—നേരിട്ടുകൊണ്ട് നിലനിൽക്കാനാകണമെങ്കിൽ വിഭിന്ന ചിന്തകൾക്കോ പാർടിപിളർപ്പുകൾക്കോ ഇടം നൽകിക്കൂടാ. എന്താണിതിന് ചെയ്യേണ്ടത്? ''ജനകീയ സമര''ത്തിന്റെ അടവുകളേയും തന്ത്രങ്ങളെയും അടിസ്ഥാനമാക്കിയുള്ള സ്വാശ്രയത്വം, വ്യാപകമായ വികേന്ദ്രീകരണം, ജനങ്ങളെ മുൻകയ്യെടുപ്പിക്കാനും അവരെക്കൊണ്ട് പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കിക്കാനും ഉള്ള പരിശ്രമങ്ങൾ. കൂടുതൽ കൂടുതൽ നഗരവാസികളെ കർഷകരിൽ നിന്ന് പാഠങ്ങൾ പഠിക്കുന്നതിനായി ഗ്രാമപ്രദേശങ്ങളിലേക്കയക്കുക. അനുപോലെ മറിച്ചും. മൊത്തം ജനസംഖ്യയുടെ 70–80ശതമാനത്തോളം വരുന്ന കർഷകരുടെ പ്രശ്നങ്ങൾക്ക് മുൻഗണന കൊടുക്കുക, അവരുടെ അധ്വാനശക്തി ഉപയോഗപ്പെടുത്തി കൂടുതൽ മൂലധനം ഉൽപാദിപ്പിക്കുകയും ഈ മൂലധനം അവർ തന്നെ കൂട്ടായി നിക്ഷേപിക്കുകയും ചെയ്യുക. സായുധസേനയുടെ —'മഹത്തായ ജനകീയ വിദ്യാലയ'ത്തിന്റെ — നേതൃത്വത്തിൽ

അവശേഷിക്കുന്ന ബൂർഷ്വാ സ്വാധീനങ്ങൾ തുടച്ചു നീക്കുക. ചുരുക്കിപ്പറഞ്ഞാൽ, അധികാരത്തിലിരിക്കുന്ന തന്റെ തൊഴിലാളി വർഗ പിൻഗാമികൾ, തന്റെ തലമുറയുടെ വിപ്ലവകരമായ ജീവിതാനുഭവങ്ങൾ അനുഭവിച്ചറിയുകയും അങ്ങനെ അതിന്റെ യുക്തിപരമായ പര്യവസാനത്തിലെത്തിച്ചേരുകയും ചെയ്യണമെന്നാണ് മാവോ ആഹ്വാനം ചെയ്തത്.

ചൈനീസ് പാർടി, മുതലാളിത്തത്തിലേക്കുള്ള റിവിഷനിസ്റ്റ് [സോവിയററ്] മാർഗം അവലംബിച്ചു തുടങ്ങിയിരിക്കുന്നു എന്ന് മാവോയ്ക്ക് ബോധ്യമായതിനെ തുടർന്നാണ് സാംസ്കാരിക വിപ്ലവത്തിന്റെ മേൽപ്പറഞ്ഞ പ്രാഥമിക ലക്ഷ്യങ്ങൾ ഉരുത്തിരിഞ്ഞത്. റിവിഷനിസ്റ്റ് പാത പിൻതുടരാൻ ശ്രമിക്കുന്നവർ ഒരു പുതിയ വർഗത്തെ, ഉദ്യോഗസ്ഥ മേധാവിത്തത്തിൽ കടിച്ചുതൂങ്ങുന്ന ഒരു പ്രാമാണിക വർഗത്തെ, തൊഴിലാളികളിൽനിന്നും വേറിട്ടുനിൽക്കുന്ന ഒരു ഭരണാധികാരി വർഗത്തെ, സൃഷ്ടിച്ചിരുന്നു. ഇതുമായി വളരെയേറെ ബന്ധപ്പെട്ട മറെറാരു പ്രശ്നംകൂടി ഉണ്ടായിരുന്നു. ചൈനാ—സോവിയററ് ബന്ധങ്ങളിലെ സ്തംഭനാവസ്ഥ പരിഹരിക്കുന്നതിന് ലീയു ഷാവോചി, പെങ്ങ്ചെൻ മുതലായവർ നടത്തിയ ശ്രമങ്ങളാണ് ഈ പ്രശ്നത്തിനു പുറകിൽ.

1965 ആയപ്പോഴേക്കും വിയത്നാമിനു നേരെയുള്ള അമേരിക്കൻ ബോമ്പാക്രമണം ചൈനീസ് അതിർത്തിവരെ വ്യാപിച്ചു കഴിഞ്ഞിരുന്നു. ചൈന ആക്രമിക്കപ്പെട്ടേക്കുമെന്ന ഭീഷണി ഉയർന്നു. ഈ ഘട്ടത്തിൽ സോവിയററ് കമ്യൂണിസ്റ്റ് പാർടിയുടെ 23-ാം കോൺഗ്രസ്സിലേക്ക് ഒരു ചൈനീസ് പ്രതിനിധിസംഘത്തെ അയക്കുവാനും അങ്ങനെ ചൈനാ സോവിയററ് ബന്ധങ്ങൾ മെച്ചപ്പെടുത്താനും ലീയു ആഗ്രഹിച്ചു. ഈ നിർദേശത്തെ മാവോ ശക്തിയായി എതിർക്കുകയാണുണ്ടായത്. കൊറിയയ്ക്കു സംഭവിച്ചതുപോലെ ആശ്രിതത്വത്തിലേക്ക് വലിച്ചിഴയ്ക്കപ്പെടാനും വഞ്ചനയിലകപ്പെടാനും അദ്ദേഹം തയ്യാറായിരുന്നില്ല. മറിച്ച് ഒരു ജനകീയ പ്രതിരോധ സമരം സംഘടിപ്പിക്കുകയും അതിൽ പൂർണമായ വിശ്വാസമർപ്പിക്കുകയും—അണുബോംബ് നിർമാണം തുടരുകയും—ആണ് വേണ്ടത് എന്നാണദ്ദേഹം നിർദേശിച്ചത്. വിയത്നാമിൽ

നേരിട്ട് ഇടപെടരുതെന്നും അതേസമയം വൻതോതിലുള്ള പിൻതുണ നൽകിക്കൊണ്ടിരിക്കണമെന്നും അദ്ദേഹം നിർദ്ദേശിച്ചു.

മുൻ കാലങ്ങളിൽ വിദേശാക്രമണ ഭീഷണികളെ നേരിടുന്നതിന് ചൈന സ്വീകരിച്ചുവന്ന അടവുകളുടെ പശ്ചാത്തലത്തിൽ നോക്കുമ്പോൾ മാവോയുടെ പുതിയരീതി തികച്ചും ഭിന്നവും പാരമ്പര്യ വിരുദ്ധവുമായിരുന്നു. വൈദേശികാക്രമണങ്ങളെ നേരിടുന്നതിന് റോമാസാമ്രാജ്യവും അതിന്റെ കാലടികൾ പിൻതുടർന്നു വന്ന മററു സാമ്രാജ്യങ്ങളും സ്വീകരിച്ചുപോന്ന, തികച്ചും അലംഘ്യമെന്ന് കരുതപ്പെട്ടിരുന്ന, *ഡിവൈഡ് എററ് ഇംപെറാ* എന്ന തത്വത്തിന്റെ സ്ഥാനത്ത്, യിയി ചിഹ്യി (കാടന്മാരെ നേരിടാൻ കാടന്മാരെ നിയോഗിക്കുക) എന്ന ആധാരസൂത്രമാണ് തലമുറകളായി ചൈനക്കാർ സ്വീകരിച്ചുവന്നിരുന്നത്. പാരമ്പര്യ വിശ്വാസികളായ ചൈനക്കാരും ചൈനീസ് ചരിത്രത്തെക്കുറിച്ച് ആധികാരികമായി പഠിച്ചിട്ടുള്ള യൂറോപ്പിലെ ''ചൈനാനോട്ട്''ക്കാരും മാവോയ്ക്ക് ബുദ്ധിഭ്രമം ആരംഭിച്ചിരിക്കുന്നു എന്ന് പറഞ്ഞു തുടങ്ങി. താരതമ്യേന ബലഹീനമായ ഒരു രാഷ്ട്രം, തങ്ങളുടെ ശത്രുക്കൾക്ക് ഏകോപിക്കാൻ അവസരം നൽകുകയും ഒരേ സമയം രണ്ടുമുന്നണികളിൽ യുദ്ധം ക്ഷണിച്ചു വരുത്തുകയുമല്ലേ ചെയ്യുന്നതു്?

പക്ഷെ, താൻ ചെയ്യുന്നതെന്താണെന്ന് മാവോയ്ക്ക് നല്ലപോലെ അറിയാമായിരുന്നു. പുറമേ നിന്നുള്ള ഭീഷണികളേക്കാൾ വലുതാണ് അകത്തുനിന്നുള്ള ഭീഷണി എന്നദ്ദേഹം മനസ്സിലാക്കി. ആ ഘട്ടത്തിൽ ഏതെങ്കിലുമൊരു വൻ ശക്തിയുമായി ഒത്തുതീർപ്പിലെത്തുക എന്നതിന്റെ ഫലം ആഭ്യന്തരമുന്നണിയിൽ പിളർപ്പുണ്ടാവുക എന്നതായിരിക്കും. തികഞ്ഞ സ്വാതന്ത്ര്യത്തോടെയും ഐക്യത്തോടെയും നിലകൊള്ളുന്ന ചൈനയ്ക്കേ ഏതൊരു കൊടുങ്കാററിനേയും ചെറുത്തുനിൽക്കാൻ കഴിയൂ, മറിച്ച്, ആഭ്യന്തരമായി പരസ്പരം ഭിന്നിച്ച് റഷ്യയുമായുള്ള ബന്ധം ചൂഷണം ചെയ്യാൻ തക്കവും പാർത്തുകഴിയുന്ന ചൈനയ്ക്ക് നിലനിൽക്കാനേ ആവില്ല എന്നദ്ദേഹം മനസ്സിലാക്കി.

മററു പല പ്രശ്നങ്ങളെക്കുറിച്ചും പ്രത്യേക നയങ്ങളെക്കുറിച്ചും പരസ്പര വിരുദ്ധമായ അഭിപ്രായങ്ങൾ നിലനിന്നി

ഉദ്ദേശിക്കുന്നുള്ളൂ: ഈ സമരത്തിൽ മാവോയുടെ വിജയം—സായുധസേനയുടെ സഹായത്തോടെ നേടിയ വിജയം—തികച്ചും പൂർണമായിരുന്നു. അതുകൊണ്ടുതന്നെയാണ് വൈസ്ചെയർമാനും പ്രതിപക്ഷ മന്ത്രിയുമായ ലിൻപിയാവൊ 1969ൽ നടന്ന ഒമ്പതാം പാർടി കോൺഗ്രസ്സിൽ (ഈ പാർടി കോൺഗ്രസ്സിൽ വച്ചാണ് ലിൻ പിയാവൊ ഭരണഘടനാപരമായി മാവോയുടെ പിൻഗാമിയായിരിക്കുമെന്ന് പ്രഖ്യാപിക്കപ്പെട്ടത്) ഇങ്ങനെ പ്രസ്താവിച്ചതും. അദ്ദേഹം പറഞ്ഞു, ''ഏതു ഘട്ടത്തിലായാലും ഏത് സാഹചര്യത്തിലായാലും ചെയർമാൻ മാവോയുടെ ചിന്തകളെ എതിർക്കുന്നവരെ ചൈനീസ് പാർടിയും ചൈനീസ് രാഷ്ട്രവും ഒന്നാകെമിച്ച് പുറംതള്ളുക തന്നെചെയ്യും.''

1970 ആയപ്പോഴേക്കും മാവോചിന്ത ചൈനയെ ആകമാന പൂർകിക്കഴിഞ്ഞിരുന്നു. ഗ്രാമങ്ങളും പട്ടണങ്ങളും തമ്മിലുള്ള അന്തരങ്ങൾ തുടച്ചുമാറ്റുന്നതിനുള്ള പരിശ്രമങ്ങൾ ത്വരിതപ്പെടുത്തുക; തൊഴിലാളികളുടേയും കർഷകരുടേയും സൈനികരുടേയും പാർടി കാഡറുകളുടെയും സാങ്കേതികവിദഗ്ധരുടെയുമെല്ലാം ഭൗതികവും സാംസ്കാരികവുമായ ചുറ്റുപാടുകളും അവർക്ക് ലഭിക്കുന്ന അവസരങ്ങളും കൂടുതൽ കൂടുതൽ സമീകരിക്കുക; എല്ലാവിഭാഗം ആളുകളുടേയും വിദ്യാഭ്യാസത്തിലും ജീവിതത്തിലും പണിശാലകളിലെയും പാനമുറികളിലേയും പ്രവർത്തനങ്ങൾ സംയോജിപ്പിക്കുക; എല്ലാത്തരം ബൂർഷ്വാചിന്താഗതികളെയും, പ്രത്യേകിച്ച് ബുദ്ധിജീവികളുടേയും ഉദ്യോഗസ്ഥവിഭാഗങ്ങളുടേയുമിടയിൽ നിലനിൽക്കുന്ന ബൂർഷ്വാചിന്തയുടെ അവശിഷ്ടങ്ങൾ, തകർത്ത് തുത്തെറിയുക; വിദ്യാർഥികളുടെയും തൊഴിലാളികളുടെയും പ്രവർത്തനങ്ങൾ സമന്വയിപ്പിച്ചും പ്രവൃത്തിപരിശീലനവും ക്ലാസുമുറികളിൽ പഠിക്കുന്ന സിദ്ധാന്തങ്ങളും തമ്മിൽ കൂട്ടിയിണക്കിയും ഉന്നത വിദ്യാഭ്യാസത്തെ തൊഴിലാളിവർഗവൽക്കരിക്കുക; ഗ്രാമീണജനതക്ക് പൊതുജനാരോഗ്യസേവനങ്ങളും വൈദ്യസഹായവും എത്തിക്കുക; എല്ലാവരേയും ആയുധങ്ങൾ ഉപയോഗിക്കാനും സായുധസേനയുടെ മാതൃക പിൻതുടരാനും പ്രാപ്തരാക്കിത്തീർക്കുക; വർഗീയ പ്രതിഭാസം ഉന്മൂലനം ചെയ്ത്, ലോകമെമ്പാടുമുള്ള ജനങ്ങളെ സേവിക്കുക എന്ന ആദർശത്താൽ പ്രചോദിതരായ, വ്യക്തി

സ്വത്ത് എന്ന ആശയത്തെ വെറുക്കുന്ന, വിശപ്പ്, അത്യാഗ്രഹം, അജ്ഞത, യുദ്ധം, മുതലാളിത്തം തുടങ്ങിയവയിൽ നിന്നെല്ലാമുള്ള മനുഷ്യരാശിയുടെ ആത്യന്തിക മോചനത്തിലും 'ലോക വീക്ഷണ'ത്തിലും വിശ്വാസമർപ്പിച്ചിട്ടുള്ള ഒരു ഏകവർഗ തലമുറയെ വാർത്തെടുക്കുക—ഈ ആശയങ്ങളെല്ലാം ഉയർത്തിപ്പിടിച്ച കൊണ്ടാണ് മാവോചിന്ത ചൈനീസ് ജനതയിലേക്ക് ഇറങ്ങിച്ചെന്നത്.

അത്രമാത്രമോ? ഇനിയുമുണ്ട് വളരെയേറെക്കാര്യങ്ങൾ. വിവിധ വിഭാഗങ്ങളിൽ പെടുന്ന ആളുകളോട് യഥാർഥത്തിൽ എന്തായിരുന്നു സാംസ്കാരിക വിപ്ലവം എന്ന് നിർവചിക്കാൻ ആവശ്യപ്പെട്ടപ്പോൾ ലഭിച്ച പ്രതികരണങ്ങൾ അതേപടി കുറിച്ചിടുകയാണ് ഞാൻ ചെയ്യുന്നത്. ഔദ്യോഗിക വൃത്തങ്ങളേയും 'മാവോയിസ്റ്റ് ആക്റ്റിവിസ്റ്റ്'കളേയും [8] മാത്രമല്ല ഞാൻ സമീപിച്ചത്. മാവോ ചിന്തകൊണ്ട് പക്വത യാർജിച്ച എല്ലാവരേയും ഞാൻ സമീപിക്കുകയുണ്ടായി.

പക്ഷെ വിപ്ലവത്തിന്റെ പാത സുദീർഘമാണ്; യാത്ര കഠിനതരവും. ഇനിയും നിരവധി സാംസ്കാരിക വിപ്ലവങ്ങൾ വേണ്ടി വന്നേക്കാം. ഘട്ടം ഘട്ടമായി വേണം മുന്നോട്ട് നീങ്ങുവാൻ. മാവോ പറയുന്നതുപോലെ 'ഓരോ ഉരുളയായിവേണം ഭക്ഷണം കഴിച്ചുതീർക്കുവാൻ. ഓരോ ഉരുളതിന്നുമ്പോഴും അതിന്റെ രുചി നുണയുവാൻ സമയവും വേണം. എന്നിട്ടേ അടുത്ത ഉരുള അകത്താക്കാവൂ'.

ഒമ്പതാം പാർടി കോൺഗ്രസ്സിനു ശേഷം രണ്ടുവർഷം കഴിഞ്ഞപ്പോൾ മഹത്തായ തൊഴിലാളിവർഗ സാംസ്കാരിക വിപ്ലവം വിജയകരമായി പര്യവസാനിച്ചതായി പ്രഖ്യാപിക്കപ്പെടുകയുണ്ടായി. ഈ ഘട്ടത്തിൽ ചൈനയിലെ മുതിർന്ന ആളുകളിൽ ഭൂരിഭാഗത്തേയും ഉൾക്കൊള്ളുന്ന പാർട്ടേതര ജനവിഭാഗത്തിന്റെ സ്ഥിതി എന്തായിരുന്നു?

---

8 മാവോ ചിന്തകൾ പഠിക്കുകയും മനസ്സിലാക്കുകയും മാത്രമല്ല ജീവിതത്തിൽ അത് പ്രയോഗിക്കുക കൂടി ചെയ്യുന്നആളാണ് മാവോ ആക്റ്റിവിസ്റ്റ് എന്ന പേരിൽ അറിയപ്പെടുന്നത്.

4

സാധാരണക്കാരൻ വാങ്ങ്

1965 ലെ സംഭവ വികാസങ്ങൾ ചൈനയിലെ സാധാരണ പൗരൻെറ–നമുക്കയാളെ വാങ്ങ് എന്നു വിളിക്കാം–ജീവിതത്തിൽ കാര്യമായ കോളിളക്കങ്ങളൊന്നും സൃഷ്ടിച്ചിട്ടുള്ളതായി എനിക്ക് കാണാൻ കഴിഞ്ഞില്ല. ഞാൻ സന്ദർശിച്ച ഒരു ഫാക്ടറി കിൻഗർഗാർട്ടനിലെ അരുമക്കിടാങ്ങൾ, ''ചെയർമാൻ മാവോ, ചെയർമാൻമാവോ, എന്നുംഎന്നും ഞങ്ങളൊടൊപ്പം'' എന്നിങ്ങനെ പാടുന്നതു കേട്ടു. അവിടെ കണ്ട കുഞ്ഞുങ്ങളും അവരുടെ മാതാപിതാക്കളും തങ്ങൾ ചെയർമാൻ മാവോയെ അഗാധമായി സ്നേഹിക്കുന്നു എന്ന് എന്നോട് പറയുകയുണ്ടായി. അവരുടെ വാക്കുകൾ അവിശ്വസിക്കേണ്ടതുണ്ടെന്നു തോന്നുന്നില്ല. എല്ലാ വിഭാഗത്തിൽ പെട്ട ആളുകളും മാവോ ബാഡ്ജുകൾ ധരിച്ചിരുന്നു എന്നതൊഴിച്ചാൽ അവർക്ക്, സാംസ്കാരിക വിപ്ലവത്തിനു മുൻപ് ഞാൻ കണ്ടതിനെ അപേക്ഷിച്ച് ബാഹ്യമായി വലിയ വ്യത്യാസമൊന്നും ഉണ്ടായിരുന്നില്ല.

വസ്ത്രങ്ങളുടെ കാര്യത്തിൽ കൂടുതൽ ഐകരൂപ്യം വന്നിട്ടുള്ളതായി കാണാൻ കഴിഞ്ഞു. സ്ത്രീകളും പുരുഷന്മാരും ഒരുപോലെ നീലയും ചാരയും നിറങ്ങളുള്ള ജാക്കറ്റുകളും ട്രൗസറുകളുമാണ് ധരിച്ചിരുന്നത്. തണുപ്പുകാലത്ത് വസ്ത്രങ്ങളിൽ പരുത്തി കൊണ്ടുള്ള കട്ടിപ്പാളികൾ തുന്നിച്ചേർത്തിരുന്നു. സായുധസേനാംഗങ്ങൾ ധരിക്കുന്ന കാക്കി നിറമുള്ള വസ്ത്രങ്ങളും കൂടുതൽ ധാരാളമായി കാണപ്പെട്ടു. ചുവപ്പു നക്ഷത്രങ്ങൾ വച്ചു പിടിപ്പിച്ച തൊപ്പികളും ചുവപ്പു വാലുള്ള കോളർടാബുകളും മാത്രമാണ് സായുധസേനാംഗങ്ങളുടെ വേഷവിധാനത്തെ സാധാരണക്കാരുടേതിൽ നിന്ന് വ്യതിരിക്തമാക്കിയിരുന്നത്.

മിക്ക സ്ത്രീകളും വീടുകളിൽ കൂടുതൽ വർണശബളിമയാർന്ന വസ്ത്രങ്ങൾ ധരിക്കുന്നതായി കണ്ടു. മിക്കവരും വിശേഷാവസരങ്ങളിൽ ഉപയോഗിക്കുന്നതിനുവേണ്ടി ഒന്നോ രണ്ടോ സിൽക്കുവസ്ത്രങ്ങളോ രോമക്കുപ്പായങ്ങളോ കരുതി വയ്ക്കുക പതിവായിരുന്നു. പക്ഷെ തെരുവുകളിൽ കാണപ്പെട്ട എല്ലാവരുടേയും വസ്ത്രധാരണ രീതി, തൊഴിലാളിവർഗവൽക്കരിക്കപ്പെട്ടിരുന്നു.

''കുറച്ചുകൂടി ക്ഷമിക്കൂ. കൂടുതൽ വൈവിധ്യങ്ങൾ കാണാം'' യാത്രയ്ക്കിടയിൽ ഒരു പഴയ സുഹൃത്ത് എന്നോട് പറഞ്ഞു, ''അവിടെ നിൽക്കുന്ന സ്ത്രീകളെ നോക്കൂ. അവർ തിളങ്ങുന്ന നിറങ്ങളോടുകൂടിയ ഒരു പുതിയതരം തൂവാലകൾ അണിഞ്ഞിരിക്കുന്നതു കണ്ടില്ലേ? കൂടുതൽ 'അയവുള്ള' ഒരു കാലഘട്ടം സമാഗതമായിക്കൊണ്ടിരിക്കുന്നു എന്നതിന്റെ സൂചനയാണത്.'' ഒരിക്കൽ ഒരു കൂട്ടം സാങ്കേതിക വിദഗ്ധരുടെ ആതിഥ്യം സ്വീകരിച്ചുകൊണ്ട് ഞാൻ അവരുടെ വീട് സന്ദർശിക്കുകയുണ്ടായി. അവിടത്തെ സ്ത്രീകൾ ഒരു മേശമേൽ നിവർത്തിയിട്ടിരുന്ന മനോഹരമായി പ്രിൻറുചെയ്ത തുണിത്തരങ്ങൾ അതീവ ശ്രദ്ധയോടെ നോക്കിക്കൊണ്ടിരിക്കുന്നത് ഞാൻ കണ്ടു. അവർ, ജപ്പാനിൽനിന്നുള്ള ഫാഷൻസംബന്ധിയായ ഒരു പുസ്തകം ശ്രദ്ധാപൂർവംനോക്കിക്കൊണ്ടിരിക്കയായിരുന്നു.

നഗരങ്ങളിലാവട്ടെ, ബുദ്ധിജീവികളെ കർഷകരിൽനിന്നും തൊഴിലാളികളിൽനിന്നും വേർതിരിച്ചറിയുക കൂടുതൽ പ്രയാസമായിത്തീർന്നിരുന്നു. ബുദ്ധിജീവിവിഭാഗം ദന്തഗോപുരത്തിൽനിന്ന് ഒട്ടുവളരെ താഴോട്ട് ഇറങ്ങിവന്നുകഴിഞ്ഞിരുന്നു. അവർ ആൾക്കൂട്ടവുമായി അലിഞ്ഞ് ഒന്നാവാൻ പഠിച്ചുകഴിഞ്ഞിരിക്കുന്നു. ചൈനയിലെ ഭൂരിഭാഗം കുട്ടികൾക്കും വിദ്യാഭ്യാസം ലഭിച്ചുതുടങ്ങിയിരിക്കുന്നു. തന്മൂലം കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ സാക്ഷരരുടെ എണ്ണം ഗണ്യമായി വർധിച്ചു. നഗരപ്രദേശങ്ങളിൽ 50 വയസ്സിനു താഴെ പ്രായമുള്ള ഒരൊററ *ഹിസ്യാത്സു* വിനെപ്പോലും (*ഹിസ്യാത്സു* എന്നാൽ അന്ധൻ എന്നാണർഥം. ചൈനക്കാർ, നിരക്ഷരർ എന്ന അർഥത്തിൽ ഈ വാക്ക് ഉപയോഗിച്ചുവരുന്നു.) കാണാൻ കഴിയുകയില്ല. ജനങ്ങൾ കൂടുതൽ അന്തസ്സോടും തുറന്ന മനസ്സോടും കൂടി പരസ്പരം ഇടപഴകുന്നതായും കൂടുതൽ പരസ്പരബഹുമാനത്തോടെ പെരുമാറുന്നതായും എനിക്ക് കാണാൻ കഴിഞ്ഞു.

പഴയ വർഗാപകർഷത ഏറെക്കുറെ അപ്രത്യക്ഷമായിരുന്നു. ഞാൻ സന്ദർശിച്ച പുതിയ ഫാക്ററികളിലെയെല്ലാം തൊഴിലാളികൾ ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയിട്ടുള്ളവരായിരുന്നു.

കഴിഞ്ഞ 20 വർഷമായി തുടർച്ചയായി നടത്തിവരുന്ന മരംനടീൽ പരിപാടിയുടെ ഫലമായി പട്ടണങ്ങളും ഗ്രാമങ്ങളും കൂടുതൽ സുന്ദരമായിത്തീർന്നിട്ടുണ്ട്. ഭൂ ഉപയോഗത്തിൽ വന്നിട്ടുള്ള ഈമാററം, ചൈനയുടെ പഴയ ഭൂപ്രകൃതിയിൽ പ്രകാശം ചൊരിഞ്ഞു. ഇന്ന് ചൈന പണ്ടത്തെക്കാളേറെ സമ്പന്നമാണ് എന്നകാര്യം–സ്വകാര്യസമ്പത്തല്ല– വളരെ വ്യക്തമാണ്.

നമ്മുടെ സുഹൃത്ത് വാങ്ങിന് ഇപ്പോൾ വേണ്ടത്ര ഭക്ഷണവും വസ്ത്രവും ലഭിക്കുന്നുണ്ട്. അയാൾ തികച്ചും ആരോഗ്യവാനാണ്. അയാൾക്ക് തന്റെ സമയം പൂർണമായും ഉപയോഗപ്പെടുത്താനുള്ള അവസരങ്ങളുണ്ട്. ആഴ്ചയിൽ ആറു ദിവസം അയാൾ തൊഴിൽ ചെയ്യുന്നു. അതോടൊപ്പം തന്നെ മാവോ സിദ്ധാന്തങ്ങളെക്കുറിച്ചുള്ള ക്ലാസുകളിൽ പങ്കെടുക്കുകയും സാങ്കേതിക വിദ്യാഭ്യാസനത്തിൽ ഏർപ്പെടുകയും ചെയ്യുന്നു. അവധി ദിവസം—മിക്കപ്പോഴും ഞായറായിരിക്കും അവധി ദിവസം. സാധാരണദിവസങ്ങളും അവധി ദിവസങ്ങളാവാം. തിക്കും തിരക്കും ഒഴിവാക്കുന്നതിനുവേണ്ടി പല വിഭാഗങ്ങൾക്ക് പല ദിവസങ്ങളിലാണ് അവധി ലഭിക്കുന്നത്—അയാൾ തന്റെ കുടുംബാംഗങ്ങളോടൊപ്പം കഴിയുന്നു; അല്ലെങ്കിൽ, പിങ്പോങ്കളിയിൽ ഏർപ്പെടുന്നു. ഉഷ്ണകാലത്താണെങ്കിൽ സ്വിമ്മിങ് പൂളിലോ, തടാകത്തിലോ, കടലിലോ നീന്താൻ പോവുകയാവും അയാൾ ചെയ്യുക. നീന്തൽ ചൈനയെ സംബന്ധിച്ചിടത്തോളം താരതമ്യേന പുതിയൊരു കായിക വിനോദമാണ്. തണുപ്പുകാലത്ത് ഗ്രാമപ്രദേശങ്ങളിൽ പിക്നിക്കിനു പോകാനാകും അയാൾ തീരുമാനിക്കുന്നത്. ചിലപ്പോഴൊക്കെ വാങ്ങ്, വ്യോമപ്രതിരോധ ഷെൽട്ടറുകൾ നിർമിക്കുക, ഇഷ്ടിക നിർമിക്കുക തുടങ്ങിയ സേവന പ്രവർത്തനങ്ങളിലും—ഏതെങ്കിലും ഡോക്ടറുടേയോ അധ്യാപകന്റേയോ കൂടെ—ഏർപ്പെടുന്നു.

മറ്റെല്ലാവരേയും പോലെ വാങ്ങും ഒരു ഗ്രൂപ്പിലെ അംഗമാണ്. പട്ടണ പ്രദേശങ്ങളിലാണെങ്കിൽ അയാൾ ഏററവും

അടുത്ത പാർടി ലൈൻ കമ്മററിയുടെ നിയന്ത്രണത്തിനു് വിധേയമായി പ്രവർത്തിക്കുന്നു. ശിശുക്ഷേമ പ്രവർത്തനങ്ങൾ, ശുചീകരണം, പരിസര മലിനീകരണ പ്രതിരോധം, പൊതുക്ഷേമ പ്രവർത്തനങ്ങൾ, ആരോഗ്യസംരക്ഷണം, വൃദ്ധജനങ്ങളേയും അബലരേയും സംരക്ഷിക്കുന്ന പ്രവർത്തനങ്ങൾ എന്നിവയെല്ലാം ഇത്തരം കമ്മററികളുടെ ചുമതലയിലായിരിക്കും. കമ്യൂണുകളിലാണെങ്കിൽ ഗ്രാമതലത്തിലോ ഉൽപ്പാദന സംഘതലത്തിലോ ഉള്ള കമ്മററികളായിരിക്കും ഇത്തരം പൊതുപ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നത്.

വാങ്ങിന്റെ മനസ്സിനകത്തേക്കു് ചുഴിഞ്ഞിറങ്ങാൻ നമുക്കു് കഴിയില്ലല്ലോ. അതുകൊണ്ടു്, മാനസികമായി അയാൾക്കു് എന്തെങ്കിലും പ്രയാസങ്ങളുണ്ടോ എന്നു പറയാനാവില്ല. വല്ലതും ഉണ്ടെങ്കിൽത്തന്നെ, വിലവർധനവോ വൈദ്യശുശ്രൂഷാ ചെലവുകളോ നികുതിഭാരമോ ഒന്നുമല്ല എന്ന കാര്യം ഉറപ്പാണു്. കഴിഞ്ഞ 10 വർഷങ്ങളായി വില നിലവാരം സ്ഥിരമായി നിൽക്കുകയോ കുറഞ്ഞു കൊണ്ടിരിക്കുകയോ ആണു്. നാണയപ്പെരുപ്പമോ കരിഞ്ചന്തയോ ഇല്ല തന്നെ. വാങ്ങിനു് വ്യക്തിപരമായ നികുതികളൊന്നും കൊടുക്കേണ്ടതില്ല. ഗവണ്മെൻറാണു് വിപണി നിയന്ത്രിക്കുന്നതു്. തന്മൂലം ഉപഭോഗം പൂർണമായും ആസൂത്രണം ചെയ്യുവാൻ കഴിയുന്നു. വില നിശ്ചയിക്കുന്നതും ഗവണ്മെൻറുതന്നെ. ഇതു് രണ്ടും വഴി പരോക്ഷമായി സംഭരിക്കുന്ന മിച്ചമൂല്യമാണു് ഗവണ്മെൻറിന്റെ വരുമാനം.

വാങ്ങിന്റെ ബജററ് തികച്ചും പരിമിതമാണു്. പക്ഷെ അയാൾക്കു് കടബാധ്യതകളില്ല. ബാങ്കു് ജപ്തിയെപ്പററി വിഷമിക്കേണ്ടതില്ല. അയാളുടെ മാതാപിതാക്കളെ അലട്ടിയിരുന്ന പട്ടിണിപ്പിശാചും പിച്ചപ്പാളയും വാങ്ങിനെ അലട്ടുന്നേയില്ല.

വാങ്ങിന്റെ സാംസ്കാരിക ജീവിതം വൈവിധ്യപൂർണമാണു്. പാർക്കുകളും കളിസ്ഥലങ്ങളും പ്രഭാഷണങ്ങളും സംഗീതമേളകളും റേഡിയോയും ടെലിവിഷനും അയാളുടെ ജീവിതത്തിന്റെ ഭാഗമായിരിക്കുന്നു. പുസ്തകങ്ങളുടെ കാര്യം പറയുകയാണെങ്കിൽ, 1970 ൽ അയാൾക്കു് തെരഞ്ഞെടുക്കാൻ പാഠപുസ്തകങ്ങളോ മാവോ കൃതികളോ മാത്രമേ ഉണ്ടായിരുന്നുള്ളു.

അയാൾ ഒരു ലോങ്ങ്വേവ് റേഡിയോ വാങ്ങുകയോ ഒരു ഷോർട്ടുവേവ് റേഡിയോ അസംബിൾ ചെയ്ത് ഉപയോഗിക്കുകയോ ചെയ്യുന്നു. സ്വന്തമായി ടെലിവിഷൻ സെറ്റുകൾ ഉള്ളവർ വിരളമാണ്. ടെലിവിഷൻ സെറ്റുകൾക്ക് വിദേശരാജ്യങ്ങളെ അപേക്ഷിച്ച് വില കൂടുതലാണ്. തന്മൂലം ഗ്രൂപ്പുകളും സ്ഥാപനങ്ങളും പൊതുവായുള്ള ടെലിവിഷൻ സെറ്റുകൾ ഉപയോഗിക്കുന്നു. തിയേററിലെന്നപോലെ ഇതിലും എല്ലാ പരിപാടികളിലും രാഷ്ട്രീയ പ്രചാരണച്ചുവയുണ്ടായിരിക്കും. കലാ-കായിക പരിപാടികളുടെ ടിക്കററുകൾക്ക് നല്ല ചെലവാണ്. ഈ ടിക്കററുകൾ ഗ്രൂപ്പുകൾ മുഖേനയാണ് വിതരണം ചെയ്യുന്നത്. വളരെ ചുരുക്കം ടിക്കററുകൾ മാത്രമേ പ്രദർശന സ്ഥലത്തുവച്ച് വിൽക്കാറുള്ളു. ധാരാളം സിനിമകൾ പുറത്തു വരുന്നുണ്ട്. സിനിമാ ടിക്കററുകൾക്കാണെങ്കിൽ തുച്ഛമായ വിലയേ ഉള്ളൂ. പക്ഷെ സിനിമകൾക്ക് വൈവിധ്യം കുറവത്രെ.

വാങ്ങ് വായിക്കുന്ന പോസ്ററുകളുടെയെല്ലാം ഉള്ളടക്കം മാവോയുടെ നിർദേശങ്ങളും ആഹ്വാനങ്ങളുമാണ്. പൊതുസ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ബോർഡുകളിൽ പ്രദർശിപ്പിച്ചിട്ടുള്ള ദിനപത്രങ്ങളിലെല്ലാം തന്നെ പാർടിയുടെ അഭിപ്രായങ്ങൾ മാത്രമേ കാണൂ. പത്രങ്ങളിൽ വിദേശവാർത്തകൾ നന്നെ ചുരുക്കമാണ്. ഉള്ളവയാകട്ടെ, സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കപ്പെട്ടവയുമാണ്. പല രംഗങ്ങളിലും ഇപ്പോഴും പിന്നോക്കാവസ്ഥയിലാണെങ്കിലും രാഷ്ട്രീയമായി എല്ലാ കാര്യങ്ങളിലും ശരിയായ ലൈൻ പുലർത്തുന്ന ഒരു രാഷ്ട്രമാണ് ചൈന എന്ന ധാരണയെ തകിടം മറിക്കുന്ന യാതൊരു വാർത്തയും പത്രങ്ങളിൽ പ്രസിദ്ധീകരിക്കപ്പെടുകയില്ല. അതേ സമയം വാങ്ങിന്, കൊലപാതകങ്ങൾ, 'അവിഹിത'ങ്ങൾ, വ്യത്യസ്ത വർണക്കാർ തമ്മിലുള്ള വഴക്കുകൾ, ജാതിവഴക്കുകൾ, വ്യാപാരവൽകൃതസെക്സ്, സാഡിസം, മസോക്കിസം, സമ്പന്ന വർഗക്കാരുടെ കുനുഷ്ടുകൾ മുതലായവയെക്കുറിച്ചൊന്നും വായിച്ച് വിഷമിക്കേണ്ടിവരില്ല. ചൈനയിൽ പന്നക്കാരില്ല. അഴിമതിക്കാരായ ഉദ്യോഗസ്ഥന്മാരും, മോഷ്ടാക്കളും അതുപോലുള്ള പരോപജീവികളും നന്നെ വിരളമാണ്. വർഗശത്രുക്കൾ ഇപ്പോഴും നിലവിലുണ്ടെങ്കിലും അവരുടെ ദുഷ്ചെയ്തികൾ അധികവും വിദേശത്താണ് നടക്കുന്നത്. ചുരുക്കത്തിൽ പണ്ട് ആരോ

തമാശയായി പറഞ്ഞതുപോലെ, 'എല്ലാ സദാചാര ബോധവും വന്നടിയുന്ന ഒരു തൊട്ടി'യാണ് ചൈന.

മേൽപ്പറഞ്ഞ കാര്യങ്ങളിൽ ചിലതിൽ ചില്ലറ ഏററങ്ങളുണ്ടായിട്ടുണ്ട് എന്നതൊഴിച്ചാൽ കാര്യമായ മാററമൊന്നുമില്ല. വേതനത്തിൻെറ കാര്യത്തിലാണെങ്കിൽ, താഴേക്കിടക്കാരും ഇടത്തരക്കാരുമായ ആളുകളുടെ വേതനനിരക്കിൽ നേരിയ വർധനവുണ്ടാവുകയും മേലേത്തട്ടിലുള്ളവരുടെ വേതനനിരക്കിൽ നേരിയ കുറവ് അനുഭവപ്പെടുകയും ചെയ്തിട്ടുണ്ട് എന്നതൊഴിച്ചാൽ കാര്യമായ വ്യത്യാസമൊന്നും ഉണ്ടായിട്ടില്ല. ഉദാഹരണമായി, ഇടയിടെ മേലേക്കിടയിലുള്ള സായുധ സേനാ ഓഫീസറന്മാർ തങ്ങളുടെ വേതനത്തിൽ 30% കുറവു വരുത്താൻ സ്വയമേവ സമ്മതിക്കുകയുണ്ടായി—ഇപ്രകാരമാണ് ഹാങ്ങ്ചോവിൽ വച്ച് കണ്ടുമുട്ടാനിടയായ ഒരു ജനറൽ എന്നോടു പറഞ്ഞത്. അതുപോലെതന്നെ, മററ് ഉയർന്ന ഉദ്യോഗസ്ഥന്മാരും (മാവോ സെ തുങ്ങ് തൻെറ അലവൻസിൻെറ 20 ശതമാനം കുറവു ചെയ്തുവത്രെ). ഫാക്ററികളിൽ അപ്രണ്ടീസ് ഷിപ്പു കഴിഞ്ഞ തൊഴിലാളികളുടെ വേതനം, അവരുടെ വയസ്സ്, റാങ്ക്, പ്രവൃത്തി പരിചയം എന്നിവയെ ആശ്രയിച്ച് പ്രതിമാസം 20 ഡോളർ മുതൽ 50 ഡോളർ വരെ 45 യുവാൻ മുതൽ 122 യുവാൻ വരെ—ആകാം[1]. ചുരുക്കം ചില വിദഗ്ധ ജോലിക്കാർക്ക് പ്രതിമാസം 100 ഡോളർ വരെ വേതനം ലഭിച്ചെന്നു വരും. ഏററവും മേലേത്തട്ടിലുള്ള ഒരു കാഡർക്ക് അല്ലെങ്കിൽ ജനറലിന് 150 ഡോളർ പ്രതിഫലം ലഭിക്കും. പക്ഷെ തങ്ങളെ ആശ്രയിച്ചു കഴിയുന്ന ആരുമില്ലെങ്കിൽ ശമ്പളത്തിൻെറ നല്ലൊരു ഭാഗം അവർ രാഷ്ട്രത്തിന് മടക്കിക്കൊടുത്തെന്നുവരും. കർഷകരുടെ വരുമാനത്തിൽ ഒട്ടുവളരെ ഏററക്കുറച്ചിലുകളുണ്ട്. പട്ടണങ്ങളിലെ തൊഴിലാളികളുമായി താരതമ്യപ്പെടുത്തുമ്പോൾ കർഷകരുടെ വേതനത്തിൽ പണത്തിൻെറ തോതു് കുറവുമാണ്. പക്ഷെ ചരക്കുകളുടെ രൂപത്തിലുള്ള വരുമാനവും അതുമായി ബന്ധപ്പെട്ട സൗകര്യങ്ങളും പരിഗ

---

1. ഔദ്യോഗിക വിനിമയ നിരക്കനുസരിച്ച് 2.44 യുവാൻ = 1 യു. എസ്. ഡോളർ. സാധാരണ കണക്കുകൂട്ടലിന് 1 യുവാൻ = 0.40 ഡോളർ.

ണിക്കുമ്പോൾ, കമ്യൂൺനിവാസികളും നഗരവാസികളും തമ്മിൽ പണ്ടെന്നത്തേക്കാളുമേറെ സമത്വം കൈവന്നിരിക്കുന്നു.

ഒരു ഡസനിൽപരം നഗരങ്ങളും നിരവധി ഉൾപ്രദേശങ്ങ പട്ടണങ്ങളും കമ്യൂൺ കേന്ദ്രങ്ങളും സന്ദർശിക്കാൻ എനിക്ക് അവസരം ലഭിക്കുകയുണ്ടായി. ഈ പ്രദേശങ്ങളിലെല്ലാം കൂടുതൽ മെച്ചപ്പെട്ട ഉപഭോഗവസ്തുക്കൾ ലഭ്യമായിരുന്നു. വിലനിലവാരമാകട്ടെ 1965 ലേതിനേക്കാൾ അൽപ്പം കുറഞ്ഞിട്ടുമുണ്ട്. സാധനങ്ങളുടെ ഗുണം മെച്ചപ്പെട്ടിരിക്കുന്നു. ഉദാഹരണത്തിന് ചില അത്യാവശ്യസാധനങ്ങളുടെ വില നിലവാരം നോക്കാം (ഓരോവസ്തുവിന്റേയും അര കിലോഗ്രാമിന് ഡോളറിലുള്ള വിലയാണ് കൊടുത്തിരിക്കുന്നത്). പച്ചക്കറികൾ അതത് സീസണുകളിൽ സുലഭമായി ലഭിക്കുന്നു. വിലയാണെങ്കിൽ കേവലം 1 മുതൽ 2വരെ സെന്റേയുള്ളു. ഒന്നാന്തരം അരിക്ക് 8–9 സെന്റും, ഗോതമ്പുമാവിന് 5–6സെന്റും, ഉരുളക്കിഴങ്ങ്. മധുരക്കിഴങ്ങ് എന്നിവയ്ക്ക് 2സെന്റും, ആട്ടിറച്ചി, പന്നിയിറച്ചി, മാട്ടിറച്ചി എന്നിവയ്ക്ക് 20–40 സെന്റുമാണ് വില. മധുരപലഹാരങ്ങൾക്കും മീറ്റായികൾക്കും 30–80 സെന്റാണ് വില.

പണ്ടൊക്കെ ചൈനയിൽ മത്സ്യം കഴിക്കുന്നവർ വളരെ വിരളമായിരുന്നു. ഇപ്പോഴാവട്ടെ, ഉൾപ്രദേശങ്ങളിലടക്കം എല്ലായിടത്തും ധാരാളം മത്സ്യം വിൽക്കപ്പെടുന്നുണ്ട്. 1 ക്വാർട്ട് (ഏതാണ്ട് 1¼ലിററർ) പാലിന്ന് 10 സെന്റും 1 ബോട്ടിൽ ബിയറിന് 20 സെന്റും മധുരപാനീയങ്ങൾക്ക് 5–10 സെന്റും ഐസ്ക്രീം കോണുകൾ, സ്റ്റിക്കുകൾ എന്നിവയ്ക്ക് 2–4 സെന്റും മുന്തിരിവൈൻ ബോട്ടിലൊന്നിന് 50 സെന്റും ജിന്നിന് 55 സെന്റുമാണ് വില. 30 സെന്റിന് ഒരു ഡസൻ മുട്ടലഭിക്കും. പെക്കിങ്ങിൽ വിദേശികളെ ഉദ്ദേശിച്ച് പ്രവർത്തിക്കുന്ന ഒരു പലവ്യജ്ഞനക്കടയുണ്ട്. അൽപ്പം കൂടുതൽ വിലകൊടുത്താൽ അവിടെ ഏത് പ്രത്യേക ആഹാരപദാർഥവും ലഭിക്കും. ഒന്നാന്തരം പൊരിച്ച കറുത്ത മീൻമുട്ട (കവയർ) റാത്തലൊന്നിന് 2.50 ഡോളറാണ് വില.

4–6 സെന്റ് കൊടുത്താൽ വഴിവക്കിലെ ചില്ലറക്കടകളിൽ നിന്ന് ഒരു തരം മിശ്രിതാഹാരം ലഭിക്കും. ആവിയിൽ വേവിച്ച ഗോതമ്പു ചുരുളുകളും ഉപ്പിലിട്ട പച്ചക്കറികളും സോസേജും സൂപ്പുമാണ് ഇതിലെ ഘടകങ്ങൾ. ഫാക്ററികൾക്കുള്ള

കളിൽ നിന്നു ലഭിക്കുന്ന അൽപം കൂടി കനത്ത ആഹാരത്തിനു് 10 മുതൽ 15 വരെ സെൻറാണു് വില.

മിക്ക ആളുകളും ഫെൽട്ട് സോളുകളോടുകൂടിയ തുണിഷൂസുകളാണു് ധരിക്കുന്നതു്. ഇവയ്ക്കു് 1 ഡോളർ മുതൽ 3 ഡോളർ വരെ വിലയുണ്ടു്. തുകൽ ഷൂസുകൾക്കു് 6 മുതൽ 10 വരെ ഡോളറും പ്ലാസ്റ്റിക്, റബ്ബർ ഷൂസുകൾക്കു് 2 മുതൽ 3 വരെ ഡോളറുമാണു് വില. കുഞ്ഞുങ്ങൾക്കുള്ള റെഡീമേയ്ഡ് വസ്ത്രങ്ങൾക്കു് 2 മുതൽ 4 വരെ ഡോളറും നല്ലൊരു രോമത്തൊപ്പിക്കു് 5 ഡോളറും തുകലോ തുണിയോ ഉപയോഗിച്ചു് ലൈൻ ചെയ്തിട്ടുള്ള ഓവർ കോട്ടുകൾക്കു് 20 മുതൽ 40 വരെ ഡോളറും ഡ്രിപ്ഡ്രൈ ബ്ലൗസുകൾ, സ്റ്റാക്കുകൾ എന്നിവയ്ക്കു് 6 മുതൽ 10 വരെ ഡോളറുമാണു് വില.

ധാന്യോൽപ്പന്നങ്ങൾ, പാചകഎണ്ണ, പരുത്തിത്തുണി എന്നിവയ്ക്കു് ഇപ്പോഴും റേഷനുണ്ടു്. ഓരോരുത്തർക്കും അവർ ചെയ്യുന്ന ജോലിയുടെ തോതനുസരിച്ചു് പ്രതിമാസം 30 റാത്തൽ മുതൽ 45 റാത്തൽ വരെ ധാന്യം ലഭിക്കുന്നു. മററു് ആഹാര പദാർഥങ്ങൾ സുലഭമായി ലഭിക്കുന്നതുകൊണ്ടു് ഈ റേഷൻ ആവശ്യത്തിലധികമാണു്. അന്തർദേശീയ പരുത്തിത്തുണിമാർക്കററിൽ ഏററവും മുൻപന്തിയിൽ നിൽക്കുന്ന രാഷ്ട്രമാണു് ചൈന. പരുത്തിത്തുണികൾ ചൈനയുടെ വിദേശക മ്പോളത്തിലെ ഒരു മുഖ്യ വിപണന വസ്തുവാണു്. ചൈനയ്ക്കു് വിദേശ നാണ്യം നേടിക്കൊടുക്കുന്ന പദാർഥങ്ങളിൽ ഏററവും പ്രധാനപ്പെട്ടതു് പരുത്തിത്തുണി തന്നെ. തന്മൂലം രാജ്യത്തിനകത്തു് ആളൊന്നുക്കു് (കുട്ടികളുൾപ്പെടെ) 18 അടി എന്ന കണക്കിനു് റേഷൻ ചെയ്താണു് തുണി വിതരണം ചെയ്യുന്നതു്. കൃത്രിമ നാരുകൾ കൊണ്ടും കമ്പിളികൊണ്ടും ഉണ്ടാക്കുന്ന തുണികൾക്കു് ഈ റേഷൻ ബാധകമല്ല. അവയ്ക്കു് ധാരാളം ആവശ്യക്കാരുണ്ടു്. പാചക എണ്ണയ്ക്കു് റേഷനുണ്ടെങ്കിലും അതു് എല്ലാവർക്കും ധാരാളമാണു്. മേൽപ്പറഞ്ഞ അപവാദങ്ങൾ ഒഴിച്ചാൽ മററു് ഒരു ഉപഭോഗവസ്തുവും റേഷനിങ്ങിൻെറ പരിധിയിൽ ഉൾപ്പെടുന്നില്ല.

ചൈനയിൽ സ്വകാര്യ ഉടമയിൽ കാറുകളേയില്ല. പക്ഷെ നഗരങ്ങൾക്കകത്തും അവയ്ക്കിടയിലുമുള്ള ബസ്സ് സർവീസുകൾ ഒട്ടു വളരെ മെച്ചപ്പെട്ടിട്ടുണ്ടു്. എങ്കിലും ബസ്സുകളിൽ ഇപ്പോഴും നല്ല തിരക്കാണു്. ചൈനയിലെ തീവണ്ടി സർവീസുകൾ

ലോകത്തിലെ ഏററവും നല്ല തീവണ്ടി സർവീസുകളുടെ കൂട്ടത്തിൽ പെടുന്നവയാണ്. തീവണ്ടി–ബസ്ചാർജ്ജുകൾ വളരെ തുച്ഛമാണ്.

സാമാന്യേന ഓരോ കുടുംബത്തിലും ചുരുങ്ങിയത് ഒരു സൈക്കിളെങ്കിലും കാണും. സൈക്കിളൊന്നിന് 35–45 ഡോളർ വിലവരും. വീട്ടുവാടക (സംരക്ഷണച്ചെലവ്), മുറി ഒന്നിന് ഏകദേശം 1–2 ഡോളർ വരും. താമസ സൗകര്യങ്ങളുടെ കാര്യത്തിൽ വളരെയേറെ വ്യത്യാസങ്ങൾ ഉണ്ടെങ്കിലും പൊതുവിലുള്ള നിലവാരം വളരയേറെ മെച്ചപ്പെട്ടിട്ടുണ്ട്. ഗ്രാമപ്രദേശങ്ങളിൽ കർഷകർക്ക് സ്വന്തമായി വീടുകളുണ്ട്. വീടുകൾക്ക് കരം ചുമത്തുന്ന പതിവില്ല. വ്യവസായത്തൊഴിലാളികളുടെ ആരോഗ്യശുശ്രൂഷാ ചെലവുകൾ വഹിക്കുന്നത് അതത് സ്ഥാപനങ്ങളാണ്. കമ്യൂൺ അംഗങ്ങളുടെ രോഗശുശ്രൂഷാ ചെലവുകൾ അതത് കമ്യൂണുകൾ വഹിക്കുന്നു. മരുന്നുകളുടെ വില, പാശ്ചാത്യരാജ്യങ്ങളിലേതുമായി താരതമ്യപ്പെടുത്തുമ്പോൾ, വളരെ കുറവാണ്, ജനനനിയന്ത്രണ ഗുളികകൾ വ്യത്യസ്തസംഘടനകൾമുഖേന, സൗജന്യമായി വിതരണം ചെയ്യപ്പെടുന്നു.

ജനങ്ങളുടെ ജീവിതരീതിയെക്കുറിച്ച് ഇതിൽക്കൂടുതൽ മനസ്സിലാക്കാൻ കഴിയണമെങ്കിൽ സാംസ്കാരിക വിപ്ലവത്തെക്കുറിച്ച് കൂടുതൽ വിശദമായി പഠിച്ചേ മതിയാകൂ. ഫാക്ടറികളിലും വിവിധതലങ്ങളിലുള്ള വിദ്യാഭ്യാസസ്ഥാപനങ്ങളിലും കാർഷിക കമ്യൂണുകളിലും പൊതുജനാരോഗ്യ വിഭാഗങ്ങളിലും സാംസ്കാരിക മണ്ഡലങ്ങളിലും പ്രതിരോധ സേനയിലുമെല്ലാം രാഷ്ട്രീയവും സംഘടനാപരവുമായ വമ്പിച്ച മാററങ്ങളാണ് സാംസ്കാരിക വിപ്ലവകാലത്തുണ്ടായത്. യുവജനങ്ങളുടെ ഏററവും വലിയ ആഗ്രഹം സായുധസേനയിലൊ നാവിക–വ്യോമസേനകളിലൊ സേവനമനുഷ്ഠിക്കുക എന്നതാണ്. പക്ഷെ വളരെച്ചുരുക്കം പേർ മാത്രമേ ഈ തുറകളിലേക്ക് തെരഞ്ഞെടുക്കപ്പെടാറുള്ളു. മാവോയുടെ യുവ പിൻഗാമികൾക്കിടയിൽ വൈദ്യ സൗകര്യങ്ങൾ വ്യാപിപ്പിക്കുന്നതിനും നഗരപ്രദേശങ്ങളെ വിട്ട് ഗ്രാമപ്രദേശങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനുമുള്ള—മാവോയുടെ ''സ്വയം മറന്ന് ജനങ്ങളെ സേവിക്കുക'' എന്ന ആഹ്വാനത്തിനനുസൃതമായി—ഒരു പുതിയ ആവേശം പരന്നിട്ടുള്ളതായി എനിക്ക് കാണുവാൻ കഴിഞ്ഞു.

ഭാഗം രണ്ട്

ആരോഗ്യ ശുശ്രൂഷയും
ജനന നിയന്ത്രണവും

5

ഗർഭച്ഛിദ്രവും അക്യുപങ്ചറും

ഞങ്ങൾ ഇപ്പോൾ ചെറിയൊരു ആശുപത്രിമുറിയിലെത്തിയിരിക്കുകയാണ്. അക്യുപങ്ചർ ചികിത്സാരീതിയുടെ പുതിയൊരു ഉപയോഗം ഞങ്ങൾ നേരിട്ടുകാണാൻ പോവുകയാണ്. എന്റെ പഴയൊരു സുഹൃത്ത്, ഡോ. ലിൻ ചിയാവോ ചി യാണ് ഞങ്ങളെ ഇങ്ങോട്ടു കൂട്ടിക്കൊണ്ടുവന്നത്. മുറിയിൽ ഒരു ചെറുപ്പക്കാരി ചിരിച്ചുകൊണ്ടു കിടക്കുന്നു. ഇരുപത്തെട്ടുകാരിയായ ഒരു ഫാക്ററിത്തൊഴിലാളി. അവർ ഗർഭച്ഛിദ്രത്തിന് വിധേയയായിക്കൊണ്ടിരിക്കുകയാണ്. അവർക്ക് സാധാരണമട്ടിലുള്ള അനിസ്തീഷ്യയൊന്നും കൊടുത്തിട്ടില്ല. പകരം, ചെവിത്തട്ടയിന്മേൽ വേദനയുണ്ടാക്കാത്തവിധത്തിൽ രണ്ടുസൂചികൾ തറച്ചുവച്ചിട്ടുണ്ട്. അത്രമാത്രം.

ഇംഗ്ലണ്ടിൽ നിന്ന് ബീജിങ്ങിൽ സമ്പാദിച്ച ആദ്യത്തെ ചൈനീസ് വനിതാ ഗൈനക്കോളജിസ്റ്റാണ് ഡോ. ലിൻ ചിയാവോ ചി. അവർ പിന്നീട് ചിക്കാഗോയിൽ പരിശീലനം നേടി. ചൈനയിലെ ആധുനിക വൈദ്യസമ്പ്രദായത്തിന്റെ പ്രാണേതാക്കളിലൊരാളായ ഡോ. ലിൻ, കഴിഞ്ഞ അര നൂററാണ്ടുകാലമായി സ്ത്രീരോഗ വിദഗ്ധരെയും പ്രസവ ചികിത്സാ വിദഗ്ധരെയും പരിശീലിപ്പിച്ചു വരികയാണ്. ഇപ്പോഴും കൃസ്തുമതത്തിലും ദൈവത്തിലുമുള്ള വിശ്വാസം വച്ചു പുലർത്തുന്ന അവർ—ഈ വിഷയത്തെക്കുറിച്ച് അവർ ഇടയ്ക്കൊക്കെ തന്റെ സുഹൃത്തായ ചൂ എൻ ലായിയുമായി വാദപ്രതിവാദങ്ങളിൽ ഏർപ്പെടാറുണ്ട്—സമർഥമായി ഇംഗ്ലീഷ് കൈകാര്യം ചെയ്യും. പക്ഷെ തന്റെ ഇംഗ്ലീഷ് ഭാഷയെക്കുറിച്ച് അവർ നമ്മോട് ക്ഷമാപണം ചെയ്യും. തന്റെ ഇംഗ്ലീഷ് 'തുരുമ്പിച്ച'താണെന്നാണ് അവർ പറയുന്നത്.

''ഒരു ബാലചികിത്സാ വിദഗ്ധ എന്ന നിലയ്ക്കാണ് ഞാൻ തൊഴിലാരംഭിച്ചത്'', അവർ പറഞ്ഞു, ''പക്ഷെ കുഞ്ഞുങ്ങൾ മരിച്ചു വീഴുന്നത് എനിക്ക് സഹിക്കാൻ കഴിഞ്ഞില്ല. തന്മൂലം ഞാൻ അവരെ ജീവിതത്തിലേക്ക് ക്ഷണിച്ചു കൊണ്ടുവരുന്ന ജോലിയിൽ ഏർപ്പെട്ടു.''

റിട്ടയർമെൻറ് പ്രായം കഴിഞ്ഞ—അവർക്ക് അറുപത്തി ഒൻപതു വയസ്സിനടുത്ത് പ്രായമുണ്ട്—ഡോ. ലിൻ ഇപ്പോഴും പ്രസരിപ്പും ഉത്സാഹവും തുളുമ്പുന്ന പ്രകൃതക്കാരിയാണ്. മെലിഞ്ഞ ശരീരവും ഉറച്ച സ്വഭാവവുമാണവർക്ക്. ചൈനീസ് അക്കാദമി ഓഫ് മെഡിക്കൽ സയൻസസിലെ ഒരു പ്രമുഖാംഗവും മെഡിക്കൽ കോളേജിൽ അധ്യാപികയുമാണവർ. എല്ലാ ദിവസവും പഴയ പെക്കിങ്ങ് യൂണിയൻ മെഡിക്കൽ കോളേജിലെ തൻെറ ഡിപ്പാർട്ടുമെൻറിൽ നാലഞ്ചുമണിക്കൂർ അവർ ചെലവഴിക്കുന്നു. ഒരു കാലത്ത്, ചൈനയിലെ ഏററവും ഉയർന്ന നിലവാരം പുലർത്തുന്ന ആശുപത്രിയും മെഡിക്കൽ സ്കൂളുമായിരുന്നു അത്. അര നൂററാണ്ടിനു മുൻപ് റോക്ഫെല്ലർ ഫൗണ്ടേഷൻെറ സഹായത്തോടെയാണ് കോളേജ് സ്ഥാപിച്ചത്. സാംസ്കാരിക വിപ്ലവകാലത്ത് അതിൻെറ പേര് ''സാമ്രാജ്യത്വ വിരുദ്ധ ആശുപത്രി'' എന്നാക്കപ്പെട്ടു. ഇപ്പോൾ ഷൗദു അഥവാ തലസ്ഥാന ആശുപത്രി എന്ന പേരിലാണ് അതറിയപ്പെടുന്നത്. അവിടത്തെ 60 ശതമാനം ഡോക്ടർമാരും നെഴ്സുമാരും മററ് സ്റ്റാഫംഗങ്ങളും സ്ത്രീകളാണ്. പ്രസവ,സ്ത്രീ രോഗവിഭാഗങ്ങളിൽ ജോലി ചെയ്യുന്നവരിൽ 90 ശതമാനവും സ്ത്രീകളാണ്. മെഡിക്കൽ വിദ്യാർഥികളിൽ സ്ത്രീകളുടേയും പുരുഷന്മാരുടെയും എണ്ണം ഏതാണ്ട് തുല്യമാണ്.

ഓപ്പറേഷൻ സമയത്ത് ഫോട്ടോ എടുക്കട്ടെ? ഞാൻ രോഗിണിയോട്, ചോദിച്ചു. അനുവാദം മൂളിക്കൊണ്ട് അവർ ചെറുതായി ചിരിച്ചു. അവർക്ക് പത്താമത്തെ ഗർഭമുണ്ട്. എട്ടാം നമ്പർ ഡയലേററർ ഘടിപ്പിച്ചിട്ടുള്ള ഒരു സ്റ്റെയിലൻസ്സ് സ്റ്റീൽ ട്യൂബ് ഒരു ഹോസ്പൈപ്പിനോട് ബന്ധിപ്പിച്ചിരിക്കുന്നു.ഹോസ് ഒരു സ്വീകരണിയിലേക്കും സമ്മർദ്ദിതവായു അറ, വൈദ്യുതപമ്പ് എന്നിവയിലേക്കും ഘടിപ്പിച്ചിരിക്കുന്നു. കാററു വലിച്ചെടുത്ത് ഗർഭച്ഛിദ്രം നടത്തുന്നതിനു് ഒരു സാധാരണ സൈക്കിൾ പമ്പുകൊണ്ട് കിട്ടുന്ന വലിവ് മതിയാകും. ഗ്രാമ

പ്രദേശങ്ങളിൽ കാലുകൊണ്ട് ചവുട്ടിപ്രവർത്തിപ്പിക്കാവുന്ന പമ്പുകൾ ഉപയോഗിച്ചാണ് ഈ ഉപകരണം പ്രവർത്തിപ്പിക്കുന്നത്. ഗ്രാമപ്രദേശങ്ങളിലെ കമ്യൂൺ ആശുപത്രികൾ വരെയുള്ള വിവിധതലങ്ങളിൽ ഈ രീതിയിലാണ് ഗർഭച്ഛിദ്രം നിർവഹിച്ചുവരുന്നത്. ''വളരെ സരളവും പ്രായേണ ഒട്ടും തന്നെ വേദനയുളവാക്കാത്തതുമായ രീതിയാണിത്. ഒട്ടും തന്നെ രക്തസ്രാവമോ കാര്യമായ അനന്തര(ദുഷ്യ)ഫലങ്ങളോ ഉണ്ടാവുകയുമില്ല.'' ഡോ. ലിൻ പറഞ്ഞു.

ശസ്ത്രക്രിയ പുരോഗമിച്ചുകൊണ്ടിരിക്കുന്നതിനിടയിൽ രോഗിണി എന്നോട് സംസാരിച്ചുകൊണ്ടിരുന്നു. തനിക്ക് രണ്ടു കുഞ്ഞുങ്ങളുണ്ടെന്നും കൂടുതൽ കുഞ്ഞുങ്ങളുണ്ടായിക്കൂടാൻ ആഗ്രഹമില്ലെന്നും അവർ പറഞ്ഞു. രണ്ടോമൂന്നോ കുഞ്ഞുങ്ങൾ ആവാം എന്നാണ് പൊതു നിർദേശം. നഗരപ്രദേശങ്ങളിൽ നിർദേശിക്കപ്പെട്ടിരിക്കുന്ന വിവാഹപ്രായം പുരുഷന് 28ഉം സ്ത്രീക്ക് 26ഉമാണ്. എത്രകണ്ട് വൈകുന്നുവോ അത്രയും നല്ലത്. ''നിർദേശിക്കപ്പെട്ടിട്ടുള്ള'' അല്ലെങ്കിൽ ''ശരിയായ'', വയസ്സുകളും പൊതുവെ പ്രചാരത്തിലുള്ള വിവാഹപ്രായവും തമ്മിൽ ഇപ്പോഴും വലിയ പൊരുത്തമൊന്നുമില്ല. പക്ഷെ ഇത്തരം വ്യതിയാനങ്ങളെ സമൂഹം, പ്രത്യേകിച്ചും നഗരങ്ങളിലുള്ളവർ, ഗൗരവപൂർവം വീക്ഷിച്ചുതുടങ്ങിയിട്ടുണ്ട്. എന്നാൽ സാംസ്കാരികവിപ്ലവകാലത്ത് താരതമ്യേന ഇളം പ്രായത്തിൽ നിരവധി വിവാഹങ്ങൾ നടക്കുകയുണ്ടായി. ഗ്രാമപ്രദേശങ്ങളിലെ യുവതീയുവാക്കൾ ഇരുപത്മുതൽ ഇരുപത്തിയഞ്ചുവരെയുള്ള പ്രായത്തിന്നിടയിൽത്തന്നെ വിവാഹിതരാവുക പതിവാണ്. പക്ഷെ, വിദേശങ്ങളിൽ പറഞ്ഞുപരത്തിയിട്ടുള്ളതു പോലെ ഇവരെ ശിക്ഷിക്കുകയോ ബലാല്ക്കാരമായി വേർതിരിക്കുകയോ ചെയ്യാറില്ല.

''വേദന തോന്നുന്നുണ്ടോ?'' രോഗിണിയോട് ഞാൻ ചൈനീസ് ഭാഷയിൽ അന്വേഷിച്ചു. അവർ ചിരിച്ചുകൊണ്ട് നിഷേധാർഥത്തിൽ തലയാട്ടി. താൻ മാവോ സെ തുങ്ങ് ചിന്ത ഉപയോഗപ്പെടുത്തുന്നുണ്ട് എന്നവർ പറഞ്ഞു. ''യാതനകളെയോ മരണത്തേയോ ഭയക്കാതിരിക്കുക'' എന്ന മാവോ സൂക്തമായിരിക്കാം! പത്തു മിനിററിനകം അവർ ഓപ്പറേഷൻ മേശയിൽ നിന്നു് എഴുന്നേററു.

പൂർണമായി ബോധ്യംവരാത്തതുകൊണ്ട് അല്പദിവസങ്ങൾക്കുശേഷം മറെറാരു ഗർഭച്ഛിദ്രം കാണുന്നതിതായി വീണ്ടും ഞാൻ അതേ ആശുപത്രി സന്ദർശിച്ചു. ഇത്തവണ ഇരുപത്തൊൻപതുകാരിയായ ഒരു യുവതിയായിരുന്നു രോഗിണി. ഒരു ഇലക്ട്രിക്കൽ ഫാക്ടറിയിൽ ജോലി ചെയ്യുന്ന അവർ 6 വയസ്സുള്ള ഒരു കുഞ്ഞിന്റെ അമ്മയാണ്. ഗർഭനിരോധനത്തിനായി താൻ ഗർഭനാളവളയമാണ് ഉപയോഗിച്ചിരുന്നതെന്നും ഗർഭ നിരോധന ഗുളികകൾ ഉപയോഗിക്കുന്നതിൽ തനിക്ക് താത്പര്യമില്ലെന്നും അവർ എന്നോട് പറഞ്ഞു. ഇത്തവണയും അക്യുപങ്ചർ ഉപയോഗിച്ചുള്ള അനിസ്തീഷ്യ തന്നെയാണ് ഉപയോഗിക്കപ്പെട്ടത്. കഴിഞ്ഞ തവണ കണ്ട സ്ത്രീയെപ്പോലെത്തന്നെ ഇവരും തികച്ചും പ്രസന്നവതിയായി കാണപ്പെട്ടു. എന്തെങ്കിലും സംഭവിക്കുന്നതായി അവർ അറിയുന്നതുപോലുമില്ലായിരുന്നു. ഒടുവിൽ എല്ലാം കഴിഞ്ഞതായി ഡോക്ടർമാർ അറിയിച്ചപ്പോൾ അവർ അത്ഭുതത്തോടെ എഴുന്നേററു. അൽപനേരം എല്ലാവരോടും വർത്തമാനം പറഞ്ഞു. ''യഥാർഥത്തിൽ ഞാനിപ്പോൾ രണ്ടാഴ്ചത്തെ ശമ്പളത്തോടുകൂടിയ അവധിക്ക് അർഹയാണ്,'' അവർ പറഞ്ഞു. ''പക്ഷെ എനിക്ക് ഇന്നുച്ചയ്ക്കുശേഷംതന്നെ ഫാക്ടറിയിലെത്തണമെന്നു തോന്നുന്നു. എനിക്കിപ്പോൾ യാതൊരസുഖവുമില്ല. ഷെഡ്യൂളിനു മുൻപുതന്നെ കോട്ട തികയ്ക്കുന്നതിന് ഞാൻ ഫാക്ടറിയിൽ എത്തേണ്ടിയിരിക്കുന്നു.''

ഗർഭച്ഛിദ്രങ്ങൾ സൗജന്യമായാണ് നിർവഹിക്കപ്പെടുന്നത്. ഗർഭച്ഛിദ്രം നടത്തുന്നതിന്ന് മാതാവ് മാത്രം ആവശ്യപ്പെട്ടാൽ മതി എങ്കിലും കുടുംബത്തിന്റെ പൊതുവായുള്ള അംഗീകാരമുണ്ടാവുന്നതാണ് നല്ലത്. ഗർഭനിരോധന ഗുളികകൾ ആദ്യമായി പരീക്ഷിച്ചുനോക്കിയത് 1964 ലാണ്. ഇപ്പോൾ ചൈനയിൽ വികസിപ്പിച്ചെടുത്തിട്ടുള്ള 22 ദിന ഗുളികകൾ, വളയങ്ങൾ, മററ് ഗർഭനിരോധനോപാധികൾ എന്നിവയേക്കാൾ കൂടുതൽ വ്യാപകമായി ഉപയോഗിക്കപ്പെടുന്നു. ആർത്തവം തുടങ്ങി അഞ്ചാം ദിവസം മുതലാണ് ഗുളികകഴിച്ചു തുടങ്ങുന്നത്. എല്ലാ മെഡിക്കൽസ്ഥാപനങ്ങളും മൊബൈൽ യൂണിററുകളും ആർമി, കമ്യൂൺ വൈദ്യസംഘങ്ങളും ജനനനിയന്ത്രണത്തിനു പ്രചാരം നൽകുകയും ഗർഭനിരോധന ഗുളികകൾ

സൗജന്യമായി വിതരണം ചെയ്യുകയും ചെയ്യുവാനുള്ള ഇപ്പോൾ, ഗുളികകളുടെ ഡിമാൻറ് അവയുടെ ഉല്പാദനത്തേക്കാൾ കൂടുതലാണ്. എങ്കിലും, ഗർഭനിരോധന മാർഗങ്ങൾക്കു പകരം ഗർഭച്ഛിദ്രം സ്വീകരിക്കുന്നത് ചൈനക്കാർ പ്രോത്സാഹിപ്പിക്കുന്നില്ല. ഗർഭനിരോധനോപാധികൾ ലഭിക്കാതിരിക്കുകയോ അവ ഫലപ്രദമാകാതിരിക്കുകയോ ചെയ്യ, ഒന്നോ അതിലധികമോ കുഞ്ഞുങ്ങളുടെ അമ്മമാരായ സ്ത്രീകൾക്കുള്ള ഒരവസാന പ്രതിവിധിയായാണ് ഗർഭച്ഛിദ്രം ഉപയോഗിച്ചുവരുന്നത്. 'അവിഹിതബന്ധങ്ങൾ' എന്നൊരേർപ്പാടുതന്നെ ചൈനയിലില്ല—കുഞ്ഞിനെ സംരക്ഷിക്കുന്നകാര്യത്തിൽ മാതാവിനും പിതാവിനും തുല്യ ഉത്തരവാദിത്തമാണ്—തന്മൂലം, വിവാഹം കഴിയാതെ മാതാവാകുന്നതു തടയാനുള്ള ഒരു മാർഗമല്ല, ചൈനയിൽഗർഭച്ഛിദ്രം. വിരളമായി മാത്രമേ ആദ്യമായി ഗർഭംധരിച്ച സ്ത്രീകൾ ഗർഭച്ഛിദ്രത്തിന് വിധേയരാവാറുള്ളു. സാധാരണ ഗതിയിൽ, മാതാവിൻെറ ആരോഗ്യം അപകടകരമല്ലാത്ത സന്ദർഭങ്ങളിലെല്ലാം, ആദ്യമായി ഗർഭം ധരിച്ച സ്ത്രീകൾ ഗർഭച്ഛിദ്രം നടത്തുന്നതിൽ നിന്ന് പിന്തിരിപ്പിക്കപ്പെടുന്നു.

ഗർഭച്ഛിദ്രം നടത്തുന്നതിനുള്ള ശസ്ത്രക്രിയകളിൽ അനിസ്തീഷ്യക്കുപരം അക്യുപങ്ചർ പ്രയോഗിക്കുന്നതിനെക്കുറിച്ചുള്ള പരീക്ഷണങ്ങൾ ആരംഭിച്ചതു് 1968 ലാണെന്നും ഇപ്പോൾ ഈ രീതി പരക്കെ ഉപയോഗിക്കപ്പെടുന്നുണ്ടെന്നും ഡോ. ലിൻ പറഞ്ഞു. പ്രസവസമയത്തും അക്യുപങ്ചർ ഉപയോഗിച്ചു വരുന്നുണ്ട് (ചൈനയിൽ 90ശതമാനം പ്രസവങ്ങളും സ്വാഭാവികമായി നടക്കുന്നു. ഏതെങ്കിലും തരത്തിലുള്ള ബുദ്ധിമുട്ട് അനുഭവപ്പെടുമ്പോഴാണ് അക്യുപങ്ചർ ഉപയോഗിക്കുന്നതു്). പക്ഷെ ഈ രീതിയുടെ തെളിയിക്കപ്പെട്ട കഴിഞ്ഞിട്ടുള്ള വിജയം, ഇനിയും ഔപചാരികമായി പ്രഖ്യാപിക്കപ്പെട്ടുകഴിഞ്ഞിട്ടില്ല (പ്രൊഫഷണൽ അനിസ്തീഷ്യാ വിദഗ്ധന്മാർ വിരളമായ ഗ്രാമപ്രദേശങ്ങളിൽ ഈ രീതിക്ക് വമ്പിച്ച പ്രാധാന്യമാണുള്ളതു്). സാമ്രാജ്യത്വവിരുദ്ധ ആശുപത്രിയിലെ വിപ്ലവകമ്മററിയുടെ ചെയർമാൻ, ആശുപത്രിയിൽ കണ്ട കാര്യങ്ങളോ അതുസംബന്ധിച്ചുള്ള ഫോട്ടോകളോ പ്രസിദ്ധീകരിക്കരുത് എന്ന് എന്നോടഭ്യർഥിക്കുകയുണ്ടായി.

അല്പനാളുകൾക്കുശേഷം പ്രധാനമന്ത്രി ചൂ, ആശ്രുപത്രി സന്ദർശനത്തെക്കുറിച്ച് എന്നോട് അന്വേഷിക്കുകയുണ്ടായി. അക്യുപങ്ചറിന്റെ ഈ പുതിയ ഉപയോഗത്തെ സംബന്ധിച്ചുള്ള ഒരുരേഖ, അംഗീകാരവും കാത്ത്, തന്റെ മേശപ്പുറത്തിരിക്കാൻ തുടങ്ങിയിട്ട് കുറച്ചുദിവസങ്ങളായി എന്നദ്ദേഹം അറിയിച്ചു. ഇപ്പോൾ അദ്ദേഹത്തിന് പൂർണ ബോധ്യമായിരിക്കുന്നു എന്നും എന്റെ ആശ്രുപത്രി സന്ദർശനത്തെക്കുറിച്ചുള്ള ഒരു റിപ്പോർട്ട് താൻ നേരിട്ട് പ്രസിദ്ധീകരണത്തിന് നൽകാൻ പോവുകയാണെന്നും അദ്ദേഹം പറയുകയുണ്ടായി. പ്രധാനമന്ത്രി കൊസ്സിഗിനോ പ്രസിഡന്റ് നിക്സണോ ഇത്തരം വിശദാംശങ്ങൾ പരിഗണിക്കാൻ സമയം കാണുമോ എന്ന് ഞാൻ ആശ്ചര്യപ്പെട്ടു. എങ്ങനെയാണ് ഒരു മനുഷ്യന് ഇത്രയും കാര്യങ്ങൾക്ക് സമയം ലഭിക്കുന്നത്? ചൂ ഒരാളല്ല.

6

എന്താണ് അക്യുപങ്ച്ചർ?

വിപ്ലവത്തിനു മുൻപുള്ള കാലഘട്ടത്തിൽ ചൈനയിൽ താമസിക്കാനിടവന്നപ്പൊഴൊന്നും തന്നെ *അക്യുപങ്ച്ചർ, മോക്സിബസ്ററുൺ*[1] എന്നിവയെപ്പററി മനസ്സിലാക്കാൻ ഞാൻ കാര്യമായ യാതൊരു ശ്രമവും നടത്തുകയുണ്ടായില്ല. അന്നൊക്കെ, മിക്ക വിദേശിയരേയും പോലെ, ഞാനും പരമ്പരാഗതചൈനീസ് വൈദ്യമുറകളൊക്കെ വെറും മുറിവൈദ്യമാണെന്ന് കരുതിപ്പോന്നു. വിപ്ലവത്തിനു ശേഷം 1960ൽ വീണ്ടും ചൈന സന്ദർശിച്ചപ്പോഴാണ് അവ കൂടുതൽ ശ്രദ്ധാർഹമായ വിഷയങ്ങളാണ് എന്നെനിക്ക് മനസ്സിലായത്. 1958നു ശേഷം, പാശ്ചാത്യരാജ്യങ്ങളിൽ നിന്ന് പരിശീലനം നേടിയിട്ടുള്ള ഡോക്ടർമാരെല്ലാം തന്നെ ചുരുങ്ങിയത് ആറുമാസക്കാലമെങ്കിലും പരമ്പരാഗത ചൈനീസ് ചികിത്സാരീതികൾ പഠിക്കേണ്ടതാണെന്ന് അനുശാസിക്കപ്പെട്ടിരുന്നു.

ചൈനയിലെപരമ്പരാഗത ചികിത്സാരീതികൾക്ക് ഏകദേശം 2200 വർഷക്കാലത്തെ എഴുതപ്പെട്ട ചരിത്രമുണ്ട്: ആയിരക്കണക്കിന് ഗ്രന്ഥങ്ങളും ചികിത്സാക്കുറിപ്പുകളും രോഗവിവര

---

[1] കാഞ്ഞിരത്തിനു സമാനമായ ഒരു ചൈനീസ് മരത്തിന്റെ (*അർതമേസിയ മേക്സാ*) കാൻറണീസ് പേരായ *മോങ്ഗ്സ* എന്ന വാക്കിന്റെ പാഠഭേദത്തിൽ നിന്നാണ് മോക്സിബസററുൺ എന്നവാക്കുണ്ടായത്. മോങ്ഗ്സയുടെ ഇല നല്ലപോലെ അരച്ച് കുഴമ്പാക്കി തൊലിപൊളിക്കുന്നതിന് ഉപയോഗിക്കുന്നു. പൊളിക്കുക എന്നത് ഒരു പഴയ ചികിത്സാ സമ്പ്രദായമാണ്. യൂറോപ്പിലെ ചില പ്രദേശങ്ങളിൽ ഈ രീതി ഇപ്പോഴും പ്രയോഗത്തിലുള്ളതായി പറയപ്പെടുന്നു.

ങ്ങൾ, ചികിത്സാവിധികൾ എന്നിവയെക്കുറിച്ചുള്ള വിശദവിവരങ്ങളും ലഭ്യമാണ്.

ചൈനക്കാരും വിദേശീയരുമായ പല ഡോക്ടർമാരോടും ഞാൻ അക്യുപങ്ചറിനെക്കുറിച്ച് സംസാരിച്ചിട്ടുണ്ട്. പക്ഷെ ഇതു സംബന്ധിച്ച് ഏററവും നല്ല ഒരു ലഘുവിവരണം എനിക്കു ലഭിച്ചത് യു. എസ്. പൊതുജനാരോഗ്യവകുപ്പിലെ ഒരു സീനിയർ സർജനായ വില്യം വൈ.ചെൻ 1961ൽ പ്രസിദ്ധീകരിച്ച ഒരു റിപ്പോർട്ടിൽ നിന്നാണ്. ഈ റിപ്പോർട്ടിലെ പല ഭാഗങ്ങളും ഞാൻ നേരത്തെ ഉദ്ധരിച്ചിട്ടുണ്ട്[2]. ചൈനയിലെ ജീവിതകാലത്ത് തനിക്ക് നേരിട്ടു മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ള വിവരങ്ങൾ, അടുത്തകാലത്ത് ചൈന സന്ദർശിച്ച ചില വിദേശഡോക്ടർമാരിൽ നിന്ന് ശേഖരിച്ച വിവരങ്ങൾ, ചൈനയിൽ നിന്നു പ്രസിദ്ധീകരിക്കുന്ന മെഡിക്കൽ ജേർണലുകളിൽനിന്ന് (പ്രധാനപ്പെട്ട 25 ജേർണലുകളിൽനിന്ന്) ലഭിച്ചവിവരങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി നടത്തിയ ഒരു പഠനത്തിന്റെ അടിസ്ഥാനത്തിൽ ഡോ.ചെൻ അക്യുപങ്ചറിനെക്കുറിച്ച് പറയുന്നത് ഇപ്രകാരമാണ്:

> "4000 വർഷത്തെ പ്രായോഗിക പരിചയത്തെ അടിസ്ഥാനമാക്കിയുള്ള ഒരു അനുഭവാധിഷ്ഠിത ചികിത്സാസമ്പ്രദായമാണ് ചൈനീസ് പാരമ്പര്യവൈദ്യം. ഇതിലെ ആരോഗ്യം, രോഗാവസ്ഥ എന്നിവയെക്കുറിച്ചുള്ള സങ്കല്പങ്ങൾ, *യിൻ*(നെഗററീവ്), *യാങ്*(പോസിററീവ്)എന്നീ രണ്ടു ശക്തികളുടെ പരസ്പരസംതുലനം, അസംതുലനം എന്നിവയെ അടിസ്ഥാനമാക്കിയുള്ളതാണ്. ഈ ചികിത്സാരീതിക്ക്, ശരീരഘടനാ ശാസ്ത്രപരമായോ ശരീരശാസ്ത്രപരമായോ കാര്യമായി യാതൊന്നും സംഭാവന ചെയ്യാനില്ല. പക്ഷെ,പച്ചമരുന്നുകൾ,മററു മരുന്നുകൾ, രോഗലക്ഷണപഠനങ്ങൾ എന്നിവയെയെല്ലാം കുറിച്ചുള്ള ഒട്ടനവധി അമൂല്യവിവരങ്ങൾ അതിന്റെ സംഭാവനയായുണ്ട്. ഈ മരുന്നുകളുടെ ഉപയോഗത്തെ സംബന്ധിച്ചുള്ള വിവരങ്ങൾക്കും അതുപോലെ തന്നെ അക്യുപങ്ചർ, മോക്ബിസ്ററ്യൻ, തിരുമ്മൽ, ശ്വസന ചികിത്സാ എന്നിവയ്ക്കും അവയുടെതായ പ്രാധാന്യമുണ്ട്.

---

2 Red china Today, The Other Side of the River എന്നീ ഗ്രന്ഥങ്ങൾ നോക്കുക.

ചൂടുള്ളതും തണുത്തതുമായ സൂചികൾ ശരീരത്തിലെ ചില പ്രത്യേക സ്ഥാനങ്ങളിൽ തുളച്ചു കയറുന്ന രീതിയാണ് അക്യുപങ്ചർ. സൂചികൾ മിനുസമുള്ളവയോ പരുപരുത്തവയോ ആകാം. അവയുടെ നീളത്തിലും വ്യത്യാസമുണ്ടാവാം (3 സെമീമുതൽ24 സെമീവരെ). ഈ സൂചികൾ ശരീരത്തിലെ വ്യത്യസ്തകലകളിലേക്കും അവയവങ്ങളിലേക്കും പല ആഴത്തിൽ തുളച്ചുകയറുമ്പോൾ ആ അവയവങ്ങൾ ഉത്തേജിപ്പിക്കപ്പെടുകയും തൽഫലമായി ശാരീരിക പ്രതികരണങ്ങൾ ഉളവാകുകയും രോഗം ഭേദമാവുകയും ചെയ്യുന്നു.

ഇപ്പോൾ, അക്യുപങ്ചർ വിദഗ്ധന്മാർ വിഷബാധ തടയുന്നതിനുള്ള രീതികൾ, അടിസ്ഥാന ശരീരശാസ്ത്രം, മററ് ശാസ്ത്രവിഷയങ്ങൾ എന്നിവ ഉൾക്കൊള്ളുന്ന കോഴ്സുകൾക്ക് പഠിച്ചിരിക്കണമെന്ന് നിർബന്ധമാക്കിയിട്ടുണ്ട്. *''രണ്ടാം നിര ഡോക്ടർമാർ''* പഠിക്കുന്ന അതേ നിലവാരത്തിൽ അക്യുപങ്ചർ വിദഗ്ധന്മാരും ഈ വിഷയങ്ങൾ പഠിക്കുന്നു. ഈ വിദഗ്ധന്മാരെല്ലാം ഏതെങ്കിലും ആശുപത്രിയുമായി ബന്ധപ്പെട്ടാണ് പ്രവർത്തിക്കുന്നത്. മിക്കവാറും എല്ലാ ആശുപത്രികളിലും അക്യുപങ്ചർ സ്പെഷ്യലിസ്റ്റുകളുണ്ട്. ഇവരിൽ പലരും താഴ്ന്ന വോൾടേജിലുള്ള വൈദ്യുതി ഉപയോഗിച്ച് ചാർജ്ജു ചെയ്തിട്ടുള്ള സൂചികൾ ഉപയോഗിക്കുന്നു. ചിലപ്പോൾ അക്യുപങ്ചറും റേഡിയോ ചികിത്സയും ഒരുമിച്ച് ഉപയോഗപ്പെടുത്താറുമുണ്ട്. ഡോ. ചെൻ ഇങ്ങനെ തുടരുന്നു:

> സൂചികൾ ശരീരഭാഗങ്ങളിൽ ആഴ്ന്നതിന്റെ ഫലമായി ഉളവാകുന്ന ഉത്തേജനം ബാഹ്യനാഡികളിൽ നിന്ന് തലച്ചോറിന്റെ കോർട്ടക്സിലേക്ക് പ്രേഷണം ചെയ്യപ്പെടുകയും തൽഫലമായി തലച്ചോറിലെ വിക്ഷോഭങ്ങൾ(pathological irritations)അടിച്ചമർത്തപ്പെടുകയും ചെയ്യുന്നു.ഇത്തരമൊരു വിശദീകരണം പാവ്ലോവിന്റെ സോപാധിക പ്രതികരണ സിദ്ധാന്തത്തിന് അനുരൂപവുമാണ്.

എല്ലാത്തരം രോഗങ്ങളുടെ ചികിത്സക്കും അക്യുപങ്ചർ ഉപയോഗിച്ചു വരുന്നുണ്ട്. ഓപ്പറേഷൻ ആവശ്യമായ അപ്പൻഡിസൈറിസ് പോലുള്ള രോഗങ്ങൾ ചികിത്സി

ക്കുന്നതിനും പ്രമേഹം പോലുള്ള മാറാവ്യാധികളുടെ ചികിത്സയിലും അക്യുപങ്ചർ പ്രയോജനപ്പെടുന്നുണ്ട്. നാഡീവ്യവസ്ഥയിൽ ഉണ്ടാകുന്ന തകരാറുകൾ, നാഡീവ്യൂഹവുമായി ബന്ധപ്പെട്ട അസുഖങ്ങൾ എന്നിവയുടെ ചികിത്സയിലാണ് അക്യുപങ്ചർ രീതിയുടെ മേന്മ ഏററവുമധികം പ്രകടമാവുന്നത്. മുഖത്തിൻെറ തളർച്ച, സന്ധിവാതം, എക്സ്മ മുതലായവ അക്യുപങ്ചർ ഉപയോഗിച്ച് ഫലപ്രദമായി ചികിത്സിക്കാൻ കഴിഞ്ഞിട്ടുണ്ട്. ദീർഘകാലത്തെ പഴക്കമുള്ള ഒരു സന്ധിവാതകേസ് ഒട്ടുവളരെ സുഖപ്പെടുത്താൻ അക്യുപങ്ചർ രീതി സഹായിക്കുകയുണ്ടായി എന്ന് റഷ്യക്കാരനായ ഒരു ഡോക്ടർ രേഖപ്പെടുത്തിയിട്ടുണ്ട്. 1968ൽ ചൈനയിൽ പോയി അക്യുപങ്ചർ രീതിയിൽ പരിശീലനം നേടിയ ഒരു ഇന്ത്യൻ ഡോക്ടർ ആദ്യകാലത്തു് ഈ രീതിയെപ്പററി ചില സംശയങ്ങൾ പ്രകടിപ്പിക്കുകയുണ്ടായി. പക്ഷെ. പിൽക്കാലത്തു് പാരമ്പര്യചികിത്സാ രീതികളും ആധുനികപാശ്ചാത്യ ചികിത്സാ വിധികളും സംയോജിപ്പിച്ച് അത്ഭുതകരമായ പലനേട്ടങ്ങളും കൈവരിക്കാനാവുമെന്ന് ഇതേ ഡോക്ടർ അഭിപ്രായപ്പെട്ടു. വളരെക്കാലമായി അദ്ദേഹത്തെ പിടികൂടിയിരുന്ന സൈനസൈററിസ് രോഗം അക്യുപങ്ചർ ഉപയോഗിച്ച് ഫലമായി ചികിത്സിക്കപ്പെട്ടുവത്രെ'' 3

പെക്കിങ്ങിലും മററു നഗരങ്ങളിലുമുള്ള ആശുപത്രികളിൽ പാരമ്പര്യ ചൈനീസ് ചികിത്സാരീതികൾക്ക് വിധേയരായ പല രോഗികളേയും ഞാൻ നേരിട്ടു കാണുകയുണ്ടായി. ആശുപത്രികളിൽ അപ്പൻഡിസൈററിസ്, എക്സീമ, വാതം, സൈനസൈററിസ്, ക്ഷയം, പലവിധം തലവേദനകൾ, ബ്രോങ്കൈററിസ്, നാഡീസംബന്ധമായ പലവിധം രോഗങ്ങൾ എന്നിവ പാരമ്പര്യരീതികൾ ഉപയോഗിച്ച് ചികിത്സിക്കുന്നുണ്ട്. ഹാങ്കോവിലെ ആശുപത്രിയിൽ വച്ച് ഞാനൊരു രോഗിയെക്കാണുകയുണ്ടായി. ആശുപത്രിയിൽ പ്രവേശിച്ചപ്പോൾ അയാൾക്ക് ബോധമുണ്ടായിരുന്നില്ല. പാശ്ചാത്യവൈദ്യ ശാസ്ത്രജ്ഞ

---

3 മരുന്നും പൊതുജനാരോഗ്യവും China Quarterly No 6, April-June 1961.

ന്മാർ കഠിനമായ അപൻഡിസൈറിസ് എന്നു വിശേഷിപ്പിക്കുന്ന അയാളുടെ രോഗം അക്യുപങ്ചർരീതി ഉപയോഗിച്ച് നിശ്ശേഷം ഭേദമാക്കുകയുണ്ടായി.

ചൈനക്കാരുടെ പച്ചമരുന്നു പ്രയോഗവും അക്യുപങ്ചർ ചികിത്സയും ഒത്തു ചേർന്നാണ് പ്രവർത്തിക്കുന്നതു്. പലപ്പോഴും പച്ചമരുന്നു പ്രയോഗക്കാർ സൂചി വിദഗ്ധന്മാരുമായിരിക്കും. പൗരാണിക ചൈനീസ് വൈദ്യസമ്പ്രദായത്തിൽ ഉപയോഗിക്കുന്ന പദാവലികൾ തർജ്ജമചെയ്യുക പ്രയാസമാണ്, ഏതായാലും നേരത്തെ സൂചിപ്പിച്ച *യിൻ-യാങ്* 'വൈരുധ്യ'സങ്കല്പമാണ് അവയ്ക്കെല്ലാം ആധാരം. ശരീരം ഒരു 'ജൈവ ഏകത്വ'മാണ്. ശരീരത്തിലെ വ്യത്യസ്ത ഘടകങ്ങളോ അവയുടെഭാഗങ്ങളോ തമ്മിലുള്ള അസംതുലനമാണ് രോഗത്തിനു് നിദാനം. ചികിത്സ എന്നതിനർഥം, നഷ്ടപ്പെട്ടുപോയ സംതുലനാവസ്ഥ വീണ്ടെടുക്കുക എന്നാണ്. 'വൈരുധ്യങ്ങളിൽഅയവു വരുത്തിയാണ്' സംതുലനാവസ്ഥ വീണ്ടെടുക്കുന്നതു്. *യിൻ-യാങ്* (ഋണാത്മകം–ധനാത്മകം), *ചിയാ വോ–ലി* (ബാഹ്യം–ആന്തരികം) *ലെൻഗെ ജെ* (തണുപ്പ്–ചൂട്), *സു-ഷിഹ്* (ശൂന്യം-ഖരം) എന്നിങ്ങനെ എട്ടു പ്രധാനവൈരുധ്യങ്ങളാണുള്ളതു്.

സമ്പൂർണ അക്യുപങ്ചർ ചികിത്സാ വിധി പ്രകാരം മനുഷ്യ ശരീരം മേല്പറഞ്ഞ അടിസ്ഥാന ഘടകങ്ങൾ, അവ തമ്മിലുള്ള സംതുലനത്തിനു് ആധാരമായ 'ജൈവശക്തികൾ' എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി വിഭജിക്കപ്പെട്ടിട്ടുണ്ട്. സാധാരണ ഗതിയിൽ സ തുലനാവസ്ഥയിൽ പോലും ശത്രുതാപര സ്വഭാവമില്ലാത്ത ചിലവൈരുദ്ധ്യങ്ങൾ നിലനിൽക്കും. 'അസ്വാരസ്യങ്ങൾ' (രോഗങ്ങൾ)ഉളവാക്കുമ്പോൾ ശരീരത്തിലെ ഏതെങ്കിലും ഒരവയവമോ ഏതെങ്കിലുമൊരു കൂട്ടം പ്രക്രിയകളോ അമിതമായി പ്രവർത്തിക്കുകയോ അമിതമായി ഉദ്ദീപിക്കപ്പെടുകയോ, കേടു വരികയോ അല്ലെങ്കിൽ മറേറതെങ്കിലും വിധത്തിൽ വിക്ഷോഭ വിധേയമാവുകയോ ചെയ്യുന്നു. ഈ വൈരുധ്യത്തിനു്, അഥവാ തടസ്സത്തിനു് ഹേതുവായ കാരണം നീക്കം ചെയ്തു്, നഷ്ടപ്പെട്ട സംതുലനം വീണ്ടെടുക്കുക എന്നതാണ് ഡോക്ടറുടെ ജോലി. ''അസുഖങ്ങൾക്കു് ആന്തരി

കവും ബാഹ്യവുമായ കാരണങ്ങളുണ്ട്.'' മുൻപൊരു തവണ പെക്കിങ്ങിലെ 'സാമ്രാജത്വ വിരുദ്ധ ആശുപത്രി' (അന്ന് അതിന്റെ പേർ പെക്കിങ്ങ് യൂണിയൻ ആശുപത്രി എന്നായിരുന്നു) സന്ദർശിച്ചപ്പോൾ ആ സ്ഥാപനത്തിന്റെ വൈസ് ഡയറക്ടറായ ഡോക്ടർ ഹ്സു–ഹ്വങ്-ത്സു എന്നോടു പറഞ്ഞു. അദ്ദേഹം ഇങ്ങനെ തുടർന്നു, ''തലച്ചോറിലെ ഉയർന്ന നാഡീവ്യവസ്ഥ, ശരീരത്തിന്റെ പൊതുവായ പ്രവർത്തനത്തെ ബാധിക്കുന്നു. ഞങ്ങൾ *നി-ചു ചുങ്-കുവാൻ* (വിഷാദാവസ്ഥയിലുള്ളവാകുന്ന എരിയുന്ന കോപം[4]) എന്നു വിളിക്കുന്ന പ്രതിഭാസം ശരീരത്തിന്റെ പല ഭാഗങ്ങളിലും വേദനയും മുറിവുകളും ഉണ്ടാകാൻ കാരണമാകുന്നു. പാശ്ചാത്യ വൈദ്യന്മാർ 'ഹൈപ്പർ ടെൻഷൻ' കൊണ്ടുണ്ടാകുന്നത് എന്നു വിധിയെഴുതുന്ന വേദനകൾ ഒരു ചൈനീസ് ഡോക്ടർക്ക് മരുന്നുകളും അക്യുപങ്ചർ രീതിയും ഉപയോഗിച്ച് ചികിത്സിച്ചു ഭേദമാക്കാൻ കഴിയും.

''പാശ്ചാത്യ ചികിത്സാ വിധികൾപ്രയോഗിക്കുന്ന ഡോക്ടർമാർ രോഗിയോട് അയാളുടെ രോഗ ചരിത്രത്തെയും രോഗലക്ഷണങ്ങളെയും കുറിച്ചാണ് അന്വേഷിക്കുക പതിവ്. എന്നാൽ ചൈനീസ് ഡോക്ടർമാർ, രോഗിയെ വീക്ഷിക്കുന്നത് ബാഹ്യവും ആന്തരികവുമായ നിരവധി പിരിമുറുക്കങ്ങൾക്ക് വിധേയമാക്കപ്പെടുന്ന ഒരു പ്രതിഭാസം എന്ന നിലയ്ക്കാണ്. രോഗിയുടെ കുടുംബം, മാതാപിതാക്കളുമായുള്ള അയാളുടെ ബന്ധം, രോഗിയും അയാളുടെ ഭാര്യയും തമ്മിലുള്ള ബന്ധം, ജോലിയെ സംബന്ധിച്ചുള്ള വിവരങ്ങൾ, അയാളുടെ ഇഷ്ടാനിഷ്ടങ്ങൾ, അയാളുടെ ജീവിതത്തിൽ അസ്വാരസ്യങ്ങൾ അനുഭവപ്പെടുന്നതെവിടെ, അയാൾ നഗരവാസിയോ ഗ്രാമവാസിയോ, വടക്കനോ തെക്കനോ? ഈ വിവരങ്ങളെല്ലാം ചൈനീസ് ഡോക്ടറുടെ രോഗനിർണയത്തെ സംബന്ധിച്ചിടത്തോളം പ്രധാനമാണ്.''

''വടക്കും തെക്കുമോ? അതുകൊണ്ടും വ്യത്യാസമുണ്ടോ?'' ഞാൻ ചോദിച്ചു.

---

4 ഏകദേശ തർജൂമ മാത്രം!

''വ്യത്യാസമുണ്ട്. വടക്കൻ പ്രദേശക്കാർക്ക് 'ചൂടായി' അനുഭവപ്പെടുന്ന ചില മരുന്നുകൾ തെക്കൻമാരെ സംബന്ധിച്ചിടത്തോളം 'തണുപ്പാ'യിരിക്കും.''

''ഇത്തരമൊരന്വേഷണം, സ്വാഭാവികമായും രോഗിയുടെ രാഷ്ട്രീയ ചിന്തകളെയും സ്പർശിക്കുമല്ലോ അല്ലേ?''

''തീർച്ചയായും. എല്ലാത്തരം സംഘർഷങ്ങളും ചർച്ച ചെയ്യപ്പെടും.''

ഇതിൽ നിന്നും, തുടർന്നു നടന്ന സംഭാഷണത്തിൽ നിന്നു പരമ്പരാഗത ചൈനീസ് ചികിത്സകർ ഏതാണ്ട് ഒരു അപഗ്രഥകന്റെയും മനോരോഗ വിദഗ്ധന്റെയും പ്രവൃത്തിയാണ് നിർവഹിക്കുന്നതെന്നും അക്യുപങ്ചർ പലപ്പോഴും ഒരു ഷോക്ക് ചികിത്സയായാണ് പ്രയോഗിക്കപ്പെടുന്നതെന്നും വ്യക്തമാവുകയുണ്ടായി, പരിഹരിക്കപ്പെടാത്ത മാനസിക സംഘർഷങ്ങൾ, ആകാംക്ഷകൾ എന്നിവ മൂലമുണ്ടാകുന്ന രോഗങ്ങൾ ആധുനിക ചൈനയിലാണോ അന്തം വിട്ട മാന്ദ്യത്തിൽ അധിഷ്ഠിതമായ അമേരിക്കൻ വ്യവസ്ഥിതിയിലാണോ കൂടുതലായി കാണപ്പെടുന്നതെന്ന് എനിക്കറിഞ്ഞു കൂടാ. ഹൈപ്പർ ടെൻഷൻ മൂലമുണ്ടാകുന്ന ഹൃദ്രോഗങ്ങളുടെ തോത്—ഇതിൽ നിന്നു തെളിയുന്നതെന്തുമാകട്ടെ—രണ്ടു രാഷ്ട്രങ്ങളിലും ഏതാണ്ട് തുല്യമാണ് എന്നാണ് ഡോ. ചെൻ റിപ്പോർട്ടുചെയ്തിരിക്കുന്നത്[5]. ചൈനയിലെ മാനസിക രോഗങ്ങളെ കുറിച്ചുള്ള സ്ഥിതിവിവരക്കണക്കുകൾ എനിക്കറിഞ്ഞു കൂടാ. പക്ഷെ, ഞാൻ സന്ദർശിക്കാനിടയായ ആശുപത്രികളിലും സാനിട്ടോറിയങ്ങളിലും ഇത്തരത്തിലുള്ള നിരവധി രോഗികളെ കാണുകയുണ്ടായി. കമ്യൂണിസ്റ്റുകാർ സൃഷ്ടിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നതുപോലുള്ള ഒരു വ്യവസ്ഥിതിയിലെ സാമൂഹ്യ സമ്മർദങ്ങൾ ഉളവാക്കുന്ന ആന്തരിക സംഘർഷങ്ങൾ കഠിനമാണ്. അവയ്ക്കുള്ള ബഹിർഗമന മാർഗങ്ങളാകട്ടെ, വളരെക്കുറവും. തന്മൂലം, ചൈനീസ് ഡോക്ടർമാർക്ക് കൈകാര്യം ചെയ്യേണ്ടി വരുന്ന രോഗികളുടെ എണ്ണം വളരെ വലുതാണെന്നതിൽ അത്ഭുതപ്പെടാനില്ല എന്നു തോന്നുന്നു.

---

5. ഇന്ന് ചൈനയിൽ അത് വ്യക്തമായും കുറവാണെന്ന് ചൈനീസ് ആരോഗ്യകേന്ദ്രങ്ങൾ അവകാശപ്പെടുന്നു.

''പാരമ്പര്യ ചികിത്സാ രീതികളും ആധുനിക ശാസ്ത്രീയ ചികിത്സാ സമ്പ്രദായവും കൂട്ടിയിണക്കി ഒരു പുതിയ ചൈനീസ് വൈദ്യമുറ വാർത്തെടുക്കാനുള്ള കമ്യൂണിസ്റ്റുകാരുടെ പരിശ്രമം വിജയകരമാകുമോ എന്ന കാര്യം കാത്തിരുന്നറിയേണ്ടതാണ്. അവരുടെ പരിശ്രമത്തിന്റെ ഫലം എന്തുതന്നെയായാലും അതു തികച്ചും ശ്രദ്ധാർഹമാണെന്ന കാര്യത്തിൽ സംശയമില്ല.''[6] ഇങ്ങനെയാണ് ഡോ. ചെൻ തന്റെ ലേഖനം അവസാനിപ്പിക്കുന്നത്.

അക്യുപങ്ചറിനെ സംബന്ധിച്ചുള്ള നിരവധി ചർച്ചാ സമ്മേളനങ്ങൾ നടന്നു തുടങ്ങിയിട്ടുള്ളതായും, ആധുനിക പാശ്ചാത്യ ചികിത്സാവിധികളും പാരമ്പര്യ ചൈനീസ് ചികിത്സാ രീതിയായ അക്യുപങ്ചറും തമ്മിൽ സമന്വയിപ്പിക്കാൻ നിരവധി യൂറോപ്യൻ ഡോക്ടർമാർ ശ്രമിച്ചുവരുന്നതായും പ്രസിദ്ധ ബ്രിട്ടീഷ് നോവലിസ്റ്റായ ആൽഡസ് ഹക്സ്ലി 1957 ൽ റിപ്പോർട്ടു ചെയ്യുകയുണ്ടായി. ഹക്സ്ലി അക്യുപങ്ചർ ചികിത്സാ രീതിയിൽ അടിയുറച്ചു വിശ്വസിച്ചിരുന്ന ഒരാളാണ്. അദ്ദേഹം ഇപ്രകാരം എഴുതുകയുണ്ടായി:

> കാൽമുട്ടിന് ഒരല്പം താഴെയായി സൂചികൊണ്ട് ചെറിയൊരു കുത്തുകൊടുത്താൽ അതിന് കരളിന്റെ പ്രവർത്തനത്തെ സ്വാധീനിക്കാൻ കഴിയുന്നു എന്നത് തികച്ചും വിസ്മയകരമായിരിക്കുന്നു. [മററു സ്ഥാനങ്ങളിൽ കൂടുതൽ ആഴത്തിൻ സൂചികൾ ആഴ്ത്താറുണ്ട്. വിദഗ്ദ്ധമായി കൈകാര്യം ചെയ്യുകയാണെങ്കിൽ സൂചി ആഴ്ത്തുമ്പോൾ രക്തം പ്രവഹിക്കുകയേ ഇല്ല.] ആരോഗ്യവത്തായ ഒരു ശരീരത്തിൽ തുടർച്ചയായ ഊർജ പ്രവാഹം നടന്നുകൊണ്ടിരിക്കും എന്നാണ് ചൈനക്കാരുടെ വിശ്വാസം. ഊർജ പ്രവാഹത്തെ വേണ്ട വിധം തിരിച്ചുവിട്ട് സാധാരണ മട്ടിലാക്കുകയാണ് അക്യുപങ്ചർ ചെയ്യുന്നത്.

ശരീരത്തിലെ വ്യത്യസ്ത അവയവങ്ങൾ, ഉടൽ, തല എന്നിവയിലെല്ലാം അദൃശ്യങ്ങളായ ''ധ്രുവരേഖ''കളുണ്ടെന്നും ഈ ധ്രുവരേഖകൾ ശരീരത്തിലെ വ്യത്യസ്ത ആന്തരികാവയവ

---

6 Dr. William Y. Chen. നേരത്തെ ഉദ്ധരിച്ചത്.

ങ്ങളുമായി ബന്ധപ്പെട്ടു കിടക്കുന്നുവെന്നുമാണ് ചൈനീസ് അക്യുപങ്ചർ വിദഗ്ദ്ധന്മാർ വിശ്വസിക്കുന്നതു്. ഹക്സ്ലി ഈ വിശ്വാസത്തെ അനുഭവസിദ്ധമായ ഒരു വസ്തുതയായി കണക്കാക്കുന്നു. അദ്ദേഹം അക്യുപങ്ചറിനെക്കുറിച്ചുള്ള തന്റെ വിവരണം ഇങ്ങനെ തുടരുന്നു.

ഈ ധ്രുവരേഖകളിൽ അത്യധികം സംവേദനക്ഷമമായ ചില ബിന്ദുക്കളുണ്ടു്. ഇത്തരമൊരു ബിന്ദുവിൽ സൂചി ആഴ്ത്തുമ്പോൾ, പ്രസ്തുതബിന്ദു ഏതു ധ്രുവരേഖയിലാണോ സ്ഥിതി ചെയ്യുന്നതു്, ആ രേഖയുമായി ബന്ധപ്പെട്ട ആന്തരികാവയവത്തിന്റെ പ്രവർത്തനം സ്വാധീനിക്കപ്പെടുന്നു. വിദഗ്ധരായ അക്യുപങ്ചറിസ്റ്റുകൾ ഈ വിധത്തിൽ യുക്തിയുക്തമായി തെരഞ്ഞെടുത്ത നിരവധി ബിന്ദുക്കളിൽ സൂചികൾ ആഴ്ത്തുകവഴി ഊർജത്തിന്റെ പ്രവാഹം പുനഃക്രമീകരിക്കുകയും രോഗിയുടെ ആരോഗ്യം വീണ്ടെടുക്കുകയും ചെയ്യുന്നു. ഇതു കേൾക്കുമ്പോൾ നമ്മുടെ മുഖം വീണ്ടും ചുളിയുകയും ഇപ്പറയുന്നതിലൊന്നും യാതൊരു കഴമ്പുമില്ലെന്നു് നമുക്കു് തോന്നുകയും ചെയ്യും. പക്ഷെ, അടുത്ത കാലത്തു നടന്ന 'അക്യുപങ്ചർ കോൺഗ്രസി'ന്റെ റിപ്പോർട്ടുകൾ വായിച്ചു നോക്കൂ. സൂക്ഷ്മമായ വൈദ്യുതമാപന ഉപകരണങ്ങൾ ഉപയോഗിച്ചു് ചൈനക്കാർ പറയുന്ന ധ്രുവരേഖകളുടെ ഗതി മനസ്സിലാക്കുവാൻ ഗവേഷകർക്കു് കഴിഞ്ഞിട്ടുണ്ടെന്നാണ് അവയിൽ പറയുന്നതു്. മാത്രമല്ല, ധ്രുവരേഖകളിലെ തന്ത്രപ്രധാനമായ ബിന്ദുക്കളിൽ സൂചി ആഴ്ത്തുമ്പോൾ വൈദ്യുതീ പ്രവാഹത്തിൽ കാര്യമായ മാററങ്ങൾ സംഭവിക്കുന്നതായും കാണാൻ കഴിഞ്ഞിട്ടുണ്ടത്രെ[7].

ചൈനീസ് ചികിത്സാരീതികൾ ഏററവും കൂടുതൽ ഫലപ്രദമാകുന്നതു് ചില പ്രാത്യക ലക്ഷണങ്ങളോടു കൂടിയ രോഗങ്ങളുടെ കാര്യത്തിലാണെന്നു് ഹക്സ്ലി സൂചിപ്പിക്കുന്നുണ്ടു്. അനാരോഗ്യകരമായ പലതരം മാനസികാവസ്ഥകളാണ്—ഉദാഹരണമായി, അനാവശ്യമായ ചിലതരം ആകാംക്ഷ, മാനസിക മാന്ദ്യം എന്നിവ—ഇവയിൽ പ്രാധാന്യം. ആന്തരി

7 The Observer. ലണ്ടൻ 22, ഒക്ടോബർ 1961.

കാവയവങ്ങളുടെ പ്രവർത്തനത്തിലെ ചില ക്രമക്കേടുകൾ മൂലമുളവാകുന്ന ഇത്തരം അസുഖങ്ങൾ ശരീരത്തിലെ ഊർജപ്രവാഹം ക്രമീകരിച്ചു കഴിയുമ്പോൾ അപ്രത്യക്ഷമാവുന്നു. മനശ്ശാസ്ത്രജ്ഞന്മാരുടെ വളരെക്കാലത്തെ പരിശ്രമം കൊണ്ട് ലഭ്യമാക്കാതിരുന്ന ചില ഫലങ്ങൾ പോലും ഒരു വെള്ളി സൂചി രണ്ടു മൂന്നു പ്രാവശ്യം ശരീരത്തിലെ ചില പ്രത്യേക സ്ഥാനങ്ങളിൽ ആഴ്ത്തുന്നതുവഴി ലഭ്യമായെന്നു വരും.

അക്യുപങ്ചർ, പച്ചമരുന്നു ചികിത്സ എന്നിവയെക്കുറിച്ച് അമിതാവേശം പ്രകടിപ്പിക്കുമ്പോൾ ഒരു കാര്യം ഓർക്കേണ്ടതുണ്ട്: ബാക്ററീരിയോളജി, പാരസൈറോളജി, എപ്പിഡെമിയോളജി, എൻഡോക്രിനോളജി, വെനീറിയോളജി എന്നിവയെ കുറിച്ചൊന്നും യാതൊരു വിവരവും പൗരാണിക ചൈനീസ് വൈദ്യഗ്രന്ഥങ്ങളിൽ അടങ്ങുന്നില്ല എന്ന വസ്തുത. വിഷബാധയെ കുറിച്ചാണെങ്കിൽ ചില പ്രാകൃത സങ്കൽപ്പങ്ങൾ മാത്രമേ അവയിൽ അടങ്ങിയിട്ടുള്ളു. മസൂരി, ടൈഫോയ്ഡ്, ക്ഷയം, പ്ലേഗ്, ഡിസെൻട്രി, കോളറ, ടെററനസ്, കാലാ അസാർ, മലമ്പനി, മന്തു്, സിഫിലിസ് എന്നിങ്ങനെയുള്ള രോഗങ്ങൾ തടയുന്നതിന് ചൈനീസ് ചികിത്സാവിധികൾ പ്രയോജനപ്പെട്ടിരുന്നില്ല. പാരമ്പര്യ ചികിത്സാവിധികളും ആധുനിക പാശ്ചാത്യ ചികിത്സാ വിധികളും തമ്മിൽ സംയോജിപ്പിക്കുന്നതിനെ 1971ൽ പോലും എതിർക്കുന്നവർ ഉയർത്തുന്ന ചില സംശയങ്ങൾ ശരിയാണോ തെററാണോ എന്ന് ഇനിയും തീർത്തുപറയാറായിട്ടില്ല.

1960കളുടെ മധ്യഘട്ടം വരെ പാരമ്പര്യ ചികിത്സാവിധികൾക്ക് നല്കപ്പെട്ടിരുന്ന സംപൂജ്യത ഡോക്ടർമാരെ അമ്പരപ്പിച്ചിരുന്നു; ഈ ചികിൽസാവിധികൾ നിർബന്ധമായും പഠിച്ചിരിക്കണം എന്ന നിർദേശം അവരെ ചൊടിപ്പിച്ചിരുന്നു. പാശ്ചാത്യ ഡോക്ടർമാരെല്ലാം ഓസ്ററിയോപാഥി (അസ്ഥിശാസ്ത്രം)പഠിച്ചിരിക്കണം എന്നു നിർബന്ധിക്കുന്നതിനു സമാനമാണിതെന്ന് അവർ കരുതിയിരുന്നു. പക്ഷെ, സാംസ്കാരിക വിപ്ലവം പാശ്ചാത്യരീതിയിലുള്ള പരിശീലനം നേടിയ ഡോക്ടർമാരുടെ മനോഭാവത്തിൽ മാററം വരുത്തുകയുണ്ടായി. വൈദ്യസേവനം ചൈനയുടെ ഉൾപ്രദേശങ്ങളിലേക്ക്

എത്തിക്കുക എന്ന പരിപാടിക്ക് ഊന്നൽ നൽകപ്പെട്ടു. അതോടെ ജനങ്ങളുടെ വീക്ഷണത്തിൽ ഫലപ്രദമായതെന്തു്, ഫലപ്രദമാകാത്തതെന്തു് എന്നു കണക്കിലെടുക്കാൻ ഡോക്ടർമാർ തയാറായി. 1970കളായപ്പോഴേക്കു അക്യുപങ്ചറിന്റെ ഫലശ്രേഷ്ഠിയും അതുപയോഗിച്ചു വികസിപ്പിച്ചെടുത്ത പുതിയ ടെക്നിക്കുകളും കൂടുതൽ പ്രചാരംനേടി. അക്യുപങ്ചർ ചികിത്സാരംഗത്തു് പുതിയനേട്ടങ്ങൾ ഉണ്ടായിത്തുടങ്ങി[8]

''അക്യുപങ്ചർ ചികിൽസാരീതിയെ വിശദീകരിക്കുവാൻ അനുയോജ്യമായ ശരീരശാസ്ത്ര സിദ്ധാന്തങ്ങളൊന്നും ഇതുവരയെയും ഉരുത്തിരിഞ്ഞു കഴിഞ്ഞിട്ടില്ല''. ഉററൻ ആമാശയടൃമറുകം നീക്കം ചെയ്യുന്നതിനുള്ള ശസ്ത്രക്രിയകളിൽപോലും അക്യുപങ്ചർ ഉപയോഗിച്ചുള്ള അനസ്തീഷ്യ ഉപയോഗപ്പെടുത്താനാവും എന്ന പുതിയ കണ്ടുപിടുത്തത്തെക്കുറിച്ച് ചർച്ചചെയ്യുന്നതിനിടയിൽ ഡോക്ടർ ലിൻ ചിയാവോ ചി എന്നോട് പറഞ്ഞു: ''ഞങ്ങളുടെ ആയിരക്കണക്കിനു ഡോക്ടർമാർ ഈ പ്രശ്നത്തെക്കുറിച്ചു പഠിച്ചുകൊണ്ടിരിക്കുകയാണ്. ഏറെത്താമസിയാതെ തന്നെ അവരുടെ പരിശ്രമം ഫലപ്രാപ്തിയിലെത്തും എന്നു നമുക്കു പ്രതീക്ഷിക്കാം.''

---

8 1971ൽ ചൈന സന്ദർശിച്ച അമേരിക്കൻ ഡോക്ടർമാർ അക്യുപങ്ചറിന്റെ പുതിയ ഉപയോഗങ്ങളെക്കുറിച്ച്, പുതിയതും താൽപ്പര്യജനകവുമായ പല വിവരങ്ങൾ കൊണ്ടു വന്നിട്ടുണ്ട്. ഉദാഹരണത്തിന്: Dr. E. Grey Diamonds Acupuncture Anaesthesia, Journal of the American Medical Association Vol 218, No 10, 6 December 1971

7

സെക്സും ജനസംഖ്യാശാസ്ത്രവും

ചൈനയിലെ ഏതെങ്കിലുമൊരാശുപത്രി വാർഡിലേക്ക് ഒന്നു കണ്ണോടിച്ചു നോക്കൂ. ആതുര സേവന രംഗത്ത് വന്നിട്ടുള്ള ഒരു സുപ്രധാന വ്യത്യാസം വ്യക്തമാവും. ജനനനിയന്ത്രണത്തിനുള്ള എല്ലാ പ്രായോഗിക രീതികളുടേയും വർധമാനമായ തോതിലുള്ള ഉപയോഗമാണ് ഈ വ്യത്യാസം. പക്ഷെ ഡോക്ടറിന്നും അവരുടെ സഹപ്രവർത്തകരും കഞ്ഞുങ്ങളെ ഭൂമുഖത്തു നിന്ന് അകററി നിർത്തുന്നതിനുവേണ്ടി ചെലവഴിക്കുന്നതിനേക്കാൾ വളരെ കൂടുതൽ സമയം അവരെ ഭൂമിയിലേക്ക് സ്വാഗതം ചെയ്യുന്നതിനുവേണ്ടി ചെലവഴിക്കുന്നുണ്ട്. ഗർഭധാരണം അസാധ്യമാക്കിത്തീർക്കുന്ന രോഗങ്ങൾ മാററുന്നതിലും ഗർഭാശയ ക്യാൻസർ മുതലായ രോഗങ്ങൾ ചികിത്സിച്ചു ഭേദപ്പെടുത്തുന്ന പ്രവർത്തനങ്ങളിലും അതുപോലെ, സാംസ്കാരിക വിപ്ലവത്തിൻെറ ഫലമായി പ്രചാരം സിദ്ധിച്ചിട്ടുള്ള ''ഗ്രാമപ്രദേശങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുക'' എന്ന ദേശവ്യാപകമായ പരിപാടികളിലും അവർ ഏർപ്പെട്ടു വരുന്നു.

പൊതുവെ പറഞ്ഞാൽ, നാലുസിദ്ധാന്തങ്ങളാണ് ഇപ്പോൾ അനുവർത്തിച്ചുവരുന്നത്—ആരോഗ്യസേവന രംഗത്ത് പ്രവർത്തിക്കുന്നവർക്കുവേണ്ടി മാവോസേതുങ് മുന്നോട്ടു വച്ചിട്ടുള്ള നാല് മാർഗനിർദേശകതത്വങ്ങൾ: 1) പ്രതിരോധ പ്രവർത്തനത്തിന് പ്രാമുഖ്യം നൽകുക. 2) തൊഴിലാളികളുടെയും കർഷകരുടെയും സൈനികരുടെയും ആവശ്യങ്ങൾ തൃപ്തിപ്പെടുത്തുക 3) നഗരങ്ങളിലേയും ഗ്രാമപ്രദേശങ്ങളിലേയും ആരോഗ്യ സംരക്ഷണപ്രവർത്തനങ്ങളെ പൊതുജനപ്രസ്ഥാനങ്ങളോട് ബന്ധപ്പെടുത്തുക. 4) പരമ്പരാഗത 'ചൈനീസ്' വൈദ്യവിദ്യ

കരം പരിശീലിക്കുന്ന ഡോക്ടർമാരെയും പാശ്ചാത്യപരിശീലനം നേടിയ ഡോക്ടർമാരെയും ഒരുമിച്ചുചേർക്കുക.

പ്രതിരോധ പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകുക എന്നതിന് കേവലമായ കുടുംബാസൂത്രണം എന്നതിനേക്കാൾ എത്രയോ കവിഞ്ഞ അർഥമാണുള്ളത്. പക്ഷെ കുടുംബാസൂത്രണം വളരെ അടിസ്ഥാനപരമായ പ്രവർത്തനങ്ങളിൽ ഒന്നായി പരിഗണിക്കപ്പെടുന്നതുമൂലം പ്രതിരോധ പ്രവർത്തനം എന്ന പദത്തിന്റെ മററ് അർഥങ്ങളെക്കുറിച്ച് പറയുംമുമ്പ് കുടുംബാസൂത്രണ പ്രവർത്തനങ്ങളെപ്പററി കൂടുതൽ വിശദീകരിക്കേണ്ടതുണ്ട്.

ചൈനക്കാർ ഉപയോഗിക്കുന്ന ഗർഭനിരോധനഗുളികകൾ എത്രമാത്രം ഫലപ്രദമാണ്? ഡോ. ലിന്നിന്റെയും മററ് വിദഗ്ധന്മാരുടെയും അഭിപ്രായത്തിൽ ഈ ഗുളികകൾ കഴിക്കുന്നതുമൂലം യാതൊരുവിധ ദുഷ്യഫലങ്ങളും ഉണ്ടാകാറില്ല. 22ദിവസം തുടർച്ചയായി കഴിക്കാനുള്ളതാണ് ഈ ഗുളിക. തുടർച്ചയായി കഴിക്കുകയാണെങ്കിൽ അതു് 100 ശതമാനം ഫലപ്രദമാകും എന്ന് തെളിഞ്ഞിട്ടുണ്ട്. പക്ഷെ ശ്രദ്ധയില്ലായ്മ (കല്പിച്ചുകൂട്ടിയോ, അല്ലാതെയോ) മൂലം ഫലം സിദ്ധിക്കാതെവരുന്ന സംഭവങ്ങളുടെ എണ്ണം ഇപ്പോഴും വളരെ കൂടുതലാണ്. ഇതിനിടയിൽ, മാസത്തിൽ ഒരുതവണ മാത്രം കഴിച്ചാൽ മതിയാകുന്ന ഒരുതരം ഗർഭനിരോധന ഗുളികയെക്കുറിച്ച് ഗവേഷണം നടന്നുകൊണ്ടിരുന്നു. 1959നുശേഷം ചൈനയിലുടനീളം ഈ ഇനം ഗുളികയുടെ ഫലത്തെക്കുറിച്ച് പരീക്ഷണങ്ങൾ നടന്നതായി ഡോ. ലിൻ സൂചിപ്പിക്കുകയുണ്ടായി. പെക്കിങ്ങിൽ മാത്രം, വൈദ്യശാസ്ത്രരംഗത്തു് പ്രവർത്തിക്കുന്നവരും തൊഴിലാളികളും അവരുടെകുടുംബാംഗങ്ങളുമടക്കം, ഏതാണ്ട് 5000പേർ ഇത്തരമൊരു പ്രോജക്ററിൽ പങ്കെടുക്കുകയുണ്ടായത്രേ.

ലോകത്തിന്റെ മററു ഭാഗങ്ങളിൽ, പ്രത്യേകിച്ച് ജപ്പാനിൽ, നടക്കുന്ന കുടുംബാസൂത്രണ ഗവേഷണ പ്രവർത്തനങ്ങളുമായി ചൈന ബന്ധപ്പെട്ടുകൊണ്ടിരിക്കുന്നുണ്ട്. ജപ്പാൻകാർ പരീക്ഷിച്ചു വരുന്ന പ്രോസ്റ്റാഗ്ലാൻറിൻ ഉപയോഗിച്ചുള്ള ആർത്തവ പ്രേരകഗുളികകൾ ചൈനീസ് കുടുംബാസൂത്രണ വിദഗ്ധരുടെ ശ്രദ്ധ ആകർഷിക്കുകയുണ്ടായി. ''ഞങ്ങളുടെ പരീക്ഷക

സംഘം—ഈ സംഘത്തെ 'ഞങ്ങൾ കുടുംബാസൂത്രണ സമരസേന' എന്നാണ് വിളിക്കുന്നത്—കൂടുതൽ ദീർഘമായ ഇടവേളകളിൽ ഉപയോഗിക്കാവുന്ന ഒരിനം ഗുളികകളെക്കുറിച്ചും പഠിച്ചുകൊണ്ടിരിക്കുന്നുണ്ട്. അകത്തേക്കു കഴിക്കാവുന്ന ഗുളികകളാണിവ. മൂന്നു മാസത്തിലൊരിക്കൽ മാത്രം ഉപയോഗിച്ചാൽ മതിയാകുന്ന ഗുളികകളെക്കുറിച്ചും ഞങ്ങൾ പഠിക്കുന്നുണ്ട്. വർഷത്തിലൊരിക്കൽ മാത്രം ഉപയോഗിക്കേണ്ടുന്ന ഒരിനം വാക്സിനോ, ഗുളികയോ കണ്ടെത്താനും കഴിയുമെന്നാണ് ഞങ്ങൾ പ്രത്യാശിക്കുന്നത്.'' ഡോ. ലിൻ പറഞ്ഞു. ചൈനീസ് പച്ചമരുന്നുകൾ ഉപയോഗിച്ച് (പുരുഷന്മാരിലും, സ്ത്രീകളിലും) കുടുംബാസൂത്രണം നടത്താനാവുമോ എന്നതിനെക്കുറിച്ചും പഠനങ്ങൾ നടക്കുന്നുണ്ട് (പക്ഷെ അക്യുപങ്ചർ ഉപയോഗിച്ചുള്ള കുടുംബാസൂത്രണരീതി ആരും ഇതുവരെയായി കണ്ടെത്തിയിട്ടില്ല!). രണ്ടു കുഞ്ഞുങ്ങൾ ഉണ്ടായിക്കഴിഞ്ഞശേഷം വന്ധ്യംകരിക്കുന്നതിനു— ഇതു് സൗജന്യമാണ്— പുരുഷന്മാർ പ്രേരിപ്പിക്കപ്പെടുന്നുണ്ട്. പക്ഷെ ഈ രീതിക്ക് വലിയ പ്രചാരമുള്ളതായി കണ്ടില്ല.

ഗർഭ നിരോധന രീതികൾ വ്യാപകമായി ഉപയോഗിക്കപ്പെടുന്നുണ്ടോ? അവയുടെ ലഭ്യത എത്രത്തോളമുണ്ട്? ഞാൻ സന്ദർശിച്ച സംസ്ഥാനങ്ങളിലെല്ലാം, അങ്ങകലെ ഷെൻഷിയിൽ പോലും, ഗർഭനിരോധന ഗുളികകൾ ഉപയോഗത്തിലുണ്ട് എന്നറിയാൻ കഴിഞ്ഞു. പക്ഷെ ആവശ്യത്തിനുവേണ്ടത്ര ഗുളികകൾ വിതരണം ചെയ്യാൻ കഴിയുന്നില്ല എന്നാണ് ഡോ. ലിൻ പറഞ്ഞതു്. ചൈനയിൽ ഗർഭധാരണ പ്രായമെത്തിയ ഏഴോ, എട്ടോ കോടിസ്ത്രീകളുണ്ട്. അവർക്ക് മാസത്തിൽ 22 ഗുളിക വീതം വർഷത്തിൽ 1700 കോടി ഗുളികകൾ ആവശ്യമായി വരും എന്നർഥം. പുരുഷന്മാർക്ക് ഉപയോഗിക്കാവുന്നകുടുംബാസൂത്രണ മാർഗങ്ങളാണ് ഇപ്പോഴുള്ള കുറവ് നികത്തിക്കൊണ്ടിരിക്കുന്നതു്.

ചൈനക്ക് ഓരോ വർഷവും നിരവധി കോടി വാക്സിനുകളും—പലതരം പകർച്ച വ്യാധികൾക്കുള്ളതു്— ഉല്പാദിപ്പിക്കേണ്ടതുണ്ട്. ഇപ്പോൾ തന്നെ ഈ രംഗത്ത് ഏററവും കൂടുതൽ ഉൽപ്പാദനം നടത്തുന്ന രാഷ്ട്രമാണ് ചൈന. പെക്കി

ങ്ങിൽ ഞാൻ സന്ദർശിച്ച അത്യാധുനിക ലാബറട്ടറികളിൽ ഒരെണ്ണം—ജെ. എ. ദെ ഹാസ് എന്ന ഡച്ച് വിസിററിങ്ങ് ഡോക്ടർ, ആ ലാബറട്ടറി, യൂറോപ്പിലെ അത്തരത്തിലുള്ള ഏതൊരു ലാബറട്ടറിയേക്കാളും വലുതാണ് എന്നു പറയുകയുണ്ടായി—പ്രതിവർഷം 8കോടി വാക്സിൻ യൂണിററുകൾ ഉൽപ്പാദിപ്പിച്ചു വരുന്നു. ഇത്രതന്നെ ഉൽപ്പാദനശേഷിയുള്ള ഏതാണ്ട് ഒരു ഡസനോളം ലാബറട്ടറികൾ ചൈനയുടെ മററുപല ഭാഗങ്ങളിലുമായി താൻ കണ്ടിട്ടുള്ളതായി അമേരിക്കൻ ജാതനും എന്റെയൊരു പഴയ സുഹൃത്തുമായ ഡോ. ജോർജ് ഹാത്തം 1 പറയുകയുണ്ടായി.

പെക്കിങ്ങ് നഗരത്തിലെ ഗർഭധാരണ പ്രായത്തിലുള്ള സ്ത്രീകളിൽ 70 ശതമാനവും കുടുംബാസൂത്രണ രീതികൾ ഉപയോഗിക്കുന്നുണ്ടെന്നും അവരിൽ മൂന്നിൽ രണ്ടുഭാഗവും ഗുളികകളാണ് ഉപയോഗിച്ചുവരുന്നതെന്നും ഔദ്യോഗികവൃത്തങ്ങളിൽ നിന്ന് എനിക്കറിയാൻ കഴിഞ്ഞു. പെക്കിങ്ങിന് ചുററുമുള്ള പത്തു് കൗണ്ടികളിലെ ഗ്രാമ കമ്യൂണുകളിൽ ഗർഭധാരണപ്രായത്തിലുള്ള സ്ത്രീകളിൽ 40 ശതമാനംപേർ ഗർഭനിരോധന ഗുളികകളെ ആശ്രയിക്കുന്നുണ്ട്.

കഴിഞ്ഞ 10 വർഷമായി ജനസംഖ്യാ വർധനവിനെ സംബന്ധിച്ചുള്ള ദേശീയ സ്ഥിതി വിവരക്കണക്കുകളൊന്നും തന്നെ പ്രസിദ്ധീകരിക്കപ്പെട്ടിട്ടില്ല. പലപ്രദേശങ്ങളിൽനിന്ന് എനിക്കു ലഭിച്ച കണക്കുകൾ തമ്മിൽ വലിയ അന്തരമുണ്ടായിരുന്നു. ഉദാഹരണമായി, വിശാല പെക്കിങ്ങിലെ ജനസംഖ്യാവർധനവ്, 1969ൽ 1.6 ശതമാനമായിരുന്നു എന്നാണ് ഔദ്യോഗിക കണക്കുകൾ സൂചിപ്പിക്കുന്നത്. അതേ സമയം ഷാങ്ഹായ്സ്റ്റേഷനുള്ള ഒരു കമ്യൂണിലെ ജനസംഖ്യാ വർധനവ് 1 ശതമാനമായിരുന്നു എന്നാണ് കമ്യൂൺ അധികാരികൾ എന്നോട് പറഞ്ഞത്. ഔദ്യോഗിക കണക്കുകളനുസരിച്ച് സിയാനിലെ അതേ വർഷത്തെ ജനസംഖ്യാ വർധനവ് 3 ശതമാനമായിരുന്നത്രെ.

---

1. അദ്ദേഹത്തിന്റെ ആശ്ചര്യകരമായ പ്രവർത്തനങ്ങളെപ്പററി അറിയുവാൻ—ചൈനയിൽ നിന്ന് ഗുഹ്യരോഗങ്ങൾ തുടച്ചുമാററിയ മനുഷ്യൻ എന്നാണ് അദ്ദേഹത്തെ വിളിക്കാറ്—Red China Today എന്ന പുസ്തകം കാണുക.

ഏതായാലും ജനസംഖ്യാ വർധനവിന്റെ തോതിൽ വന്ന കുറവ് ചെയർമാൻ മാവോയെ സംതൃപ്തനാക്കിയിരുന്നില്ല. ഒരിക്കൽ ചൈനയുടെ പുരോഗതിയെക്കുറിച്ച് പൊതുവിൽ ഞാനദ്ദേഹത്തോട് സംസാരിച്ചുകൊണ്ടിരിക്കയായിരുന്നു. കൂടുതൽ കൂടുതൽ ആളുകൾ ജനന നിയന്ത്രണ മാർഗങ്ങൾ സ്വീകരിച്ചു കാണുന്നതിൽ സന്തോഷമുണ്ടെന്ന് ഞാൻ പറഞ്ഞു. അപ്പോൾ, ആളുകൾക്ക് ജനന നിയന്ത്രണത്തോടുള്ള എതിർപ്പെങ്കിലും കുറഞ്ഞിട്ടുണ്ടല്ലോ—ഞാൻ പറഞ്ഞു. ഞാൻ തെററിദ്ധരിച്ചിരിക്കുകയാണ് എന്നാണദ്ദേഹം അഭിപ്രായപ്പെട്ടത്. ഗ്രാമപ്രദേശങ്ങളിൽ ഒരു സ്ത്രീ ആദ്യം പ്രസവിക്കുന്നത് ഒരു പെൺകുട്ടിയെയാണെങ്കിൽ അടുത്തതെങ്കിലും ആൺകുട്ടിയായിരിക്കുമെന്ന് മോഹിക്കും. രണ്ടാമതും പെൺകുട്ടിയാണെങ്കിൽ ആൺകുഞ്ഞിനുവേണ്ടി അവർ മൂന്നാമതും പ്രസവിക്കുന്നു. അതും പെൺകുഞ്ഞായാൽ പിന്നെയും അവർ ആൺകുഞ്ഞിനെ ലഭിക്കാൻ പരിശ്രമിക്കുന്നു. അങ്ങനെ എട്ട് ഒൻപത് കുട്ടികൾ വരെ, അപ്പോഴെക്കും പ്രായം 45 ആയിക്കാണും. പിന്നെ കാര്യങ്ങൾ അതേപടി അംഗീകരിക്കുകയല്ലാതെ മററു മാർഗങ്ങളൊന്നുമില്ലാതാകുന്നു.

''പക്ഷെ, ഇപ്പോൾ, അധികം പേർക്ക്, പ്രത്യേകിച്ച് യുവജനങ്ങൾക്ക്, ജനനനിയന്ത്രണത്തോട് എതിർപ്പൊന്നുമില്ലല്ലോ.'' ഞാൻ സൂചിപ്പിച്ചു. ചൈനക്കാർ ഇപ്പോഴും പുരുഷന്മാർക്ക് വലിയ പ്രാധാന്യം നൽകുകയും സ്ത്രീകൾക്ക് വേണ്ടത്ര പരിഗണന നൽകാതിരിക്കുകയും ചെയ്യുന്നുവെന്നാണ് മാവോയുടെ അഭിപ്രായം. അമേരിക്കയിലും ഇതു തന്നെയാണു സ്ഥിതി എന്നാണദ്ദേഹത്തിനു തോന്നുന്നത്. ഇതു മാറേണ്ടതുണ്ട്. പക്ഷെ ജനഹൃദയങ്ങളിൽ സ്ഥിരപ്രതിഷ്ഠ നേടിയിട്ടുള്ള ആശയങ്ങൾ മാററിയെടുക്കാൻ ഒട്ടേറെ സമയം ആവശ്യമാണല്ലോ.

''ആൺമക്കളില്ലാത്ത''കുടുംബങ്ങളിലെ ജനന നിയന്ത്രണത്തെക്കുറിച്ചു മാവോപ്രകടിപ്പിച്ച സന്ദേഹവും സെൻസസ് റിപ്പോർട്ടുകളെ സംബന്ധിച്ചു അദ്ദേഹം പ്രകടിപ്പിച്ച സംശയങ്ങളും കേട്ടപ്പോൾ 1965 ൽ സുപ്രസിദ്ധമായ താജായ് ബ്രിഗേഡിന്റെ, (ഉലംപ്രദേശമായ ഷാൻഷിയിലെ ഒരു കമ്യൂൺ)

നേതാവായ ചെൻ യുങ്ങ് കൃഷിയുമായി നടത്തിയ ഒരു കൂടികാഴ്ചയാണ് എനിക്കോർമവന്നത്. 360 ആളുകളുമൊത്താണ്—ഇവരിൽ 178 പേർ കരുത്തന്മാരായ മുതിർന്ന ആളുകളായിരുന്നു—ചെൻ താജാലെത്തി, കളിമണ്ണും പാറക്കെട്ടുകളും നിറഞ്ഞു കിടന്ന ആ മലമ്പ്രദേശത്ത് ഫലഭൂയിഷ്ഠമായ വിളനിലങ്ങളൊരുക്കുന്ന കഠിനയത്നത്തിൽ മുഴുകിയത്. പിക്കാസും തൂമ്പയും ഉപയോഗിച്ച് അവരവിടെ നാഴികകളോളം നീണ്ടു കിടക്കുന്ന കരിങ്കൽ ഭിത്തികളോടു കൂടിയ തോട്ടകൾ പണിതു, ജലസേചന സൗകര്യങ്ങളുണ്ടാക്കി, കൃഷിത്തോട്ടങ്ങളുണ്ടാക്കി, ഒററയ്ക്ക്, മററാരേയും ആശ്രയിക്കാതെ അവർ പ്രകൃതിയോടു പടവെട്ടി. ഒടുവിൽ അവർ വിജയിക്കുകതന്നെ ചെയ്തു. ഒരു ദശാബ്ദത്തിനകം അവരവിടത്തെ ധാന്യവിള ഏക്കറൊന്നിനു മൂന്നു ടണ്ണാക്കി ഉയർത്തി; ആ ഭയാനകമായ പ്രദേശത്തെ സംബന്ധിച്ചിടത്തോളം അതൊരു വമ്പിച്ച റിക്കാർഡുതന്നെയായിരുന്നു. ചെൻ ജന്മനാ ഒരു നേതാവാണ്. ബുദ്ധിശാലിയും ഊർജസ്വലനുമായ നേതാവ്. അദ്ദേഹം നൂറു ശതമാനവും കർഷകനായിരുന്നു. ഞാൻ അദ്ദേഹത്തോടു അദ്ദേഹത്തിന്റെ 'കമ്യൂണിലെ കുടുംബാസൂത്രണപ്രവർത്തനങ്ങളെക്കുറിച്ചു ചോദിച്ചു. ആ പദം അദ്ദേഹത്തിനു പരിചിതമായിരുന്നില്ല. ജനനനിയന്ത്രണമാണ് ഉദ്ദേശിച്ചതെന്നു ഞാൻ വിശദീകരിച്ചുകൊടുത്തു.

''ഓ, അതോ.'' അദ്ദേഹം അല്പം പരിഹാസത്തോടെ പറഞ്ഞു! 'അതു് ഞങ്ങൾക്കാവശ്യമില്ല. ഞങ്ങൾക്ക് കരുത്തന്മാരായ തൊഴിലാളികളെ വേണം.''

1964ൽ അദ്ദേഹത്തിന്റെ ബ്രിഗേഡിൽ എത്ര ജനനങ്ങൾ ഉണ്ടായിഎന്നു് കർഷകനായ ചെന്നിനോട് ഞാൻ അന്വേഷിച്ചു. ''എട്ട്'' അദ്ദേഹം പെട്ടെന്ന് ഉത്തരം പറഞ്ഞു. ''എത്ര മരണങ്ങൾ?'' ഞാൻ ചോദിച്ചു. ''ഞങ്ങൾക്ക് ആരേയും നഷ്ടപ്പെട്ടിട്ടില്ല.'' ചെൻ ഉത്തരം പറഞ്ഞു. ഒരു മുത്തശ്ശൻ പോലുംമരിക്കുകയുണ്ടായില്ലെന്നോ? അദ്ദേഹം തലചൊറിഞ്ഞു. വൃദ്ധനായ ഒരു ജന്മി മുതിയടഞ്ഞ കാര്യം അദ്ദേഹത്തിനു ഓർമവന്നു. ''അതൊരു മരണമായി കണക്കാക്കാമെങ്കിൽ'' അയാൾ കൂട്ടിച്ചേർത്തു. ''അയാൾക്ക് വളരെക്കാലമായി പണിയെടുക്കാൻ പററുമായിരുന്നില്ല.

അഞ്ചും ആറും കുട്ടികളുള്ള, 30—40വയസ്സായ സ്ത്രീ പുരുഷന്മാർ വിരളമല്ല(ഇപ്പോൾ അവർക്കാകാര്യം പറയുന്നതിൽ ലജ്ജയുണ്ട്). മിക്കവരുടെയും മുതിർന്ന സന്താനങ്ങൾ പെൺകുട്ടികളായിരുന്നു. ഒരു കുഞ്ഞിനെ വളർത്തിയെടുക്കാൻ കഴിയണമെങ്കിൽ അര ഡസൻ കുഞ്ഞുങ്ങൾക്കെങ്കിലും ജന്മം നൽകേണ്ടതുണ്ട് എന്ന പഴഞ്ചൻ വിശ്വാസം ഇപ്പോഴും പെട്ടെന്ന് ഇളക്കി മാററാൻ കഴിയാത്ത വിധം ശക്തമാണ് (ഈ അനുഭവം ഉണ്ടായിട്ടുള്ള നിരവധി വൃദ്ധജനങ്ങളെ ഞാൻ നേരിൽ കണ്ടിട്ടുണ്ട്). പഴയ അനുഭവം വച്ചുകൊണ്ട് കർഷകവിഭാഗത്തിൽപ്പെട്ട വൃദ്ധരായ അമ്മായിയമ്മമാരും മുത്തശ്ശിമുത്തശ്ശൻമാരും തങ്ങളുടെ മക്കളെ കൂടുതൽ കൂടുതൽ പ്രസവിക്കാൻ പ്രേരിപ്പിക്കുക പതിവായിരുന്നു.

1970 ആകുമ്പോഴേക്കും ജനസംഖ്യാവർദ്ധനനിരക്ക് 2 ശതമാനത്തിൽ കുറയ്ക്കണമെന്നാണ് തന്റെ ഗവണ്മെന്റ് പ്രതീക്ഷിക്കുന്നതെന്ന് 1964ൽ പ്രധാനമന്ത്രി ചൂ എന്നോട് പറയുകയുണ്ടായി. ഇത്തവണയും ഞാൻ അദ്ദേഹത്തോട് അതേപ്പററി ചോദിച്ചു. അദ്ദേഹം പറഞ്ഞതു് 1966 ആയപ്പോഴേക്കും ദേശീയാടിസ്ഥാനത്തിൽ ജനസംഖ്യാവർധനനിരക്ക് 2 ശതമാനത്തിൽ കുറവായിക്കഴിഞ്ഞു എന്നാണ്. എന്നാൽ സാംസ്കാരിക വിപ്ലവകാലത്ത് അതു വീണ്ടും കുതിച്ചുകയറുകയുണ്ടായി എന്നദ്ദേഹം ചൂണ്ടിക്കാണിച്ചു. ലക്ഷക്കണക്കിന് റെഡ്ഗാർഡുകൾ ലോങ്ങ്മാർച്ചുകളിൽ ഏർപ്പെടുകയും സ്ത്രീ പുരുഷന്മാർ സ്വതന്ത്രമായി ഇടപഴകുകയും ചെയ്തതിന്റെ ഫലമായാണ് ഇങ്ങനെ സംഭവിച്ചതു്. നന്നെ ചെറുപ്പത്തിലുള്ള വിവാഹങ്ങൾ വർധിച്ചതു മൂലവും ജനനനിരക്കിൽ വർധനവുണ്ടായി. റെഡ് ഗാർഡുകൾ പിരിച്ചയക്കപ്പെടുകയും—തിരിച്ച് സ്കൂളിലേക്കും ജോലിസ്ഥലങ്ങളിലേക്കും — അച്ചടക്കം പുനസ്ഥാപിക്കപ്പെടുകയും ചെയ്തതോടെ ഈ സ്ഥിതിവിശേഷം അവസാനിച്ചു. സൗകര്യപ്രദമായ പുതിയ ഗർഭനിരോധന ഗുളികകൾ ഉപയോഗിച്ച് ജനനനിരക്ക് ഇനിയും കുറയ്ക്കുവാൻ സാധ്യമാകുമെന്നാണ് ചൂ കരുതുന്നതു്.

ലൈംഗികബന്ധങ്ങളെ സംബന്ധിച്ചിടത്തോളം തികച്ചും കർശനമായ സമീപനമാണ് ചൈനക്കാർക്കുള്ളതു്. പുതിയ

ഗർഭനിരോധന ഗുളികകളുടെ ആവിർഭാവത്തോടെ ഈ സമീപനത്തിന്—പ്രത്യേകിച്ചും യുവജനങ്ങൾക്കിടയിൽ — എന്തു സംഭവിക്കും എന്നതിനെക്കുറിച്ചാണ് വിദേശീയരുടെ (ചീനക്കാരുടെയും!) ആകാംക്ഷ. വിപ്ലവത്തിനുമുൻപുള്ള ചൈനയിൽ അവിവാഹിതയായ ഒരു സ്ത്രീ ഏതെങ്കിലുമൊരു പുരുഷനുമൊത്ത് വഴിവക്കിലൂടെ നടന്നുപോയി എന്ന കാരണം മതി, (അവൾ എത്രമാത്രം നിഷ്കളങ്കയായിരുന്നാലും) അവൾ വിവാഹത്തിന് അയോഗ്യയായി കൽപ്പിക്കപ്പെടാൻ (അവൾ കല്ലെറിയപ്പെടുകയോ ജനക്കൂട്ടത്തിന്റെ രോഷപ്രകടനത്തിന് വിധേയയാവുകയോ ചെയ്യുമായിരുന്നു). അതേസമയം ദരിദ്രകുടുംബങ്ങൾ തങ്ങളുടെ പെൺകിടാങ്ങളെ വെപ്പാട്ടികളായോ, വ്യഭിചാരിണികളായോ, അടിമകളായോ വിൽക്കുകയായിരുന്നു പതിവ്. ഇപ്പോൾ അതെല്ലാം അവസാനിച്ചിരിക്കുന്നു. അവിവാഹിതരായ യുവാക്കൾക്കും അസംതൃപ്തരായ ഭർത്താക്കന്മാർക്കും ക്രീഡകൾ നടത്താനുള്ള പഴയ പഴുതുകൾ അടയ്ക്കപ്പെട്ടിരിക്കുന്നു. ലൈംഗികപ്രലോഭനങ്ങൾ ഗൗരവപൂർവമാണ് വീക്ഷിക്കപ്പെടുന്നത്. ബലാൽസംഗമാകട്ടെ അത്യന്തം ഗുരുതരമായ ഒരു കുറ്റമാണ്

സഹവിദ്യാഭ്യാസം സാർവത്രികമാണ്. അവിവാഹിതരായ സ്ത്രീപുരുഷന്മാർ പല മേഖലകളിലും കൂട്ടായി ജോലി ചെയ്തു വരുന്നുണ്ട്. പക്ഷെ മെത്തയിൽ അവർ സഹവാസികളാവുന്നത് നിഷിദ്ധമാണ്. ഒന്നോ രണ്ടോ തവണ ഒരു യുവാവും യുവതിയും കൂട്ടുചേർന്നു സൈക്കിളോടിച്ചു പോയാൽ മതി, അവർ വിവാഹബന്ധത്തിലേർപ്പെടാൻ പോകുന്നവരായി കണക്കാക്കുവാൻ. അത്തരമൊരു ബന്ധം വേർപെടുത്തുന്നതു മൂലം അതിലേർപ്പെടുന്നവർക്ക്, പ്രത്യേകിച്ചും പുരുഷന്, സമൂഹത്തിൽ വമ്പിച്ച മാനഹാനി നേരിടുന്നു. കമ്യൂണുകളിൽ ജോലികളിലേർപ്പെട്ടിരിക്കുന്ന ഒരു യുവാവും യുവതിയും ഉച്ചയ്ക്ക് ഏതെങ്കിലുമൊരു മരത്തണലിരുന്ന് ഒരുമിച്ച് ആഹാരം കഴിച്ചാൽ മതി, അവർ തമ്മിൽ വിവാഹിതരാവാൻ ആഗ്രഹിക്കുന്നു എന്ന ധാരണ ഉണ്ടാവാൻ. ചില സുഹൃത്തുക്കളുടെ വീട്ടിൽ വച്ച്, റെഡ്ഗാർഡായിരുന്ന ഒരു കുട്ടിയുമായി നടത്തിയ സംഭാഷണത്തിൽ നിന്ന് എനിക്കങ്ങനെയാണ് മനസ്സിലായത്.

മനസാ വിവാഹം കഴിക്കാൻ തീർച്ചയാക്കിയ യുവതീയുവാക്കന്മാർ ലൈംഗിക ബന്ധത്തിൽ 'ഏർപ്പെടാറുണ്ടോ'? ''വിവാഹപൂർവ ലൈംഗികബന്ധങ്ങൾ വളരെ വിരളമാണ് ''എന്നാണ് എന്റെ ഒരു ഡോക്ടർസുഹൃത്ത് പറഞ്ഞതു്. വിവേചനാ ശൂന്യമായ ലൈംഗിക ബന്ധങ്ങൾ സാമൂഹ്യമായ അച്ചടക്കത്തിന്റെ അഭാവത്തെ കുറിക്കുന്നതായി കണക്കാക്കപ്പെടുന്നു. ഇത്തരം കാര്യങ്ങളിൽ തുടർച്ചയായി ഏർപ്പെടുന്നവരെ ഏകാന്തത്തടവിൽ 'ശുദ്ധീകരണ'ത്തിനു് വിധേയമാക്കുന്നു. വിവാഹബാഹ്യലൈംഗിക ബന്ധങ്ങൾ വളരെ വിരളമാണെങ്കിലും അവ വിവാഹപൂർവ ലൈംഗിക ബന്ധങ്ങളെക്കാൾ കൂടുതലാണ്.

സാധാരണ ഗതിയിൽ ഇത്തരം ചോദ്യങ്ങൾ ചൈനക്കാരെ പെട്ടെന്നു് അമ്പരപ്പിക്കും. പക്ഷെ എന്റെ ഉദ്ദേശ ശുദ്ധിയെപ്പററി അവർക്കു് നന്നായി അറിയാമായിരുന്നു. 1965ൽ പെക്കിങ്ങിലെ സ്ത്രീകളുടെയും കുഞ്ഞുങ്ങളുടെയും ആരോഗ്യ കാര്യങ്ങളുടെ മേൽ നോട്ടം വഹിക്കുന്ന വകുപ്പിലെ വൈസ് ഡയറക്ടർമാരിൽ ഒരാളോടു് ഈ 'ബ്രഹ്മചാരികളെയും കന്യകമാരെയും' പററി ഞാൻ അന്വേഷിക്കുകയുണ്ടായി. വിവാഹപ്രായപരിധി താരതമ്യേന ഉയർന്ന—പുരുഷന്മാർക്കു് 28 ഉം സ്ത്രീകൾക്കു് 26 ഉം ആണിത് (ഗ്രാമപ്രദേശങ്ങളിൽ സ്ത്രീകൾക്കു് 23 ഉം പുരുഷന്മാർക്കു് 25 ഉം ആണ് വിവാഹപ്രായം)—ഒരു രാജ്യത്ത് ഈ വ്രതം എത്രമാത്രം വിജയപ്രദമായിരിക്കും എന്നതായിരുന്നു എന്റെ സംശയം. ഇത്തരമൊരു സാഹചര്യത്തിൽ സാർവത്രികമായ കന്യകാത്വവും ബ്രഹ്മചാരിത്വവും അവകാശപ്പെടാൻ ചൈനയിലെ അവിവാഹിതരായ യുവതീയുവാക്കൾക്കു് കഴിയുമോ എന്നൊരു സംശയം വിദേശികൾക്കിടയിൽ നിലവിലുണ്ടു് എന്ന കാര്യം ഞാൻ സൂചിപ്പിച്ചു.

ഇപ്പോൾ ചൈനയിലെ സ്ത്രീകൾക്കു് പുരുഷന്മാരെപ്പോലെ തന്നെ ഉല്പാദനപ്രവർത്തനങ്ങളിൽഏർപ്പെടാനുള്ള അവസരം ലഭിച്ചുകൊണ്ടിരിക്കുന്നുണ്ടു്; പണ്ടായിരുന്നെങ്കിൽ ഇരുപതു വയസ്സായ ഒരു പെൺകുട്ടി അവിവാഹിതയായി തുടരുന്നതു് വലിയ അപമാനമായാണ് കണക്കാക്കപ്പെട്ടിരുന്നത്, അവർ ചൂണ്ടിക്കാട്ടി. രാഷ്ട്രീയ വിശ്വാസങ്ങളും സമൂഹത്തിനു് സേവനങ്ങളർപ്പിക്കുക എന്ന ആശയവും യുവജനങ്ങളെ കൂടുതൽ അച്ചടക്ക

മുള്ളവരാക്കിത്തീർത്തിട്ടുണ്ട് എന്ന കാര്യവും അവർ സൂചിപ്പിക്കുകയുണ്ടായി. ജനങ്ങൾ ആഹ്ലാദിക്കാൻ വേണ്ടിമാത്രം ജീവിക്കുന്നവരായിരുന്നില്ല എന്നു സാരം.

''അതെല്ലാം ശരിതന്നെ. പാശ്ചാത്യരാജ്യങ്ങളിൽ കാണുന്നതുപോലെ ഒരു നൂറായിരംതരം വാണിജ്യാടിസ്ഥാനത്തിലുള്ള ലൈംഗിക ഉദ്ദീപന പ്രവർത്തനങ്ങൾ ഇവിടെ ഇല്ല എന്നതും ശരിതന്നെ. പക്ഷെ സ്വതന്ത്രരായ സ്ത്രീകൾക്ക് തങ്ങൾക്കിഷ്ടമുള്ള പുരുഷന്മാരുമായി, സ്വതന്ത്രമായി ഇടപഴകാനുള്ള സ്വാതന്ത്ര്യമെങ്കിലും ഉണ്ടായിരിക്കേണ്ടതല്ലേ?''

''അക്കാര്യത്തിൽ അത്രവളരെ കർശനമായ വിലക്കുകളൊന്നുമില്ല. ഒരു പ്രത്യേക പ്രായത്തിലെത്തുമ്പോൾ സ്ത്രീ പുരുഷന്മാർ പരസ്പരം മനസ്സിലാക്കുകയും ഇടപഴകുകയുംചെയ്യുന്നു. വിവാഹ പൂർവ ലൈംഗിക ബന്ധങ്ങൾ കുറേശ്ശെയൊക്കെ സംഭവിക്കാറുണ്ട് എന്നവസ്തുതയും നിഷേധിക്കുന്നില്ല. അതിന്റെ ഫലമായി ഗർഭധാരണവും നടന്നെന്നുവരും. പക്ഷെ അത്തരം സംഭവങ്ങൾ വളരെ വിരളമാണ്. പണ്ടൊക്കെ, അത്തരം സന്ദർഭങ്ങളിൽ സ്ത്രീകൾ സ്വയം ഗർഭച്ഛിദ്രം നടത്തുകയോ, അതിനുശ്രമിക്കുകയോ, ആയിരുന്നു പതിവ്. ഇപ്പോൾ ഗർഭനിരോധന മാർഗങ്ങളെക്കുറിച്ച് എല്ലാവർക്കുമറിയാം. അതു പോലെ ഗർഭച്ഛിദ്രത്തെ കുറിച്ചും ആർക്കും സ്വതന്ത്രമായി മനസ്സിലാക്കാനുള്ള സ്വാതന്ത്ര്യമുണ്ട്. തന്മൂലം അത്തരം സംഭവങ്ങൾ വിരളമായി മാത്രമേ ഉണ്ടാകുന്നുള്ളൂ.

''അവിവാഹിത ഗർഭിണികളെ ഗർഭച്ഛിദ്രത്തിനു വിധേയമാക്കേണ്ടിവന്നിട്ടുള്ള സന്ദർഭങ്ങൾ വളരെ വിരളമാണ്. ഞങ്ങളുടെ രാജ്യത്തെ വമ്പിച്ച് ജനസംഖ്യ കണക്കിലെടുക്കുമ്പോൾ അത്തരം സംഭവങ്ങളുടെ എണ്ണം തികച്ചും നിസ്സാരമാണ് എന്നു പറയാം. സ്ത്രീകൾ ഗർഭച്ഛിദ്രം ആവശ്യപ്പെട്ട ഡോക്ടർമാരെ സമീപിക്കുമ്പോൾ അത് ആദ്യത്തെ കുഞ്ഞാണെങ്കിൽ, അതിനെ നിലനിർത്തുവാൻ ഡോക്ടർമാർ അവരെ ഉപദേശിക്കും. അവിവാഹിതരായ മാതാക്കളുടെ കാര്യത്തിൽ, മററു മാർഗങ്ങളില്ല എന്നു കണ്ടാൽ—കുഞ്ഞിന്റെ അച്ഛൻ നേരത്തെ വിവാഹിതനാണെങ്കിലൊ, അല്ലെങ്കിൽ ആ ബന്ധം രാഷ്ട്രീയകാരണങ്ങളാലൊ മററുകാരണങ്ങളാലൊ അനുയോജ്യമല്ലെന്നു കണ്ടാലോ—

ഗർഭം നിലനിർത്തണമെന്നു ആരും നിർബന്ധിക്കുകയില്ല. അത്തരം സന്ദർഭങ്ങളിൽ ഗർഭച്ഛിദ്രം നിർവഹിച്ചു കൊടുക്കപ്പെടുന്നു.''

എന്റെ സുഹൃത്ത് ഡോ. ജോർജ് ഹാത്തവുമായി നടത്തിയ സംഭാഷണങ്ങളും മേൽപറഞ്ഞ പ്രസ്താവനകളെ ശരിവയ്ക്കുന്ന വിധത്തിലുള്ളതായിരുന്നു. ഡോക്ടർ ഹാത്തമിന് തന്റെ സുന്ദരിയായ ചീനാക്കാരി ഭാര്യയിൽ രണ്ടുമക്കളുണ്ട്, ഒരാണും ഒരുപെണ്ണും. ഡോക്ടറുടെ മകൻ ആറുവർഷം ഒരു കുട്ടിയെത്തന്നെ പ്രേമിച്ചുനടന്നു. വിവാഹത്തിനുമുമ്പ് അവർ തങ്ങളുടെ പ്രേമത്തെ ''മാംസനിബന്ധമാക്കിയിട്ടില്ല'' എന്നു തന്നെയാണു ഡോക്ടറുടെ വിശ്വാസം. പൊതുവെ അംഗീകരിക്കപ്പെട്ട പ്രായത്തിൽതന്നെ അവർ വിവാഹിതരായി. ഒരു വർഷത്തിനകം അച്ഛനമ്മമാർക്ക് ഒരു പേരക്കുട്ടിയെ സമ്മാനിക്കുകയും ചെയ്തു. ''എനിക്കു പരിചയമുള്ള യുവജനങ്ങളുടെയെല്ലാം സ്ഥിതി ഇതുതന്നെയാണ്'' ഡോക്ടർ ഹാത്തം പറഞ്ഞു. ദിവസംതോറുംനിരവധി രോഗികളെ പരിശോധിക്കുന്ന ഒരുഡോക്ടറാണദ്ദേഹം ''ഗർഭനിരോധ ഗുളിക ഇന്നത്തെ സ്ഥിതിഗതികളിൽമാററമൊന്നും വരുത്തുകയില്ല എന്നല്ല ഞാൻ പറയുന്നതു്. ഇവിടെ എല്ലാം മാറിക്കൊണ്ടേയിരിക്കും. പക്ഷെ ഇന്നത്തെ സ്ഥിതിയിൽ ലോകമൊട്ടാകെയെടുത്താൽ ലൈംഗിക രംഗത്തെ താന്തോന്നിത്തരങ്ങൾ ഏററവും കുറച്ച് ബാധിച്ചിട്ടുള്ളത് ഞങ്ങളുടെ യുവജനങ്ങളിലാണ് എന്ന കാര്യത്തിൽ സംശയമില്ല.''

ലൈംഗിക ബന്ധങ്ങൾ കൂടുതൽ സ്വതന്ത്രമായാലും ഇല്ലെങ്കിലും ശരി, സൗജന്യമായ ഗർഭനിരോധന ഗുളികകളും സൗജന്യഗർഭച്ഛിദ്രവും, കർഷകരുടെ യഥാസ്ഥിതികത്വവും പുരുഷമേധാവിത്വവും സൃഷ്ടിച്ചിരുന്ന വിലങ്ങുകൾ തകർക്കുന്നതിനു വേണ്ടി വളരെക്കൊല്ലങ്ങളായി നടത്തിവരുന്ന കുടുംബാസൂത്രണപ്രചാരണ പ്രവർത്തനങ്ങളും ചൈനയിലെ ജനസംഖ്യാവർധനവിന്റെ നിരക്ക് ഗണ്യമായി കുറയ്ക്കും എന്ന കാര്യത്തിൽ സംശയമില്ല. പക്ഷെ വമ്പിച്ചൊരു ജനസംഖ്യയെ ഉൾക്കൊള്ളുന്ന ഒരു സമത്വാധിഷ്ഠിത സമൂഹമാണ് ചൈനയിലുള്ളത്. എന്തൊരു പുരോഗതിയുണ്ടായാലും അതിന്റെ ഫലങ്ങൾ

എല്ലാവർക്കും ലഭ്യമാക്കണം. ജീവിതനിലവാരത്തിലുള്ള ഉയർച്ച ഒരു മനുഷ്യ മഹാസമുദ്രത്തിനു മുഴുവൻ അനുഭവപ്പെടേണ്ടതുണ്ട്.

യഥാർഥത്തിൽ ഇപ്പോൾ ചൈനയിൽ എത്ര ആളുകൾ ഉണ്ട്? വളരെ വർഷങ്ങളായി പാശ്ചാത്യ ജനസംഖ്യാശാസ്ത്രജ്ഞന്മാരെ കുഴക്കുകയും പരസ്പര ബന്ധമില്ലാത്ത അനുമാനങ്ങളിലെത്തിക്കുകയും ചെയ്തുകൊണ്ടിരുന്ന ഒന്നാണ് ഈ ചോദ്യം. 1953ൽ ചൈന പ്രസിദ്ധീകരിച്ച സ്ഥിതിവിവരക്കണക്കുകളെ—ചൈനയിൽ നടത്തപ്പെട്ട 'ആദ്യത്തെ ശാസ്ത്രീയ സെൻസസ്'നെ അടിസ്ഥാനമാക്കിയുള്ളതാണത്രെ ഈ സ്ഥിതിവിവരക്കണക്കുകൾ— തികച്ചും പരിപാവനമായി കണക്കാക്കി എന്നതാണ് അവർക്കുപററിയ തെററ്. 1953ൽ പ്രസിദ്ധീകരിച്ച കണക്കനുസരിച്ച് മൊത്തം ജനസംഖ്യ 58.3 കോടിയായിരുന്നു. 1957ലെ ഒരു സാംപിൾ സെൻസസിൽ മൊത്തം ജനസംഖ്യ 64.6കോടി ആണെന്നാണ് പ്രസ്താവിക്കപ്പെട്ടത്. 1960ൽ ഞാൻ കാണാനിടയായ എല്ലാ ചൈനീസ് ഉദ്യോഗസ്ഥന്മാരും 65കോടി എന്ന കണക്കാണ് പറഞ്ഞിരുന്നത്. ഒരാൾമാത്രം—പൊളിററ് ബ്യൂറോ അംഗവും ഷാങ്ഹായ് മേയറുമായ കൊചിങ്ഷാഹ്, 'ചൈനയിലെ 68.5 കോടി ജനങ്ങൾ' എന്ന് പറയുകയുണ്ടായി.

അഞ്ചുവർഷങ്ങൾക്കു ശേഷം ചെയർമാൻ മാവോയെ കണ്ടപ്പോൾ, അതിനുതൊട്ടു മുമ്പിലത്തെ വർഷം നടത്തപ്പെട്ട എന്നു പറയപ്പെടുന്ന സാംപിൾ സർവെ അനുസരിച്ചുള്ള സ്ഥിതിവിവരക്കണക്കുകൾ നൽകാനാകുമോ എന്ന് ഞാനദ്ദേഹത്തോട് ചോദിക്കുകയുണ്ടായി. തനിക്ക് ശരിക്കും അറിഞ്ഞുകൂടാ എന്നാണദ്ദേഹം പറഞ്ഞത്. ചിലർ 68 കോടിയെന്നും മററു ചിലർ 69 കോടി എന്നുമൊക്കെ പറയുന്നുണ്ട്. പക്ഷെ അദ്ദേഹം അതൊന്നും വിശ്വസിക്കുന്നില്ലെന്ന്. എങ്ങനെയാണ് ഇത്രയേറെ, വ്യത്യാസം ഉണ്ടാവുക!

'ഗണിറേഷൻ കൂപ്പണുകളെ മാത്രം അടിസ്ഥാനമാക്കി കൊണ്ട് ഒരു ഏകദേശ കണക്കു കൂട്ടൽ സാധ്യമാവില്ലേ?' ഞാനദ്ദേഹത്തോട് ചോദിച്ചു.

കർഷകർ ചിലപ്പോഴൊക്കെ യഥാർഥ ചിത്രം മറച്ചുവയ്ക്കുക പതിവാണെന്നായിരുന്നു മാവോയുടെ മറുപടി. വിമോചന

ത്തിനുമുൻപ് ചിയാങ്ങ് കൈഷേക്കിന്റെ പട്ടാളത്തിൽ പേർ ചേർക്കപ്പെടുന്നു് ഭയന്നു് അവർ, സ്വന്തം മക്കളുടെ, പ്രത്യേകിച്ചും ആൺമക്കളുടെ ജനനവാർത്ത ഒളിച്ചുവയ്ക്കുക പതിവായിരുന്നു. വിമോചനത്തിനു ശേഷം ആളുകളുടെ എണ്ണം പെരുപ്പിച്ചു പറയാനും ഭൂമിയുടെ അളവ് കുറച്ചു പറയാനും ആതുപോലെ തന്നെ വിളവുകൾ ചുരുക്കിപ്പറയാനും പ്രകൃതിക്ഷോഭങ്ങളെ പെരുപ്പിച്ചു് കാണിക്കാനുമുള്ള പ്രവണത പ്രത്യക്ഷപ്പെട്ടിട്ടുണ്ടു്. ഇപ്പോൾ പുതിയതായി ഒരു ജനനം നടന്നാൽ ഉടൻ തന്നെ അധികാരികളെ അറിയിക്കും. അതേ സമയം ആരെങ്കിലും മരിക്കുകയാണെങ്കിൽ മാസങ്ങളോളം ആ വിവരം അറിയിക്കപ്പെട്ടു എന്നു വരില്ല. ജനനനിരക്കിൽ കാര്യമായ കുറവുണ്ടായിട്ടുണ്ടു് എന്നതുതീർച്ചയാണു്. പക്ഷെ മരണനിരക്കിലായിരിക്കും കൂടുതൽ വലിയ കുറവുണ്ടായിട്ടുള്ളതു്. ശരാശരി ആയുസ്സ് 30 വയസ്സിൽ നിന്നു് ഏതാണ്ടു് 50 വയസ്സായി ഉയർന്നിട്ടുണ്ടു് എന്നു് പറഞ്ഞുകൊണ്ടാണു് മാവോ അവസാനിപ്പിച്ചതു്.

ചില കമ്യൂണുകൾ മരണവിവരങ്ങൾ അധികാരികളെ അറിയിക്കാതെ മരിച്ചവരുടെ തുണിറേഷൻ ഉപയോഗപ്പെടുത്താൻ ശ്രമിക്കുന്നുണ്ടെന്നും അതു പോലെ വിളവുകളുടെ യഥാർഥ അളവ് കുറച്ചുകാണിച്ച് കൂടുതൽ ധാന്യം ഉപഭോഗം ചെയ്യാൻ ശ്രമിച്ചുവരുന്നുണ്ടു് എന്നും മാവോയുടെ ഉത്തരത്തിൽ നിന്നു് വ്യക്തമാവുകയുണ്ടായി. ഇപ്പോഴത്തെയും പണ്ടത്തെയും ജനസംഖ്യാപരമായ ഗവേഷണങ്ങളിൽ മാവോ പ്രകടിപ്പിച്ച അവിശ്വാസം, പാശ്ചാത്യജനസംഖ്യാ ശാസ്ത്രജ്ഞന്മാരെ സംബന്ധിച്ചിടത്തോളം നിരാശാജനകമായിരുന്നു. അവരുടെ കണക്കുകൂട്ടലുകൾ പ്രകാരം ചൈനയുടെ ജനസംഖ്യ 80കോടിയിലെത്തിക്കഴിഞ്ഞിരുന്നു.

1965 ലെ ജനസംഖ്യ 68 കോടിയാണു് എന്ന മാവോയുടെ കണക്കും (അതിൽ കൂടുതലുണ്ടെന്നാണു് പ്രധാനമന്ത്രി ചൂവിന്റെ അഭിപ്രായം) പിന്നീടുള്ള ആറുവർഷക്കാലത്തു് ജനസംഖ്യയിൽ 2 ശതമാനം പ്രതിവർഷവർധനവുണ്ടായിട്ടുണ്ടു് എന്നകാര്യവും കണക്കിലെടുത്താൽ ഇപ്പോഴത്തെ ജനസംഖ്യ ഏതാണ്ടു് 73 കോടിയാണു് എന്നുകാണാം. ഇപ്പോൾ, 1971 ജനുവരിയിൽ, ചൈനയിലെ ജനസംഖ്യ 80 കോടിയാണു് എന്നു്

ധരിക്കാമൊ എന്ന് ഞാൻ പ്രധാനമന്ത്രി ചൂവിനോട് ചോദിക്കുകയുണ്ടായി. അല്പം സംശയിച്ച ശേഷം അദ്ദേഹം പറഞ്ഞു. ''അത്രയുമായെന്നു പറയാറായിട്ടില്ല.''

പെക്കിങ്ങിലെ ഭരണാധികാരികൾ ഇതു സംബന്ധിച്ച് വ്യക്തമായി എന്തെങ്കിലും പറയുന്നതുവരെ, 1972 ആവുമ്പോഴേക്കും തൈവാനടക്കമുള്ള ചൈനയിലെ (തായ്വാനിലെ ജനസംഖ്യ 140 ലക്ഷമാണ്) ജനസംഖ്യ 80 കോടിയാണ് എന്നനുമാനിക്കാവുന്നതാണ്. പ്രതിവർഷം 1 ശതമാനം എന്ന കണക്കിന് വർധനവുണ്ടാകുന്നതായി അനുമാനിച്ചാൽ പോലും ക്രി.പി. 2000–ാമാണ്ടാകുമ്പോഴേക്കും മൊത്തം ജനസംഖ്യ 100 കോടിയിൽ കവിയും. വർധനവ് 2 ശതമാനമാണെന്നു കണക്കാക്കിയാലാവട്ടെ മേൽപ്പറഞ്ഞതിനു പുറമെ 25 കോടി കൂടി വർധനവുണ്ടാകും.

ജനസംഖ്യയുമായി താരതമ്യപ്പെടുത്തുമ്പോൾ ധാന്യത്തിന്റെ ലഭ്യത തൃപ്തികരമാണ്. 1971 ജനുവരിയിൽ പ്രധാനമന്ത്രി ചൂ, 1970 ലെ വിളവിനെ സംബന്ധിച്ചുള്ള വിവരങ്ങൾ എനിക്ക് നൽകുകയുണ്ടായി. മൊത്തം 24 കോടി ടൺ ധാന്യം ആ വർഷത്തിൽ ഉല്പാദിപ്പിക്കപ്പെട്ടു. ഇതിനു പുറമെ ഏതാണ്ട് 4 കോടി ടൺ ദേശീയ ധാന്യ ശേഖരങ്ങളിലുമുണ്ടായിരുന്നു. 1959–62 കാലഘട്ടത്തിലെ കഠിനവർഷങ്ങളെ അപേക്ഷിച്ച് 70 മുതൽ 80 വരെ ശതമാനം അധികമായിരുന്നു ഇത്. എന്നിരുന്നാലും ചൈനീസ് ആസൂത്രകർ ജനസംഖ്യാവർധനനിരക്ക് 1 ശതമാനമോ അതിലും കുറവോ ആയിക്കാണാൻ ആഗ്രഹിക്കുന്നു. അതാണവരുടെ അടുത്ത ദശകത്തിലെ ലക്ഷ്യം. എങ്കിലേ ദേശീയ മിച്ചവും വ്യാവസായികോൽപ്പാദനവും അതിവേഗത്തിൽ വർധിപ്പിക്കാൻ പററൂ.

8

ചില പ്രത്യേക സാഹചര്യങ്ങൾ.

സാംസ്കാരിക വിപ്ലവകാലത്തെ വൻതോതിലുള്ള ജനസംഖ്യാ വർധനവിന് കാരണം റെഡ്ഗാർഡുകൾക്കിടയിൽ മൊട്ടിട്ട പ്രേമബന്ധങ്ങൾ മാത്രമായിരുന്നില്ല. അക്കാലത്ത് വൈദ്യപരിശീലനരംഗമാകെത്തന്നെ താറുമാറാവുകയുണ്ടായി. നിലവിലുണ്ടായിരുന്ന ജനന നിയന്ത്രണ സംവിധാനങ്ങൾ അപ്പാടെ താളം തെററി. യൂണിവേഴ്സിററികൾ ഏതാണ്ട് മൂന്നു വർഷക്കാലത്തേക്ക് അടച്ചിടപ്പെട്ടു, മിഡിൽ സ്കൂളുകൾ രണ്ടു വർഷക്കാലത്തേക്കും. പ്രീ മെഡിക്കൽ, മെഡിക്കൽ വിദ്യാഭ്യാസം തടസ്സപ്പെട്ടു. ആശുപത്രികളുടെ മേൽനോട്ടം വഹിച്ചിരുന്ന പാർടി നേതൃത്വം പുനസ്സംഘടിക്കപ്പെടുകയോ പിരിച്ചുവിടപ്പെടുകയോ ചെയ്തു. സായുധസേനയുടെ ആഭിമുഖ്യത്തിലുള്ള പുതിയ പൊതുജനാരോഗ്യസ്ഥാപനങ്ങളാവട്ടെ, 1968നു ശേഷം പതുക്കെപ്പതുക്കെ രൂപം കൊണ്ടുവന്നിരുന്നതേയുള്ളൂ.

വിപ്ലവത്തിന്റെ ചുവടുമാററത്തോടനുബന്ധിച്ച് പൊതുജനാരോഗ്യ സേവന രംഗത്ത് നഷ്ടപ്പെട്ടുപോയ വിദഗ്ധ മണിക്കൂറുകളുടെ മൂല്യം കണക്കിലെടുക്കാതെയുള്ള ഔദ്യോഗിക കണക്കു കൂട്ടലുകൾ — അവയിൽ മിക്കവയും അത്തരത്തിലുള്ളവയാണ് — നമ്മെ 'വഴി തെററിക്കാൻ' സാധ്യതയുണ്ട്. വൈദ്യരംഗത്തു പ്രവർത്തിക്കുന്ന നിരവധി ധിരവധി ആളുകൾ ''കർഷകരിൽ നിന്ന് പാഠങ്ങൾ പഠിക്കുന്നതി''ന്നായി മററു തൊഴിലുകളിലേക്ക് നിയോഗിക്കപ്പെട്ടു. ഇത്തരം തൊഴിലുകൾക്കു നിയോഗിക്കപ്പെടാൻ അർഹരായ മററനേകം പേർ ഉണ്ടായിരിക്കെ വൈദ്യരംഗത്ത് പ്രവർത്തിക്കുന്നവരെ നിയോഗിച്ചതു മൂലം, അക്യൂപ്പങ്ചർ, മററുപരമ്പരാഗത

ചികിത്സാ സമ്പ്രദായങ്ങൾ എന്നിവയെ എത്ര കൂടുതൽ ആശ്രയിക്കേണ്ടിവന്നിട്ടുണ്ട് എന്ന് ചോദിക്കാതിരിക്കുന്നതായിരിക്കും ഭംഗി. ഇത്തരം ചോദ്യങ്ങൾക്ക് മിക്കപ്പോഴും തൃപ്തികരമായ ഉത്തരങ്ങൾ ലഭിച്ചെന്നുവരില്ല. ഒരു വിദേശിയെ സംബന്ധിച്ചിടത്തോളം, പുതിയ സമീപനത്തിന്റെ ലാഭനഷ്ടങ്ങളുടെ ബാലൻസ്ഷീററ് തയ്യാറാക്കുക അത്ര എളുപ്പവുമല്ല.

എന്നാൽ സംസ്കാരിക വിപ്ലവകാലത്ത് ഉയർന്ന തലത്തിലുള്ള ശാസ്ത്രീയ പ്രവർത്തനങ്ങൾക്ക് വലിയകോട്ടം സംഭവിക്കുകയുണ്ടായില്ല. മാത്രമല്ല, പലരംഗങ്ങളിലും ഇക്കാലത്ത് ഗണ്യമായ നേട്ടങ്ങൾ ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. 1965 സപ്തമ്പറിൽ കൃത്രിമ ഇൻസുലിന്റെ രൂപത്തിലുള്ള ജൈവപ്രോട്ടീൻ ഉണ്ടാക്കുന്നതിൽ ചൈനീസ് ബയോ കെമിസ്റ്റുകൾ വിജയം കൈവരിക്കുകയുണ്ടായി. ലോകത്തിൽ ആദ്യമായി ഇതു സാധിച്ചതും അവർക്കാണ്. കേടുപാടുപററിയ അവയവങ്ങളുടെ ചികിത്സ പുരോഗതിപ്രാപിച്ചുവന്നു. 1970 ആയപ്പോഴേക്കും ഈ രംഗത്ത് ചൈന മറെറല്ലാരാഷ്ട്രങ്ങളേയും കവച്ചുവച്ചിരുന്നു. കേടുപാടു സംഭവിച്ച വിരലുകൾ, മുട്ടുകൾ കൈപ്പത്തികൾ, കാല്പത്തികൾ, ഭുജങ്ങൾ എന്നിവയെല്ലാം തിരിച്ചുവരുന്ന രീതികൾ വിപുലമായി പഠിപ്പിക്കപ്പെടുന്നുണ്ട്. ഇപ്പോൾ താരതമ്യേന ചെറിയ ഗ്രാമീണ ആശുപത്രികളിൽ പോലും ഇത്തരം ശസ്ത്രക്രിയകൾ നടത്താമെന്നായിട്ടുണ്ട്.

1964ൽ ഷാങ്ഹായിലെ സാമാന്യം വലിയൊരു മുൻസിപ്പൽ ആശുപത്രി സന്ദർശിച്ചപ്പോൾ എനിക്ക് ഒരനുഭവമുണ്ടായി. ഞാൻ പിടിച്ചു കുലുക്കിയ ഒരു കൈ തികച്ചും അസാധാരണമായ ഒന്നായിരുന്നു. ഒരു തൊഴിൽശാലയിൽ വെച്ച് ആ തൊഴിലാളിയുടെ കൈ ഒരപകടത്തിൽപ്പെട്ട് പൂർണമായി മുറിഞ്ഞു് വേർപെട്ടു. മുറിഞ്ഞ കൈ പെറുക്കിയെടുത്തു് വളരെ സുഗമമായി മണിബന്ധത്തിൽ വച്ച് ചേർത്തുറപ്പിക്കുകയാണുണ്ടായതു്. അതിനിടക്ക് 2 മണിക്കൂർ കഴിഞ്ഞുപോയിരുന്നു. ഇപ്പോൾ അയാൾക്ക് മിക്കവാറും പഴയപോലെതന്നെ തന്റെ കൈ ഉപയോഗിക്കാൻ കഴിയുമെന്നായിരിക്കുന്നു. ഇത്തവണ, 1970ൽ ക്വാങ്ങ് തുങ്ങ് സംസ്ഥാനത്തിലെ ഒരു കമ്യൂൺ ആശുപത്രിയിൽ വെച്ച് ഞാൻ ഒരു രോഗിയെ കാണുകയുണ്ടായി.

അയാൾ തന്റെ അററുപോയ വിരലുകൾ ഓപ്പറേഷൻ വഴി തിരിച്ചു വച്ച ശേഷം ഇപ്പോൾ കൈ ഏതാണ്ട് പഴയതുപോലെ ഉപയോഗിച്ചു തുടങ്ങിയിരിക്കുന്നു.

കഠിനമായ പൊള്ളലുകളുടെ ചികിത്സാരംഗത്തും ചൈനക്കാർ പാശ്ചാത്യരെ വെല്ലുന്ന നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട് എന്നാണ് പറയപ്പെടുന്നത്. ശരീരത്തിന്റെ 60 ശതമാനത്തോളം ഭാഗത്ത് ഗുരുതരമായ പൊള്ളലുകൾ ബാധിച്ച രോഗികൾ പോലും സുഖം പ്രാപിച്ചതിന് ധാരാളം ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കപ്പെടുകയുണ്ടായി. ഇത്തരത്തിലൊരു രോഗിയെ ഞാൻ നേരിട്ടു കാണുകയുണ്ടായി. ഭയാനകമായ ഈ സംഭവത്തിന്റെ വിശദാംശങ്ങൾ വിവരിക്കുന്ന ഒരു റിപ്പോർട്ട് ഡോ. ജോഷ്വാഹോൺ [1] എന്ന ആംഗ്ലോ മുറിവ് ചികിത്സാവിദഗ്ധൻ തയ്യാറാക്കിയിട്ടുണ്ട് ഡോ. ഹോൺ ഏതാണ്ട് പത്തുവർഷത്തോളം ചൈനയിൽ പഠിപ്പിക്കുകയും വൈദ്യപരിശീലനം നടത്തുകയും ചെയ്തശേഷം 1969ലാണ് ഇംഗ്ലണ്ടിലേക്ക് തിരിച്ചുപോയത്.

ഇതു പറയുമ്പോൾ ചൈനീസ് വ്യവസായശാലകളിൽ അപകടങ്ങൾ പൊതുവെ കൂടുതലാണോ എന്നൊരു സംശയം സ്വാഭാവികമായും ഉയരും. പല പ്രദേശങ്ങളിലുമുള്ള ഫാക്ടറികളിൽ നിന്ന് എനിക്കു ലഭിച്ച സ്ഥിതി വിവരക്കണക്കുകൾ അനുസരിച്ച് അപകടങ്ങൾ അത്ര കൂടുതലൊന്നുമല്ല. പക്ഷെ മററു പല കാര്യങ്ങളിലുമെന്നപോലെ ഇക്കാര്യത്തിലും 1960നു ശേഷം ദേശീയ സ്ഥിതിവിവരക്കണക്കുകളൊന്നും പ്രസിദ്ധീകരിക്കപ്പെട്ടിട്ടില്ല. സ്വതന്ത്രവിമർശനം പ്രോത്സാഹിപ്പിക്കപ്പെട്ടിരുന്ന ഹ്രസ്വമായ "നൂറു പുഷ്പ" [2] കാലഘട്ടത്തിൽ (1957) ഫാക്ടറികളിൽ ആവശ്യമായ മുൻകരുതൽ നടപടികളുടെ അഭാവത്തെ സംബന്ധിച്ച് ധാരാളം വിമർശനങ്ങൾ ഉയർന്നു വന്നിരുന്നു. ഞാൻ സന്ദർശിച്ച പല ഫാക്ടറികളിലെയും മുൻകരുതൽ നടപടികൾ മെച്ചപ്പെടുത്തുകയും പരിഷ്കരിക്കുകയും ചെയ്തിരുന്നു. ഹയർ പ്രൈമറി സ്കൂൾതലം മുതല്ക്കുതന്നെ തൊഴിൽശാലാ പ്രവർത്തനവും ക്ലാസ്റൂം പഠനവും സമന്വയിക്കപ്പെടുന്നതുകൊണ്ട്, എല്ലാവർക്കും യന്ത്രങ്ങളെ സൂക്ഷിക്കാനും ബഹുമാനി

1 Away with All Pests, ലണ്ടൻ, 1969; ന്യൂയോർക്ക്, 1970

2 റോഡെറിക് മാക് ഫാർക്കർ, The Hundred Flowers, ലണ്ടൻ, ന്യൂയോർക്ക്, 1960.

ക്കാനും അവയുപയോഗിച്ച് ജോലിചെയ്യാനും കഴിയുന്ന എന്നൊരു മെച്ചമുണ്ടായിരുന്നു.

ഡോക്ടർ ലിന്നുമൊത്ത് പെക്കിങ്ങിലായിരിക്കവെ ഞങ്ങൾ സന്ദർശിച്ച് ഒരാശുപത്രിയിലെ ഒരു വാർഡ് മുഴുക്കെ ഒരു പ്രത്യേകതരം ക്യാൻസറിന് വിധേയരായ സ്ത്രീകളായിരുന്നു. കോറിയോ കാർസിനോമ—ഗർഭാശയ ക്യാൻസർ— ആയിരുന്നു, ഇവരെയെല്ലാം ബാധിച്ചിരുന്ന രോഗം. അപകടകാരികളായ ക്യാൻസർ സെല്ലുകൾ ടോഫോ ബ്ലാസ്റ്റുകളെ ബാധിക്കുകയും അതിവേഗത്തിൽ കരൾ വീക്കമുണ്ടാക്കുകയും ചെയ്യുന്നു. ''നേരത്തെ, ഈ രോഗം ഓപ്പറേറ്റുചെയ്ത് ഭേദമാക്കാൻ കഴിയുന്നതല്ല എന്നാണ് കരുതപ്പെട്ടിരുന്നത്'' ഡോക്ടർ ലിൻ ഞങ്ങളോട് പറഞ്ഞു. ''''നിങ്ങൾ ഗർഭാശയ ക്യാൻസർ ചികിൽസിച്ചുമാററി എന്നു പറയുകയാണെങ്കിൽ, അതിന്നർഥം നിങ്ങളുടെ രോഗിക്ക് ഗർഭാശയക്യാൻസറായിരുന്നില്ല എന്നതാണ്'' ഇങ്ങനെയാണ് ഡോക്ടർമാർ പറഞ്ഞുകൊണ്ടിരുന്നത്. ''ഇപ്പോൾ രാസചികിൽസകൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു തരം ചികിൽസാരീതിയാണ് ഞങ്ങൾ സ്വീകരിച്ചുവരുന്നത്. ക്യാൻസർ, അവയവവീക്കങ്ങൾ സൃഷ്ടിക്കുകയും നെഞ്ചുവരെ പടരുകയും ചെയ്തിരുന്ന രോഗികളുടെ കാര്യത്തിൽ പോലും 61 ശതമാനം കേസുകളിലും ഞങ്ങൾ വിജയം കൈവരിക്കുന്നുണ്ട്. ഇതിൽ 40 ശതമാനം കേസുകളിലും ഗർഭാശയം രക്ഷിക്കപ്പെടുന്നു.

കൂട്ടത്തിൽ ഡോക്ടർ ലിൻ അവരുടെ ഒരു സഹപ്രവർത്തകയെ ഞങ്ങൾക്ക് പരിചയപ്പെടുത്തിത്തരികയുണ്ടായി. തായ് യുഹുവാ എന്നാണവരുടെ പേര്. അവർക്ക് ഗർഭാശയ ക്യാൻസറുണ്ടായിരുന്നു. രാസചികിത്സാവിധികളുപയോഗിച്ചാണ് അതു് ഭേദമാക്കപ്പെട്ടത്. അവരുടെ രോഗം ഭേദമായതിനുള്ള ഒരു പ്രധാന കാരണം അവർക്ക് ചെയർമാൻ മാവോയിലുള്ള അകമഴിഞ്ഞ വിശ്വാസമായിരുന്നു എന്ന് ഡോ. ലിൻ ഞങ്ങളോട് പറഞ്ഞപ്പോൾ ഡോക്ടർ തായിയുടെ കണ്ണുകൾ നിറയുന്നുണ്ടായിരുന്നു. ഡോക്ടർ തായിയുടെ കഞ്ഞിന് ''ദുഷ്ഘടന'' എന്നാണ് പേരിട്ടിരിക്കുന്നത്. നല്ല ആരോഗ്യം എന്നാണോ ഇതുകൊണ്ടുദ്ദേശിക്കുന്നത്? അല്ല. ഒമ്പതാം പാർട്ടി കോൺഗ്രസ് സ്വീകരിച്ച പുതിയ 'ഭരണ ഘടന'യെ

അനുസ്മരിച്ചു കൊണ്ടാണ് അവർ തന്റെ കുഞ്ഞിന് ആ പേരിട്ടത്! പിന്നീട് ഷെൻഷിയിൽ വച്ച് ഞാൻ കാണാനിടയായ ഒരു കർഷക സ്ത്രീ അവരുടെ രണ്ട് കുഞ്ഞുങ്ങൾക്ക്, യഥാക്രമം 'സാമ്രാജ്യത്വ വിരോധി' എന്നും 'റിവിഷനിസ്റ്റ് വിരോധി' എന്നുമാണ് പേരിട്ടിരിക്കുന്നത് എന്നു കേട്ടപ്പോൾ എനിക്ക് അത്രയൊന്നും ആശ്ചര്യം തോന്നിയില്ല. കൂടുതൽ വിശദീകരിക്കാൻ പറയുന്നതേ. അതാണ് ചൈന! അതാണ് സംസ്കാരിക വിപ്ലവം!

ഗ്രാമപ്രദേശങ്ങളിലെ പൊതുജനാരോഗ്യ പ്രവർത്തനങ്ങളിൽ പങ്കെടുക്കാൻ സ്വയം സന്നദ്ധത പ്രകടിപ്പിച്ച ഡോ. ലിൻ ആറുമാസം യാങ്ട്സി പുഴയ്ക്ക് തെക്കുള്ള ഹുനാൻ പ്രവശ്യയിലെ ഒരു കമ്യൂണിൽ സേവനമനുഷ്ഠിച്ച ശേഷം ആയിടെ മടങ്ങിയെത്തിയിട്ടേ ഉള്ളു. അവിടെ അവർ മിഡ്വൈഫുമാരുടെയും നഗ്നപാദഡോക്ടർമാരുടെയും (കൃഷിക്കളങ്ങളിൽ മററ് കർഷകരോടൊപ്പം തന്നെപ്രവർത്തിച്ചിരുന്നതുകൊണ്ടാണ് അവർക്കീ പേര് നൽകപ്പെട്ടത്.) പരിശീലനത്തിൽ സഹായിച്ചു. നഗരപ്രദേശങ്ങളിലെഡോക്ടർമാരിൽ നല്ലൊരു ശതമാനം ഇത്തരത്തിൽ ഉൾപ്രദേശങ്ങളിലുള്ള കമ്യൂണുകളിലേക്ക് പോവുകയും യുവാക്കളായ നഗ്നപാദഡോക്ടർമാരെപരിശീലിപ്പിക്കുന്നതിൽ ഏർപ്പെടുകയുംചെയ്തിരുന്നു. ഇവർക്ക് പരിശീലനം സിദ്ധിച്ച നഴ്സ്മാർക്ക് ലഭിക്കുന്ന ഏതാണ്ട് അതേ പരിശീലനമാണ് നല്കിവന്നിരുന്നത്. ഇക്കൂട്ടരുടെ പരിശീലനച്ചെലവുകൾ—ചിലരെ കൗണ്ടി ആശുപത്രികളിലേക്കും നഗരങ്ങളിലെ ആശുപത്രികളിലേക്കും അയക്കും—അവരവരുടെ ബ്രിഗേഡുകളോ സംഘങ്ങളോ ആണ് വഹിച്ചിരുന്നത്. അവർ അതാത് കമ്യൂണുകളിൽ അംഗങ്ങളായി തുടരുകയും ചെയ്തു.

ഡോക്ടർ ലിൻ ഇങ്ങനെ പറഞ്ഞു: ''കർഷകർ ആശുപത്രികളെക്കാൾ ഇഷ്ടപ്പെടുന്നത് തങ്ങളുടെ ജോലിസ്ഥലത്ത് വന്നെത്തുന്ന നഗ്നപാദഡോക്ടർമാരെയാണ്. ഞങ്ങൾക്ക് രണ്ടും ആവശ്യമാണ്. പക്ഷെ ചെറിയ തോതിലുള്ള അസുഖങ്ങൾക്കും, അപകടങ്ങൾക്കും ചികിത്സിക്കാൻ നഗ്നപാദർ മതി. ഗർഭ നിരോധ ഗുളികകളുടേയും കുടുംബാസൂത്രണ രീതികളുടേയും പ്രധാന പ്രചാരകരും ഇവർ തന്നെ.''

9

ആദ്യം ഗ്രാമപ്രദേശങ്ങളിൽ ഊന്നുക.

രംഗം മാറുന്നു. നാമിപ്പോൾ പെക്കിങ്ങിലെ മറെറാരാശുപത്രിയിലാണ്. 800 കിടക്കകളും 13 വ്യത്യസ്ത വിഭാഗങ്ങളും പാശ്ചാത്യ പരിശീലനം സിദ്ധിച്ച 251 ഡോക്ടർമാരും 9 പാരമ്പര്യ ചികിൽസകരും 254 നഴ്സുമാരും 11 വാർഡുകളുമുള്ള ഒരാശുപത്രി. പ്രതിദിനം 2500 മുതൽ 3000വരെ രോഗികൾ അവിടെ ചികിൽസയ്ക്കെത്തുന്നു. ഈ ആശുപത്രി നിർമിച്ചതും തുടക്കത്തിൽ അതിൻെറ ചുമതല വഹിച്ചിരുന്നതും റഷ്യാക്കാരാണ്. 'ചൈന–സോവിയററ് സൗഹാർദ ആശുപത്രി' എന്നായിരുന്നു അന്നതിൻെറ പേർ. സാംസ്കാരിക വിപ്ലവകാലത്ത് അതിൻെറ പേർ *ഹാൻ–സി–യു–ഇ–വാൻ* അഥവാ ''റിവിഷനിസ്റ്റ് വിരുദ്ധ ആശുപത്രി'' എന്നാക്കി മാററപ്പെട്ടു. ഇന്നാകട്ടെ, അതു് *യോ–യി* അഥവാ വെറും ''സൗഹാർദ ആശുപത്രി'' എന്ന പേരിൽ അറിയപ്പെടുന്നു.

നമുക്കവിടത്തെ വാർഡുകൾ മുഴുവൻ ചുററിക്കാണാം. പക്ഷെ, അതിനുമുൻപ്, നമുക്കീ നീണ്ട മേശയ്ക്കു ചുററും അൽപനേരം ഇരിക്കാം. മേശയ്ക്കു ചുററുമിരിക്കുന്നവരെയൊന്നു പരിചയപ്പെടട്ടെ. ആദ്യമായി വാങ്ങ് കുവാങ്ങ് ചു. അദ്ദേഹം പെക്കിങ്ങിലെ പൊതുജനാരോഗ്യ ബ്യൂറോയുടെ ചുമതല വഹിക്കുന്ന വിപ്ലവക്കമ്മിററിയുടെ പ്രതിനിധിയാണ്. പിന്നെയുള്ളതു് 'തികച്ചും ഉത്തരവാദപ്പെട്ട' രണ്ടാളുകളാണ്. (ഉത്തരവാദപ്പെട്ടവർ എന്നതുകൊണ്ട് അർഥമാക്കുന്നതു് കമ്മററി മേധാവികൾ എന്നത്രെ). അവർ ആശുപത്രിയിലെ ജനകീയ വിമോചനസേനാ പ്രചരണക്കമ്മററിയിൽപ്പെട്ടവരാണ്. അടുത്തതായി

എന്റെ ഒരു സുഹൃത്തും ബാലചികിത്സാ വിദഗ്ധനുമായ ചെങ്ങ് വൈ ഷെൻ ആണ്. അദ്ദേഹം ഈ ആശുപത്രിയുടെ ഡെപ്യൂട്ടി ഡയറക്ടരായിരുന്നു. ഇപ്പോൾ വളരെ അകലെയുള്ള ദരിദ്രരും ഇടത്തരക്കാരുമായ കർഷകരുടെ ബ്രിഗേഡിലെ തൊഴിലാളിയാണ് (അവിടെ നിന്ന് ഹ്രസ്വമായ അവധിയിൽ ഇവിടെ എത്തിയതാണ്). ഇവർക്കു പുറമെ, അഞ്ച് സ്ത്രീകളടക്കം പത്ത് മെഡിക്കൽ പ്രവർത്തകരും വിപ്ലവക്കമ്മിററി അംഗങ്ങളുമുണ്ട്.

സാംസ്കാരിക വിപ്ലവം വരുത്തിത്തീർത്ത മാററങ്ങളെക്കുറിച്ച് ഇവർക്ക് പറയാനുള്ളത് കേൾക്കുന്നതിനു മുൻപ്, ഇരുപതു വർഷങ്ങൾക്കു മുൻപ് ചൈനീസ് ജനതക്ക് പൈതൃകമായി ലഭിച്ച ആരോഗ്യപ്രശ്നങ്ങളുടെ വ്യാപ്തിയെ കുറിച്ച് അല്പം ചിലത് മനസ്സിലാക്കുന്നത് നന്നായിരിക്കും. ഇവിടെയും അമേരിക്കൻ പൊതുജനാരോഗ്യ വകുപ്പിലെ ഡോ:വില്യം വൈ. ചെന്നിന്റെ റിപ്പോർട്ടിനെയാണ് ഞാൻ ആധാരമാക്കുന്നത്. അമേരിക്കൻ ഡോക്ടർമാരുടെ ഒരുസിമ്പോസിയത്തിൽ ഡോക്ടർ ചെൻ അവതരിപ്പിച്ച ഒരു റിപ്പോർട്ടിൽ ഇങ്ങനെ പറയുന്നു:

''കമ്യൂണിസ്ററുകാർ അധികാരമേറെറടുക്കുന്നതിനു മുൻപുള്ള കാലഘട്ടത്തിൽ ചൈനയിലെ പൊതുജനാരോഗ്യ സംഘടനകൾ തികച്ചും ശൈശവാസ്ഥയിലായിരുന്നു.'' അവയുടെ നിലവാരമാകട്ടെ ആധുനിക മാനദണ്ഡങ്ങൾ വച്ച് നോക്കുമ്പോൾ വളരെ പരിതാപകരവുമായിരുന്നു. ദാരിദ്ര്യവും രോഗവും എങ്ങും നടമാടി. പ്രതിവർഷം 40 ലക്ഷം പേർ പകർച്ച വ്യാധികൾ ബാധിച്ച് മരിച്ചു കൊണ്ടിരുന്നു. 600 ലക്ഷം പേർക്ക് ദിവസംതോറും ചികിത്സാ സൗകര്യങ്ങൾ നൽകേണ്ടിയിരുന്നു.'' ചൈനയ്ക്കാവശ്യമായ 'ഏററവും ചുരുങ്ങിയ' പൊതുജനാരോഗ്യസൗകര്യങ്ങളെക്കുറിച്ച് ഡോക്ടർ ചെൻ പറയുന്നതു കേൾക്കുമ്പോൾ പ്രശ്നത്തിന്റെ യഥാർഥ രൂപം നമുക്കു മനസ്സിലാവും. 1500 പേർക്ക് ഒരു ഡോക്ടർ വീതമെങ്കിലും ഉണ്ടായിരിക്കണമെന്നും 1000 പേർക്ക് 5 എന്ന തോതിലെങ്കിലും ആശുപത്രിക്കിടക്കകൾ ലഭ്യമാക്കണമെന്നുമാണ് അദ്ദേഹം കണക്കാക്കിയിരുന്നത്.

''ശാസ്ത്രീയ പരിശീലനം സിദ്ധിച്ച ഡോക്ടർമാരുടെ മൊത്തം എണ്ണം (1949) ൽ ഏതാണ്ട് 12000 ആണ്. മൊത്തമുള്ള 500 ആശുപത്രികളിൽ പ്രവർത്തിക്കുന്നതിന് പ്രതിവർഷം 500 മെഡിക്കൽ ബിരുദധാരികളാണ് പരിശീലിക്കപ്പെടുന്നത്.'' അക്കാലത്ത് ചൈനയിൽ മൊത്തമുണ്ടായിരുന്ന ആശുപത്രിക്കിടക്കകളുടെ എണ്ണം ഏതാണ്ട് 71000 മാത്രമായിരുന്നു.

''ഗ്രാമപ്രദേശങ്ങളിൽ ജീവിക്കുന്നവരിൽ 84 ശതമാനത്തിനും സ്വകാര്യവൈദ്യ ശുശ്രൂഷാ സൗകര്യങ്ങളെ ആശ്രയിക്കാനുള്ള സാമ്പത്തിക കഴിവുണ്ടായിരുന്നില്ല. ഈ ദുരന്തത്തിനുള്ള ഒരേ ഒരു പരിഹാരം സ്റ്റേറ്റുടമയിലുള്ള (സാമൂഹ്യവൽകൃത) ചികിത്സാരീതിയാണെന്നാണ് കരുതപ്പെട്ടിരുന്നത്.'' 1937 മുതൽക്കുതന്നെ പ്രമുഖ ചൈനീസ് ഡോക്ടർമാരെല്ലാം വച്ചു പുലർത്തിയിരുന്ന അഭിപ്രായമാണിത്. ഗ്രാമീണ പൊതുജനാരോഗ്യ കേന്ദ്രങ്ങൾ എന്ന ആശയം ആവിഷ്കരിച്ചതും അതിനു രൂപം കൊടുത്തതും അത്തരം കേന്ദ്രങ്ങൾ നടത്തിവന്നതും അമേരിക്കയിൽ പരിശീലനം നേടിയ ഡോക്ടർമാരാണ്. ഇവരിൽ പലരും ഇപ്പോഴും ചൈനയിൽ തന്നെ കഴിയുന്നു. യഥാർഥത്തിൽ ചൈനയിലെ ആരോഗ്യ—വൈദ്യശാസ്ത്രമേഖലയുടെ നട്ടെല്ലുതന്നെ ഇക്കൂട്ടരാണ്.

ആദ്യത്തെ പത്തു വർഷത്തിനകം ആശുപത്രിക്കിടക്കകളുടെ എണ്ണവും പാശ്ചാത്യ മാനദണ്ഡമനുസരിച്ച പരിശീലനം സിദ്ധിച്ച ഡോക്ടർമാരുടെ എണ്ണവും നാലോ അഞ്ചോ മടങ്ങ് വർധിക്കുകയുണ്ടായി. ഡോ. ചെൻ സൂചിപ്പിച്ചിരുന്ന 'ഏററവും കുറഞ്ഞ' ആവശ്യങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ, ഇതു വളരെ കുറവായിരുന്നു. പക്ഷെ, ശുചീകരണ പ്രവർത്തനങ്ങൾ, ആരോഗ്യ വിദ്യാഭ്യാസം, പ്രതിരോധപ്രവർത്തനങ്ങൾ എന്നിവയുടെ മേഖലയിൽ വമ്പിച്ച പുരോഗതി പ്രകടമായിക്കൊണ്ടിരിക്കുന്നതായി അദ്ദേഹം റിപ്പോർട്ടു ചെയ്യുകയുണ്ടായി. അദ്ദേഹം ഇങ്ങനെ തുടർന്നു: ''ടൈഫോയിഡ്, ക്ഷാമപ്പനി തുടങ്ങിയ ''മുഖ്യ'' പകർച്ചവ്യാധികൾ നിയന്ത്രണാധീനമായി തുടങ്ങിയിരിക്കുന്നു. പ്രധാനപ്പെട്ട പരാദക രോഗങ്ങളെ നിയന്ത്രിക്കുന്നതിലും വമ്പിച്ച പുരോഗതി

കടമായിട്ടുണ്ട്. മലമ്പനി ബാധിച്ച ലക്ഷക്കണക്കിനു രോഗികൾ ചികിത്സിക്കപ്പെട്ടു. മലമ്പനിബാധയുടെ നിരക്ക് ഏതാണ്ട് മൂന്നു ശതമാനത്തിൽ താഴെയിരിക്കുന്നു. കൊക്കപ്പുഴു ബാധയ്ക്കിരയായ 360 ലക്ഷം പേർ ചികിത്സിക്കപ്പെട്ടിട്ടുണ്ട്.[1]

വിപ്ലവം നടന്ന് കേവലം 7 വർഷത്തിനുശേഷം ചൈന സന്ദർശിച്ച ഒരു സംഘം ബ്രിട്ടീഷ് ഡോക്ടർമാർ വെളിപ്പെടുത്തിയ ചില വിവരങ്ങൾ അടങ്ങിയ ഒരു റിപ്പോർട്ട് പഴയ ''ചൈനാ വിദഗ്ധ''ന്മാരെ അമ്പരപ്പിക്കുകയുണ്ടായി. ഫലപ്രദമായ ഈച്ച നിയന്ത്രണം, ചപ്പു ചവറുകളില്ലാത്ത തെരുവുകൾ, വീട്ടുപരിസരങ്ങളുടെ ശുചിത്വത്തിലുള്ള അതിനിഷ്ക്കർഷ എന്നിവയെക്കുറിച്ചാണ് ആ റിപ്പോർട്ടിൽ പ്രധാനമായും പറഞ്ഞിരുന്നത്. ഗ്രാമീണ ആരോഗ്യക്കമ്മററികളുടെ പ്രവർത്തനം, തെരുവു ശുചീകരണ പ്രവർത്തനങ്ങൾ എന്നിവ 'വയറിനെയും കടലിനെയും ബാധിക്കുന്ന പകർച്ച വ്യാധികളുടെ നിയന്ത്രണത്തിൽ വമ്പിച്ച സ്വാധീനം ചെലുത്തിയിട്ടുണ്ട്'' എന്നാണ് ലിവർപൂൾ സ്കൂൾ ഓഫ് ട്രോപ്പിക്കൽ മെഡിസിൻെറ ഡീനായ പ്രൊഫ. ബ്രയാൻ മെയ്ഗ്രെയ്ത്ത് അഭിപ്രായപ്പെട്ടത്. അദ്ദേഹത്തിൻെറ ലേഖനത്തിലെ താഴെപ്പറയുന്ന ഭാഗം ചൈനയിലെ ഗ്രാമപ്രദേശങ്ങളുടെ ശോചീയാവസ്ഥയെക്കുറിച്ച് എന്തെങ്കിലുമറിയുന്നവരെ ആശ്ചര്യഭരിതരാക്കും.

> ''എല്ലാക്കാലവും നീണ്ടുനില്ക്കുന്ന മറെറാരു പ്രതിരോധ രീതിയാണ് ഷിസ്റേറാസോമിയാസിസ് രോഗം പരത്തുന്ന ഷിസ്റേറാസോം ഈച്ചകളുടെ കാര്യത്തിൽ ഉപയോഗിക്കപ്പെടുന്നത്. ഈ രംഗത്തു നടക്കുന്ന പ്രവർത്തനങ്ങൾ, ഇത്തരം പ്രവർത്തനങ്ങൾക്ക് പൊതുജനങ്ങളിൽ നിന്നു ലഭിക്കുന്ന സഹകരണത്തിനു ഒരു ഉത്തമോദാഹരണമാണ്. കൃത്രിമ വളങ്ങൾ വൻതോതിൽ നിർമിക്കാറാകുന്നതുവരെ, ഏററവും ലാഭകരമായി ഉപയോഗിക്കാവുന്നതും വിലപ്പെട്ടതുമായ വളമാണ് മനുഷ്യൻെറ മലം. അതിലാണ് ഷിസ്റേറാസോം മുട്ടകൾ വളരുന്നത്. മലത്തെ ജലസമ്പർക്കമില്ലാതെ പാത്രങ്ങളിൽ സൂക്ഷിക്കാൻ

---

1 ഡാക്ടർ. വില്യം വൈ ചെൻ •നേരത്തെ ഉദ്ധരിച്ചിട്ടുണ്ട്

കഴിഞ്ഞാൽ അപകടകാരികളായ ഷിസ്റോസോം മുട്ടകൾ അധികകാലം ജീവിക്കുകയില്ല. ഫലപ്രദമായ പ്രചാരണത്തിന്റെ ഫലമായി മലത്തിന്റെ മേൽപ്പറഞ്ഞ രീതിയിലുള്ള ശേഖരണം ഒരു സാമ്പത്തിക–സാമൂഹ്യ യാഥാർഥ്യമായി അംഗീകരിക്കപ്പെട്ടിരിക്കുന്നു. ഓരോ കുടുംബവും ഈ ആവശ്യത്തിനായി ചായം തേച്ച പ്രത്യേകം കുള്ളസ് പാത്രങ്ങൾ സൂക്ഷിക്കുന്നു. പ്രഭാതമാകുമ്പോൾ ഓരോ കുടുംബവും അവരവരുടെ പാത്രങ്ങളിലെ മലം പൊതുവായി സൂക്ഷിച്ചിട്ടുള്ള വലിയ മൺ പാത്രങ്ങളിലേക്ക് ഒഴിക്കുന്നു. ഈ പാത്രങ്ങൾ നിറഞ്ഞു കഴിയുമ്പോൾ അവ ഭൂമിയായി അടച്ച് കുറേക്കാലം സൂക്ഷിക്കുന്നു. ഈ സമയത്തിനുള്ളിൽ പാത്രത്തിനുള്ളിൽ അമോണിയാ വാതകമുണ്ടാവുകയും അതിനകത്ത് വളർന്നിട്ടുള്ള ഷിസ്റോസോം മുട്ടകൾ നശിക്കുകയും ചെയ്യുന്നു. അതോടെ മലം കൃഷി സ്ഥലങ്ങളിൽ ഉപയോഗിക്കാൻ പാകത്തിലായിക്കഴിഞ്ഞു. മലശേഖരണം ഫലപ്രദമാക്കി തീർക്കുന്നതിനു വേണ്ടി ഓരോ കുടുംബത്തിനും വ്യക്തികളുടെ എണ്ണം, പ്രായം എന്നിവ കണക്കിലെടുത്ത് പ്രതിഫലം നല്കി വരുന്നുണ്ട്. മത്സ്യത്തൊഴിലാളികളുടെ മലവിസർജനം മൂലം ജലം ദൂഷിതമാകുന്നതു തടയാനും ഇതേ രീതി ഉപയോഗിച്ചു വരുന്നു. ഇപ്പോൾ ഓരോ വള്ളത്തിലും കുള്ളസ് പാത്രങ്ങളുണ്ട്. അതു് ഒരു വരുമാന മാർഗമായി കണക്കാക്കപ്പെട്ടുവരുന്നു.[2]

ഈ കാര്യങ്ങൾ പഴയ ''ചൈനാവിദഗ്ധന്മാ''രെ മാത്രമല്ല അമ്പരപ്പിച്ചതു്. 1960ൽ ഞാൻ ഡോക്ടർ ലിന്നിനോട് വിപ്ലവത്തെക്കുറിച്ചുള്ള അവരുടെ അഭിപ്രായമാരായുകയുണ്ടായി. ഡോക്ടർ ലിൻ ഒരു 'സത്യക്രിസ്ത്യാനി'യാണ്. അവർ പറഞ്ഞു ''ഈച്ചകൾ! ഇവർക്ക് ഈ ഈച്ചകളെ നിർമാജനം ചെയ്യാനാകുമെന്ന് ഞാനൊരിക്കലും കരുതിയിരുന്നില്ല!''

1970 ആയപ്പോഴേക്ക് കുഷ്ഠം, ഷിസ്റോസോമയാസിസ്എന്നിവയടക്കം എല്ലാ മഹാവ്യാധികളും പകർച്ച വ്യാധികളും പൂർണമായും നിർമാർജനം ചെയ്യപ്പെടുകയോ ഗണ്യമായ വി

2 New scientist, ലണ്ടൻ, 31 ഡിസംബർ 1957.